മലയാളരാജ്യം
ആഴ്ചപ്പതിപ്പ്



# THE MALAYALA RAJYAM ILLUSTRATED WEEKLY

Vol. XXIII · No. 146. 4th December 1950.

# ★ പേനയും പടവാളും ★

മാവേലിക്കര അച്യുതൻ

പേനയും കടലാസുമേന്തിയപ്പൂങ്കാവനം
പൂകി ഞാൻ ഗാനാമൃതമൊഴുക്കാനൊരുങ്ങവേ,
കുയിലിൻ ഗാനം കുളിർ കോരിയിട്ടെന്നന്തരാത്മാവിൽ
കരളിൽ കളകളമിളക്കി കുഞ്ഞോളങ്ങൾ.
മധുമാസത്തിൻ മഞ്ജുമാദകസൗന്ദര്യത്തിൽ
മധുരോദാരം ലയിച്ചെന്നകമലർ മന്ദം
ഗാനനാളങ്ങൾ വാർന്നു മാമകഗളത്തിലൂ—
ടാനന്ദമാധ്വീധാരപെയ്യാൻ ഞാൻ മറന്നെന്നേ.

* * *

ഉടനേ ഞെട്ടിപ്പോയ് ഞാൻ....വാന്നൊരു ചോരയിൽമുങ്ങി
പിടയുന്നതാ........ഒരു ഭിക്ഷു....ആ നടുറോഡിൽ.......!
കാറുകേറിയതാവാമാ മെയ്യിൽ — വാനിൽ മഴ-
ക്കാറുകളെന്യേയാരും കരയാനില്ലന്നേരം!

ഇന്നത്തേ സാമൂഹ്യവ്യവസ്ഥിതിതൻ ചവിട്ടേററ
തന്നകം നീറിപ്പാവം പാതയിൽക്കിടക്കവേ,
അവിടെപ്പോലും സൈ്വരക്കേകിയ'വല്ലമാനന്മാർ'
അവനേപ്പിഴിഞ്ഞവർ കുങ്കുമം പൂശി റോഡിൽ!

* * *

കടലാസുടൻ പിച്ചിക്കീറി ഞാൻ പേനാട്ടൂര-
ക്കളഞ്ഞു, പിച്ചക്കാരന്നടുത്തേക്കോടിച്ചെന്നു.
വിപ്ലവാവേശംവേഗം വഴങ്ങിയെൻഹൃത്തിനേ
വിഹ്വലാന്തരീരനായ് തരിച്ചു ഞാൻ നിന്നുപോയ്!
അച്ചോരി നിണം കൈയ്യിൽ വരച്ചു കവിത-
ളൊപ്പി ഞാൻ ഹൃദയത്താൽ വിപ്ലവകവിതകൾ!!
ഞാനനുവായിയ്ക്കെ,യെൻ ചേതസ്സു മുഴക്കയായ്
"പേനയല്ലിന്നാവശ്യം പടവാളുകൾതന്നെ"


## വിഷയവിവരം

—ം—

| | | പേജ് |
|---|---|---|
| 1. | പേനയും പടവാളും (കവിത — മാവേലിക്കര അച്യുതൻ | 2 |
| 2. | സിനിമാപംക്തി | 2 |
| 3. | രാജേന്ദ്രപ്രസാദ്— ആർ. കെ. എൽ. നന്ദ്കീയോല്യർ ബാർ-അററ്-ലാ. | 3 |
| 4. | പ്രാചീനകേരളത്തിലെ യുദ്ധസമ്പ്രദായങ്ങൾ— ശൂരനാട്ട കുഞ്ഞൻപിള്ള എം. ഏ. | 4 |
| 5. | പത്രപ്രവത്തനം— ബാരിസ്റ്റർ കെ. പി. കേശവമേനോൻ | 5 |
| 6. | ഇന്നത്തെ ഭക്ഷ്യക്ഷാമനിവാരണത്തിൽ സ്ത്രീകൾക്ക് എന്തുചെയ്യാൻ കഴിയും— എസ്. വസുമതിഅമ്മ | 6 |
| 7. | ഈ ആഴ്ച്ചയിലെ നക്ഷത്രഫലം— തകഴി കെ. രാമവാര്യർ | 7 |
| 8. | ചിത്രങ്ങൾ | 8-ം, 9-ം |
| 9. | ഓരോ കർഷകകുടുംബത്തിനും പന്ത്രണ്ട് ഏക്കർ കൃഷിഭൂമി— എൻ. ജി. വി. തിരുമുല്പാട് | 10 |
| 10. | നീപ്പാൾ അത്ഭുതരാജ്യം— | 11 |
| 11. | ഷായുടെ സദാചാരം— വക്കം അബ്ദുൽഖാദർ | 12 |
| 12. | വിചാരവേദി— ഒ. രാഘവൻ, ക്ലാപ്പന | 12 |
| 13. | പാരിതോഷികം (ചെറുകഥ)— പുളിമൂട്ടിൽ ശങ്കരനാരായണൻ | 13 |
| 14. | സമാധാനാഭ്യർത്ഥന | 14 |
| 15. | ഗ്രന്ഥവിഹാരം | 15 |
| 16. | കാർട്ടൂൺ | 16 |


മുഖചിത്രം—ഇന്ത്യൻ റിപ്പബ്ലിക്ക് പ്രസിഡൻറ് ഡാ: രാജേന്ദ്രപ്രസാദ്.

—ം—

സിനിമാപംക്തി:

## വാർത്തകൾ

—*—

"നിഷാൻ' എന്ന ഹിന്ദീചിത്രത്തിലെ അഭിനയത്തോടെ ഉത്തരേന്ത്യൻചലച്ചിത്രനിർമ്മാതാക്കളുടെ അഭിനന്ദനമാർജ്ജിച്ചിട്ടുള്ള ഭാനുമതിയെ ബോംബെയിലെ ഒരു പ്രസിദ്ധചലച്ചിത്രനിർമ്മാതാവായ ഗയൻമുക്കർജി സ്റ്റുഡിയോസ് പിക്ചേഴ്സ് തയാർചെയ്യുന്ന "ഷാംഷീയർ" എന്ന ചിത്രത്തിൽ നായികയായി അഭിനയിക്കുന്നതിനു് തിരഞ്ഞെടുത്തിരിക്കുന്നു. പ്രസ്തുത ചിത്രത്തിൽ അശോക്കുമാറിൻെറക്കൂടെയായിരിക്കും ഭാനുമതി അഭിനയിക്കുന്നതു്. ദക്ഷിണേന്ത്യൻനടികളുടെ കലാപരമായ കഴിവുകളെ ഉത്തരേന്ത്യൻനിർമ്മാതാക്കൾ ആദരിച്ചുതുടങ്ങിയിരിക്കുന്നതു് അഭിമാനകരംതന്നെയാണ്.

* * *

ജെമിനിയുടെ 'മംഗള' എന്ന ഹിന്ദീചലച്ചിത്രത്തിലെ അഭിനയം പൂർത്തിയാക്കിയതിനു ശേഷം, ഡേവിഡ്, ബദരീപ്രസാദ്, ആഗാജാൻ തുടങ്ങിയ താരങ്ങൾ മദ്രാസ്സിൽനിന്നു് ബാംബേയിലേക്കു് മടങ്ങിപ്പോയിരിക്കുന്നു.

* * *

എ. വി. എം. കമ്പനിക്കാരുടെ 'വാ

(ശേഷം പതിനാലാംപേജിൽ)

## സ്വാമിശരണം



1126-ാമാണ്ടു വൃശ്ചികമാസം 23-ാംതീയതിയും 24-ാംതീയതിയും വെള്ളി, ശനി ആഴ്ചകളിൽ മേലില ബ്രാഹ്മണസമൂഹമഠത്തിൽ ഭഗവതിസേവയും, ശാസ്താപ്രീതിയും അടിയന്തിരങ്ങൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ തദവസരത്തിൽ സകല ബ്രാഹ്മണമഹാജനങ്ങളും ഭക്തജനങ്ങളും വന്നുചേർന്ന് അടിയന്തിരത്തിൽ സഹകരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു. കൂടാതെ 4-ാംനു- ശനിയാഴ്ച കാലത്തു പത്തുംപതിനൊന്നും മണിക്കു മദ്ധ്യേ ബഹുമാനപ്പെട്ട ദേവസ്വംബോർഡു അംഗങ്ങളെ സ്വീകരിക്കുന്നതായിരിക്കും.

ടി ബ്രാഹ്മണസമൂഹം സിക്രട്ടറി.


**OXY ACETYLENE WELDING**

അലൂമിനീയം, കാസ്റ്റയൺ, സ്റ്റീൽ, കാപ്പർ, ബ്രസ്, അയേൺ, ഈ സാധനങ്ങൾ മിതമായ ചാർജ്ജിൽ ഗാരൻറിയോടുകൂടി വെൽഡു് ചെയ്തുകൊടുക്കപ്പെടും.

**RADHAKRISHNA MOTOR WORKS,**
**VADAYATTUKOTTA, QUILON.**

## റബ്ബർമുദ്രകൾ

ഉറപ്പും ഭംഗിയുമുള്ള റബ്ബർമുദ്രകൾ മിതമായ റേററിൽ ചെയ്തുകൊടുക്കപ്പെടും.

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം

ബ്രാഞ്ചു മാനേജരുമായുള്ള സംഭാഷണം . . . . . 1

"എങ്ങിനെ പണം മിച്ചം വയ്ക്കുവാൻ സാധിക്കും?
—വാങ്ങിക്കുന്ന സാമാനങ്ങൾക്കെല്ലാം ഇതുപോലെ വില വർദ്ധിച്ചിരിക്കുമ്പോൾ"

ബ്രാഞ്ചുമാനേജർ: ഞാൻ പറയട്ടെ. ഏതാനും ചില ജനങ്ങളുടെ സമ്പാദ്യശ്രമങ്ങളെപ്പററി ഞങ്ങൾ ഈയിടെ ഒരന്വേഷണം നടത്തുകയുണ്ടായി. 96 ശതമാനം ആളുകൾക്കും സമ്പാദിക്കാൻ ആഗ്രഹമുണ്ട്. എന്നാൽ സാമാനങ്ങൾക്കെല്ലാം പൊതുവെ വില വർദ്ധിച്ചിരിക്കുന്നതിനാൽ മിക്കയാളുകൾക്കും അത്യാവശ്യചിലവുകൾക്കുതന്നെ വരവു മതിയാകാതെയാണിരിക്കുന്നതു്.

നിക്ഷേപകൻ: അതു വളരെ ശരിയാണ്.

ബ്രാഞ്ചുമാനേജർ: അതെ, അതേറെക്കുറെ പരമാർത്ഥമാണ്. മുമ്പു് ഒരു രൂപാ കൊടുക്കേണ്ടിയിരുന്ന സാമാനത്തിനു ഇപ്പോൾ നാലോ അഞ്ചോ രൂപാ കൊടുക്കണം, മറെറാരു തരത്തിൽ പറഞ്ഞാൽ പണത്തിൻെറ വില പണ്ടത്തേക്കാൾ വളരെ കുറഞ്ഞുപോയിരിക്കുന്നു.

എന്നാൽ സാമാനങ്ങളുടെ വില ഇനിയും മുമ്പിലത്തേതുപോലെ കുറയുന്ന കാലം വരും. ഗവമ്മേണ്ടു അതിനുവേണ്ടി നാണയപ്പെരുപ്പം കുറയുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. ദീർഘദൃഷ്ടിയുള്ളവർ ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത സാമാനങ്ങൾ മാത്രമെ ഇപ്പോൾ വാങ്ങിക്കാറുള്ളു. അവരെപ്പോലെ പ്രവർത്തിച്ചാൽ കുറെ പണമെങ്കിലും മാസംതോറും നിങ്ങൾക്കും മിച്ചം വയ്ക്കുവാൻ കഴിയും.






ഒരു സേവിംഗ്സ് കണക്കു തുടങ്ങുന്നതിന് അഞ്ചു രൂപാ മാത്രം മതി

നിങ്ങൾക്കു് സമ്പാദ്യം തുടങ്ങുവാനുള്ള ഏററവും എളുപ്പവഴി പാലാ സെൻട്രൽ ബാങ്കിൽ ഒരു സേവിംഗ്സ് കണക്ക് ആരംഭിക്കുകയാണ്. "സേവിംഗ്സ് കണക്ക് തുടങ്ങുന്നതെങ്ങിനെ" എന്ന ലഘുഗ്രന്ഥം ബ്രാഞ്ചു മാനേജരോട് ആവശ്യപ്പെട്ടാൽ സൗജന്യമായി കിട്ടും.

എല്ലാവിധ ബാങ്കിടപാടുകളും നടത്തുന്നു.
പ്രവർത്തന മൂലധനം രൂപാ 4½ കോടി.

**പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം**

(ക്ലിപ്ത ബാദ്ധ്യതയോടുകൂടി തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു രജിസ്റ്റർചെയ്തതു്.)

ശാഖകൾ: ആലപ്പുഴ, ആലുവാ, കൊച്ചി, ചങ്ങനാശേരി, എറണാകുളം, ഫെയർഫീൽഡ്, കോട്ടയം, മൂവാററുപുഴ, നാഗർകോവിൽ, വടക്കൻ പറവൂർ, പാലാ, പീരുമേട്, പോത്തുകല്ല്, കൊല്ലം, തിരുവനന്തപുരം, തിരുവല്ല, തൊടുപുഴ, തൃശ്ശൂർ, വൈക്കം.

ഒരു നല്ല
കുതിരയായാലും
വാച്ചായാലും

അതിൻെറ വംശം
ബോദ്ധ്യപ്പെടുക!



75 വർഷത്തെ ചരിത്രമുള്ള "വെസ്റ്റ്എൻറ്" വാച്ച് ഇൻഡ്യയിലേററവും പഴക്കമുള്ളതാണ്. വില എന്തുമാകട്ടെ അതു വിശ്വസിക്കത്തക്കതാണ്. കാണാൻ ഭംഗിയുമുണ്ട്.

പടത്തിൽ കാണിച്ചിരിക്കുന്ന കീപ്സേക്ക് മോഡൽ മെച്ചമായി നിർമ്മിച്ചതും, കാഴ്ച്ചയ്ക്കു് ഭംഗിയുള്ളതും, കൃത്യമായി സമയം കാണിക്കുന്നതും ആണ്. വളരെ മിതമായ വില.

ക്യാററ്ലാഗ് സൌജന്യം.

വെസ്റ്റ്എൻറ് വാച്ചുകമ്പനി
ബോംബെ & കൽക്കട്ടാ.




**West End Watch Co.**
BOMBAY CALCUTTA

# മലയാളരാജ്യം

## ആഴ്ചപ്പതിപ്പ്

പുസ്തകം ൨൬ | കൊല്ലം, ൧൧൨൬ വൃശ്ചികം ൧൮-ാംനു-തിങ്കളാഴ്ച 4th December 1950. | ലക്കം ൧൪൬


PERINAD QUILON

# ഡാഃ രാജേന്ദ്രപ്രസാദ്


ആർ. കെ. എൽ. നന്ദ്കിയോല്യർ ബാർ-അററ്-ലാ.

(മലയാളരാജ്യത്തിന് പ്രത്യേകം)


> വളരെക്കാലം ഡാഃ രാജേന്ദ്രപ്രസാദന്റെ അന്തേവാസിയായും കുറേക്കാലം അദ്ദേഹത്തിന്റെ പ്രൈവററുസെക്രട്ടറിയായും അദ്ദേഹവുമായി അടുത്തു പരിചയിച്ചിട്ടുള്ള ഒരു വ്യക്തിയാണ് ലേഖകൻ.

പ്രസിഡൻറ് രാജേന്ദ്രപ്രസാദിന് ഇന്ന് 66 വയസ്സു തികയുന്നു. 1884 ഡിസംബർ 3-ാംനു-യാണ് അദ്ദേഹം ജനിച്ചതു്. കുലീനതയുള്ള ഒരു കായസ്തകുടുംബത്തിൽപെട്ട രാജേന്ദ്രപ്രസാദിന്റെ അച്ഛൻ അന്നാട്ടിലെ ഒരു ധനികനായിരുന്ന മുൻഷി മഹാദേവ്സഹായ് ആണ്. രാജേന്ദ്രപ്രസാദാണ് ഏററവും ഇളയപുത്രൻ. അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ ബാബുമഹേന്ദ്രപ്രസാദിന് രാജേന്ദ്രനെക്കാൾ എട്ടുവയസ്സു പ്രായക്കൂടുതലുണ്ട്. കായസ്തകുടുംബങ്ങളിലെ പതിവനുസരിച്ച് അഞ്ചുവർഷക്കാലം ഒരു മൌലവിയെ വീട്ടിലിരുത്തി പെർഷ്യനും ഉറുദുവും അദ്ദേഹത്തെ അഭ്യസിപ്പിച്ചു. ഈ കാലത്തു് പേർഷ്യൻഭാഷ അദ്ദേഹം ശരിയായി പഠിച്ചു. ഹിന്ദിയിലും സംസ്കൃതത്തിലും അദ്ദേഹത്തിന് നല്ല വ്യുല്പത്തിയുണ്ടായിരുന്നു. പെർഷ്യൻഭാഷയിലും സംസ്കൃതഭാഷയിലും അദ്ദേഹത്തിനുണ്ടായിരുന്ന അസാധാരണമായ ജ്ഞാനമാണ് ഹിന്ദിസാഹിത്യത്തിൽ അദ്ദേഹത്തിന് അഭികാമ്യമായ ഒരു സ്ഥാനമുണ്ടാക്കിക്കൊടുത്തതു്.

പന്ത്രണ്ടാമത്തെ വയസ്സിൽ അദ്ദേഹത്തെ ചപ്രായിലുള്ള ഒരു വിദ്യാലയത്തിൽ ചേർത്തു. 1902-ൽ അതായതു് 18-ാമത്തെ വയസ്സിൽ അദ്ദേഹം കൽക്കട്ടാ സർവ്വകലാശാലയുടെ എൻട്രൻസുപരീക്ഷ പാസ്സായി. ആ പരീക്ഷയിൽ സർവ്വകലാശാലയിൽവച്ച് ഒന്നാമനദ്ദേഹമായിരുന്നു. അക്കാലത്തു് ബംഗാളിന്റെ ഒരുഭാഗം മാത്രമായിരുന്നു ബീഹാർ. ബുദ്ധിപരമായി ബംഗാളികളും ബീഹാറുകാരെക്കാൾ കീഴെയാണെന്ന ധാരണ ബലപ്പെട്ടിരുന്ന സമയത്താണ് എൻട്രൻസ് എക്സാമിനേഷനിലും ബി. എ.യ്ക്കു് രണ്ടുവർഷവും സർവ്വകലാശാലയിൽ ഒന്നാമതായിത്തന്നെ രാജേന്ദ്രപ്രസാദ് വിജയിയായതു്. ഇതു ബീഹാറിന് പുതിയൊരഭിമാനം സമ്പാദിച്ചുകൊടുത്തു.

1910-ൽ ഭാരതസേവാസംഘത്തിൽ ചേരുവാൻ ഗോപാലകൃഷ്ണഗോഖലെ അദ്ദേഹത്തെ ക്ഷണിക്കുകയുണ്ടായി. അദ്ദേഹം അതു സ്വീകരിച്ചു. എന്നാൽ താൻ ഏററവും ബഹുമാനിച്ചിരുന്ന ജ്യേഷ്ഠന്റെ അനുവാദം ലഭിക്കാതിരുന്നതുകൊണ്ട് പെട്ടെന്നു ഗോഖലയുടെ കൂടെ ചേരുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹം അനുവാദത്തിനായി ജ്യേഷ്ഠനോട് നിർബന്ധപൂർവ്വമപേക്ഷി[illegible] അപേക്ഷ അ[illegible] നിരസിക്കപ്പെടുകയാൽ പിന്നീടു പത്തുവർഷക്കാലത്തേക്ക് ഭാരതസേവാസംഘത്തിൽ ചേരുവാനദ്ദേഹത്തിനു സാധിച്ചില്ല.

1911-ൽ അദ്ദേഹം കൽക്കട്ടാഹൈക്കോടതിയിലെ വക്കീൽഅസോസിയേഷനിൽചേരുകയും അങ്ങനെ അഭിഭാഷകവൃത്തി ആരംഭിക്കുകയുംചെയ്തു. എന്നാൽ വിദ്യാർത്ഥിപ്രസ്ഥാനങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന താല്പര്യത്തിനു കുറവുവന്നില്ല. ബീഹാറിക്ലബ്ബ് പ്രവർത്തനങ്ങളിൽ അദ്ദേഹം തല്പരനായിരുന്നു. അവിടെവച്ചാണ് 1911-ൽ ഞാനദ്ദേഹത്തെ ആദ്യമായി കാണുന്നതു്. അന്ന് സെൻറ്സേവിയേഴ്സ്കാളേജിലെ ഒരു ജൂനിയർഇൻറർമീഡിയേററുവിദ്യാർത്ഥിയായിരുന്നു ഞാൻ. അക്കാലത്തും ഒരു വിദ്യാർത്ഥിയുടേതിനെക്കാൾ ലളിതജീവിതമാണദ്ദേഹം നയിച്ചിരുന്നതു്. വാസ്തവത്തിൽ അദ്ദേഹമൊരു വിദ്യാർത്ഥിയല്ലെന്നും വക്കീലാണെന്നും ഞാനറിയുന്നതു് വളരെക്കാലം കഴിഞ്ഞതാണ്. വക്കീൽപണി ആരംഭിച്ചതുമുതൽതന്നെ ധാരാളം കക്ഷികളും അദ്ദേഹത്തെ വലയം ചെയ്തുവന്നു. അതു് സാധാരണ വക്കീലന്മാരുടെ കാര്യത്തിൽ ഒരു അസാധാരണസംഗതിയാണ്. 1916-ൽ പാററ്നായിൽ ഒരു ഹൈക്കോടതി ആരംഭിച്ചപ്പോൾ അദ്ദേഹം അവിടെ പ്രാക്ടീസു് ആരംഭിച്ചു. 1920-ൽ കാൺഗ്രസ്സിന്റെ ആഹ്വാനമനുസരിച്ച് വക്കീൽപ്പണി ഉപേക്ഷിച്ചുപോകുമ്പോൾ അദ്ദേഹത്തിന് ഒരു ഹൈക്കോടതിജഡ്ജിയെക്കാൾ കൂടുതൽ പ്രതിമാസം വരവുണ്ടായിരുന്നു.

അദ്ദേഹം ഗാന്ധിജിയിൽ പരിപൂർണ്ണവിശ്വാസമർപ്പിച്ചിരുന്നതുപോലെതന്നെ തന്റെ ഏററവും വിശ്വസ്തനായ ഒരു ശിഷ്യനായി മഹാത്മജി രാജേന്ദ്രപ്രസാദിനെയും കരുതിയിരുന്നു. അഹിംസ, സത്യം എന്നിവ അദ്ദേഹത്തെസംബന്ധിച്ചിടത്തോളം വെറും സിദ്ധാന്തങ്ങൾമാത്രമല്ല, മാനുഷികബന്ധത്തെ ഭരിക്കുന്ന ധാർമ്മികശക്തികൾതന്നെയാണ്. കർമ്മത്തിൽ തന്നെയല്ല ചിന്തയിലും, അവ ആചരിക്കപ്പെടേണ്ടവയാണെന്നദ്ദേഹം കരുതുന്നു. 1922-ൽ ബീഹാറിലുള്ള ഗയയിൽവച്ചാണ് കാൺഗ്രസ്സ്സമ്മേളനം നടന്നതു്. 1920-നുശേഷം കാൺഗ്രസ്സ്സമ്മേളനങ്ങൾ ഭരിച്ച ആഘോഷങ്ങളായിത്തീർന്നു; ഓരോ സമ്മേളനത്തിനും അനേകലക്ഷംരൂപാ ചിലവും വന്നിരുന്നു. താരതമ്യേന ധനശേഷികുറഞ്ഞ ബംഗാളിൽനിന്ന് ഇത്രവളരെ പണം പിരിച്ചെടുക്കുകയെന്നതു് ബാബുരാജേന്ദ്രപ്രസാദിന്റെ ചുമതലയിൽ വന്നുചേർന്ന ഒരു ദുർവ്വഹമായ കൃത്യമായി. എന്നാൽ സമ്മേളനം ഒരു വമ്പിച്ച വിജയമാക്കുന്നതിനാവശ്യമായ പണം അദ്ദേഹം നിഷ്പ്രയാസം പിരിക്കുകയാണുണ്ടായതു്. 1921-നുശേഷം അദ്ദേഹം കാൺഗ്രസ്സ് പ്രവർത്തകസമിതിയിലെ അംഗമായി തുടർന്നു. പിന്നീടു 1919-ൽ ഇൻഡ്യൻറിപ്പബ്ലിക്കിന്റെ പ്രസിഡൻറാകുന്നതുവരെ കാൺഗ്രസ്സ്പ്രവർത്തകസമിതിയംഗത്വം അദ്ദേഹത്തിനു നഷ്ടപ്പെട്ടിട്ടില്ല. യുവാവായിരുന്നപ്പോൾതന്നെ അദ്ദേഹത്തിനു ആസ്ത്മാ പിടിപെട്ടു. അതിതേവരെ മാറിയിട്ടില്ല. എന്നാൽ ആ രോഗം തന്റെ പൊതുക്കാര്യജീവിതത്തെ ബാധിക്കുവാനദ്ദേഹം അനുവദിച്ചിട്ടില്ല. 1934-ൽ അദ്ദേഹം ജയിലിലായിരുന്നപ്പോൾ ആസ്ത്മായുടെ ശല്യം വളരെ വർദ്ധിച്ചതുമൂലം ഉടനടി അദ്ദേഹത്തെ ജയിലിൽനിന്നും മോചിപ്പിക്കണമെന്ന് മെഡിക്കൽ ബോർഡ് ശുപാർശചെയ്തു. അക്കാലത്താണ് ബീഹാറിലെ ഭയങ്കരമായ ഭൂകമ്പമുണ്ടായതു്. ഭൂമികുലുക്കത്തിന്റെ രണ്ടാംദിവസം ബാബുരാജേന്ദ്രപ്രസാദ് ജയിലിൽനിന്നു വെളിയിൽവന്നു. തന്റെ നാട്ടിൽ സംഭവിച്ച ഹൃദയഭേദകമായ അത്യാഹിതം അദ്ദേഹത്തെ വളരെയധികം വേദനിപ്പിച്ചു. രോഗത്തെപ്പററി വിസ്മരിച്ച് ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി അദ്ദേഹം രംഗത്തിറങ്ങി. അനങ്ങാൻവയ്യാത്ത നിലയിൽ രോഗശയ്യയിലായിരുന്നപ്പോൾ അവിടെക്കിടന്നുകൊണ്ടുതന്നെ അദ്ദേഹം ദുരിതാശ്വാസപ്രവർത്തനങ്ങൾക്കു താക്കീതുനൽകി. ജയിലിൽനിന്നിറങ്ങി അധികം താമസിയാതെ തന്നെ രാജേന്ദ്രപ്രസാദ് അദ്ധ്യക്ഷനായി ഒരു ദുരിതാശ്വാസപ്രവർത്തനക്കമ്മിററി തെരഞ്ഞെടുക്കപ്പെട്ടു. സന്നദ്ധഭടന്മാരും പണവും അദ്ദേഹത്തിന്റെ ആസ്ഥാനസ്ഥാനം ഒഴുകിക്കൂടാൻ തുടങ്ങി. രാജേന്ദ്രപ്രസാദിന്റെ അഭ്യർത്ഥനയ്ക്കു രാജ്യവ്യാപകമായ പിൻതുണ ലഭിച്ചു. അന്നത്തെ ഗവമ്മെൻറിനുപോലും ആ അഭ്യർത്ഥനയുടെ ഗൌരവത്തെ മാനിക്കാതിരിക്കാൻ സാധിച്ചില്ല. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലുള്ള സന്തുഷ്ടിയുടെയും വിശ്വാസത്തിന്റെയും ലക്ഷ്യമായി അദ്ദേഹം ആ വർഷം കാൺഗ്രസ്സ്പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ രാജ്യത്തിലും കാൺഗ്രസ്സ്സംഘടനയിലും അദ്ദേഹം സമുന്നതനാകുകയും കാൺഗ്രസ്സിന് വിഷമപ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന സന്ദർഭങ്ങളിലെല്ലാം അദ്ദേഹത്തിന്റെ ഉപദേശങ്ങൾ വിലമതിക്കപ്പെടുകയും ചെയ്തു. 1939-ൽ സുഭാഷ്ചന്ദ്രബോസ് അദ്ധ്യക്ഷസ്ഥാനം രാജിവയ്ക്കേണ്ടിവന്നപ്പോൾ രാജേന്ദ്രപ്രസാദിനെത്തന്നെയാണ് ആ സ്ഥാനത്തുപ്രതിഷ്ഠനാക്കി കാറു പരിഹരിക്കുവാൻ തിരഞ്ഞെടുത്തതു്. അനാരോഗ്യമോ ആസ്ത്മായുടെ ശല്യമോ, വകവയ്ക്കാതെ അദ്ദേഹം ആ ഭാരം ഏറ്റെടുത്തു. അഖിലേന്ത്യാപ്രവർത്തനങ്ങളെ നിയന്ത്രിക്കുക മാത്രമല്ല, ബംഗാളിലെ കാൺഗ്രസ്സ്പ്രവർത്തനം സുശക്തമാക്കുകകൂടി ചെയ്യേണ്ടിയിരുന്ന അവസരമായിരുന്നു അതു്. ബംഗാളിൽ കാൺഗ്രസ്സ്പ്രവർത്തനം ആകപ്പാടെ കുഴഞ്ഞുമറിഞ്ഞിരുന്നു. കാൺഗ്രസ്സിന്റെ മുതലെല്ലാം ശിഥിലമായിക്കഴിഞ്ഞിരുന്നു. സുഭാഷ്ചന്ദ്രബോസും അദ്ദേഹത്തിന്റെ കക്ഷിയിൽപെട്ടവരും ചേർന്ന് അവിടെ ആരംഭിച്ചിരുന്ന ഒരു സംഘടനയ്ക്കെതിരായിട്ടാണ് രാജേന്ദ്രപ്രസാദിന് കാൺഗ്രസ് അവിടെ ഉയർത്തിക്കൊണ്ടുവരേണ്ടിവന്നതു്. കണക്കുകൾ പരിശോധിക്കുവാൻ ആഡിററന്മാരെ വച്ചിരുന്നുവെങ്കിലും അവരുടെ പ്രവർത്തനവും സുഗമമായി പുരോഗമിക്കുവാൻ കഴിഞ്ഞില്ല. രാജേന്ദ്രപ്രസാദ് ആരോഗ്യത്തെ അവഗണിച്ചും ബംഗാളിലെ കാൺഗ്രസ്പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി. അതുമൂലമാണ് ഇന്നും കാൺഗ്രസ്സിന് അവിടെ ഉറച്ചുനിൽക്കുവാൻ കഴിയുന്നതു്.

1942-ലെ സമരകാലത്തു് അദ്ദേഹം അതിശക്തിയായ ആസ്ത്മാബാധിച്ച് കിടപ്പിലായിരുന്നു. ബോംബെയിൽവച്ചുനടന്ന എ. ഐ. സി. സി. യിൽ സംബന്ധിക്കുവാനദ്ദേഹത്തിനു കഴിഞ്ഞില്ല. അദ്ദേഹത്തെ പാററ്നാജയിലിൽ തടങ്കലിൽ വച്ചു. അവിടെവച്ചാണ് 'വിഭക്തഭാരതം', 'ആത്മകഥ' എന്നീ ഗ്രന്ഥങ്ങൾ എഴുതിയതു്.

1946-ൽ വേവൽപ്രഭു വൈസ്രായിയായിരുന്നകാലത്തു് അദ്ദേഹം മന്ത്രിപദം സ്വീകരിച്ചു. ഭക്ഷ്യം, കൃഷി എന്നീ വകുപ്പുകളാണദ്ദേഹത്തിനു നൽകിയിരുന്നതു്. ആ വർഷത്തിൽ ഭരണഘടനാനിർമ്മാണസമിതി കൂടിയപ്പോൾ അദ്ദേഹം ഐകകണ്ഠ്യേന പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു.

ഭക്ഷ്യപ്രശ്നം വളരെ വിഷമനിലയിൽ കിടന്ന അവസരം. രാജേന്ദ്രപ്രസാദ് കൺട്രോൾ വിടുന്നതിനനുകൂലമായിരുന്നെങ്കിലും ഭക്ഷ്യമന്ത്രിയുടെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും കൺട്രോൾ നിലനിറുത്തുവാനാഗ്രഹിച്ചിരുന്നവരാണ്. "തന്റെ കീഴിലുള്ളവരായിരുന്നാൽതന്നെയും അവരുടെമേൽ തന്റെ അഭിപ്രായങ്ങൾ അടിച്ചേല്പിക്കുവാനദ്ദേഹത്തിനു താല്പര്യമില്ലായിരുന്നു. അതുകൊണ്ട് ഗവമ്മെൻറിന്റെ നയത്തിൽ ക്രമേണ വ്യത്യാസങ്ങൾ വരുത്തി അവസാനം 1947-ൽ എല്ലാ സ്റ്റേററുമന്ത്രിമാരും ഇന്ത്യാഗവമ്മെൻറുദ്യോഗസ്ഥന്മാരും ചേർന്നുനടത്തിയ കാൺഫറൻസിൽ വികേന്ദ്രീകരണം നടപ്പിലാക്കുവാൻ തീരുമാനമെടുക്കത്ത

(ശേഷം പതിനഞ്ചാംപേജിൽ)



നവംബർ 23-ാംനു- ന്യൂഡെൽഹിയിലുള്ള ചെംസ്ഫോർഡുക്ലബ്ബിൽവച്ച് ഡൽഹിയിലെ സിക്കുകാർ ഗുരുനാനാക്കിന്റെ ജന്മദിനം ആഘോഷിക്കുകയുണ്ടായി. ഡാ. രാജേന്ദ്രപ്രസാദാണ് അതുസംബന്ധിച്ചുള്ള ചടങ്ങുകളിൽ ആദ്ധ്യക്ഷംവഹിച്ചതു്. സർദാർ മോഹൻസിംഹ് രാജൻബാബുവിനടുത്തുതന്നെ നിൽക്കുന്നതു ചിത്രത്തിൽ കാണാം.

# പ്രാചീനകേരളത്തിലെ യുദ്ധസമ്പ്രദായങ്ങൾ

ശൂരനാട്ടു് പി. എൻ. കുഞ്ഞൻപിള്ള എം. എ.

എന്നോടൊത്തു് നിങ്ങളും കേരളത്തിന്റെ പഴമയിലേയ്ക്കു് ഒന്നു് തിരിഞ്ഞുനോക്കാൻ വരുമോ? തനിക്കേരളത്തിന്റെ തിമിർപ്പുകണ്ടു് ചരിതാർത്ഥത നേടാം. വീരന്മാരുടെ ജനനിയെന്ന ഖ്യാതി കേരളം വഹിക്കുന്നതു് ചരിത്രത്തിനു ഭൂഷണമായി വിളങ്ങുന്ന പുരാതന വീര്യനിധികളുടെ അപദാനങ്ങൾകൊണ്ടാണല്ലോ. ആ പൌരുഷശാലികൾക്കു് ലോകരാധന നേടിക്കൊടുത്ത സ്ഥാപനങ്ങളായ കളരികളെപ്പററി സ്മരിച്ചുകൊണ്ടല്ലാതെ എങ്ങനെയാണു് നമ്മുടെ പുരാതനയുദ്ധസമ്പ്രദായത്തെപ്പററി പറയുക? കാവും കളരിയുമായിരുന്നു പുരാതനകേരളത്തിൽ ഏററവും പ്രാധാന്യം വഹിച്ച സ്ഥാനങ്ങൾ. കാവു് കാളിയുടേയും നാഗങ്ങളുടേയും ആരാധനയ്ക്കു്. കളരി അക്ഷരാഭ്യാസത്തിനും ആയുധപരിശീലനത്തിനും. ആ വിദ്യകളെ അന്നു് ഒരുമിച്ചു നമ്മുടെ നാട്ടിൽ സമാരാധിച്ചുപോന്നു. നമ്മുടെ നവരാത്രിപൂജതന്നെ സരസ്വതീപൂജയും ആയുധപൂജയും ആണല്ലോ. പഴയകാലത്തു് ആശാൻ അക്ഷരവിദ്യയ്ക്കെന്നപോലെ ആയുധവിദ്യയ്ക്കും ഗുരുവായിരുന്നു.

കുറുപ്പെന്നോ പണിക്കരെന്നോ സ്ഥാനപ്പേരുള്ള ആശാനായിരുന്നു കളരിയിൽ പരിശീലനം കൊടുത്തുപോന്നതു്. കുറുപ്പിന്റെ നിയന്ത്രണവും ഭരദേവതയുടെ അനുഗ്രഹവും ആണു് കളരിയുടെ താങ്ങുകൾ. ഏഴുവയസ്സായാൽ കുട്ടികളെ കളരിയിലയയ്ക്കണമെന്നു് അന്നു് നിർബന്ധമായിരുന്നു. മിക്കവാറും എല്ലാ നായർതറവാടുകളിലെ ബാലന്മാരും കളരിയിൽ ചേരും. പുരാതന യവനരാജ്യമായ സ്പാർട്ടായിലൊഴിച്ചു് വേറൊരിടത്തും ആയുധാഭ്യാസം ഇത്ര നിഷ്ഠയോടെ നടത്തിപ്പോന്നില്ല. കളരിയിലെ പരിശീലനം ലഘുവായ ഒരു കാര്യമായിരുന്നെന്നു വിചാരിച്ചുപോകരുതു്. ശരീരത്തെ വഴക്കിയെടുക്കാനാണു് ആദ്യത്തെ പരിപാടി. അതിനു് എണ്ണയിട്ടു തിരുമ്മി ഓരോ അംഗത്തേയും ആവശ്യംപോലെ ലഘുവായി വളയ്ക്കാനും ശരീരത്തെ അത്ഭുതകരമായി ചുളുക്കാനും തക്കവണ്ണം നിപുണമാക്കും. യോധാക്കന്മാർമാത്രമല്ല ഇങ്ങനെ കച്ചകെട്ടി മെയ്‌വഴക്കം നേടിയിരുന്നതു്. കഥകളിനടന്മാരും, തിരുവാതിരക്കളിക്കാരായ ബാലികമാരും ഈ മെയ്‌വഴക്കം ശീലിച്ചിരുന്നു. മെയ്‌വഴക്കം വേണ്ടപോലെ സിദ്ധിച്ചാൽ കുതിച്ചുചാടുക, പറക്കുന്നതുപോലെ പൊങ്ങിമറിയുക എന്നപോലെ അനേകം വിദ്യകൾ അഭ്യസിക്കും. തറനിരപ്പിൽനിന്നും വളരെ ഉയർത്തികെട്ടിയ അങ്കത്തട്ടിൽ കയറുന്നതു് "മയിലുപറന്നിരിക്കുംവണ്ണം" ആണെന്നു പറയത്തക്കവണ്ണമായിരുന്നു അപ്പരിശീലനം.

ആയുധങ്ങൾ പ്രയോഗിക്കാനാണു് പിന്നെ വശമാക്കുന്നതു്. 'വാളു്', കുന്തം, ഗദ, കട്ടാരി, വില്ലുംഅമ്പും ഇവയായിരുന്നു സാധാരണമായ ആയുധങ്ങൾ. പിൽക്കാലത്തു് തോക്കും കരിമരുന്നുകൊണ്ടുള്ള തീക്കുടുക്കയുംമററും ഉണ്ടായി. വാൾകൊണ്ടുമനേകം അത്ഭുതവിദ്യകൾ വശമാക്കിയ വീരന്മാർ പ്രകടിപ്പിക്കുന്ന സാമർത്ഥ്യം കണ്ടാൽ ആരും മിഴിച്ചുനിന്നുപോകും. ഇന്നും തിരുവനന്തപുരത്തു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ [illegible] ഉത്സവകാലങ്ങളിൽ വാൾപ്രയോഗം [illegible]ണിക്കാറുണ്ടു്. വാൾകൊണ്ടു് [illegible]വെട്ടിയും തിരിച്ചുവെട്ടു് പരിചകൊണ്ടു തടഞ്ഞും യുദ്ധം ചെയ്യാനാണു് മുഖ്യമായി ശീലിക്കുന്നതു്. അതുപോലെ വടികൊണ്ടു് അടിയും തടയും ഉണ്ടു്. കളരിയിൽ പതിനെട്ടു് അടവുകൾ പഠിപ്പിച്ചിരുന്നു. അവയുടെ പേരു് അറിയാമെന്നല്ലാതെ അവയെപ്പററി പൂർണ്ണമായ വിജ്ഞാനം ഇന്നു് ഇല്ല. പതിനെട്ടു് അടവുകളുടെ പേരെങ്കിലും പറയാതെ വിട്ടാലോ. ഓതിരം, കടകം, ചട്ടലം, മണ്ഡലം, വൃത്തചക്രം, സുകങ്കാളം, വിജയം, വിശ്വമോഹനം, തിര്യങ്മണ്ഡലം ഗദാവേടഗഹാരം, ശത്രുജയം, സൌഭദ്രം, പടലം, പുരംജയം, കായവൃദ്ധി, ശിലാഖണ്ഡം, ഗദാശാസ്ത്രം, അന്തത്തമം ഇവയാണു് അടവുകൾ. 'ആയുധാഭ്യാസം' എന്നൊരു അപ്രകാശിതഗ്രന്ഥത്തെപ്പററി വടക്കൻപാട്ടുകളുടെ പ്രസാധകനായ ശ്രീ: ചേലനാട്ടു് അച്യുതമേനവൻ പരാമർശിക്കുന്നു. അദ്ദേഹം ആ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയാൽ വളരെ പ്രയോജനകരമായിരിക്കും.

കളരിയിലെ അഭ്യാസത്തെപ്പററി അനേകം പഴയ പാട്ടുകൾ ഇന്നും നമ്മുടെ പൂർവ്വസ്മരണകളെ ഉദ്ദീപിപ്പിച്ചുകൊണ്ടു പ്രചരിക്കുന്നു. അന്നത്തെ അഭ്യാസക്രമം എങ്ങനെ എന്നു കേൾക്കുക:

മൂന്നുവയസ്സിൽ മുടിയിറക്കി
അഞ്ചുവയസ്സിലും കാതുകുത്തി
ഏഴുവയസ്സിലെഴുത്തിനാക്കി
അക്ഷരവിദ്യ ഗ്രഹിപ്പിച്ചുഞാൻ
വെട്ടുംപയററും പഠിപ്പിച്ചുഞാൻ
അതുകൊണ്ടുമഭ്യാസം തികയാഞ്ഞിട്ടു്
തുളുനാട്ടിൽനല്ല തുളുക്കുരുക്കൾ
കുരുക്കളെത്തന്നെ വരുത്തിഞാനും
മൂവാണ്ടിരുത്തിഞാനഭ്യസിച്ചു
തുളുനാടൻവിദ്യ ഗ്രഹിച്ചുഞാനും

ഇതു് ഉത്തരകേരളത്തിലെ മുറയായിരുന്നു. ദക്ഷിണകേരളത്തിലെ കളരിമുറയ്ക്കും ഇതിൽനിന്നു് വ്യത്യാസം ഇല്ലായിരുന്നു. ഇരവിക്കുട്ടിപ്പിള്ളപ്പാട്ടിൽ പിള്ളയുടെ വീരചരമത്തിൽ ഉള്ളഴിഞ്ഞു വിലപിക്കുന്ന മാതാവു് പറയുന്നതു് ഇപ്രകാരമാണു്:

"കനമാന വടിവഴകൻ എന്നിരവീ! നീ
കച്ചകെട്ടിയെണ്ണയിട്ടു കരുവുടവാൾ തൊഴുതെടുത്തു
ഇച്ചയുടൻ പരിചയുമായ് ഇലങ്കമതിൽ ഉൾപുകുന്തു്
വാകിമെല്ലെത്തടുത്തുവെട്ടും വാത്താരംകേളേനേ.
എണ്ണയിട്ടു കച്ചകെട്ടി ഇലങ്കമതിൽപോമ്പൊഴുതു
ഉൻവണ്ണചാമരങ്ങളും വടിവഴകും കാണേനേ.
കാണേനേ ഉന്നുടയ കെട്ടഴകും ഓറലയും.
പുത്താന മാർവഴകാ! നീ പോക്കളത്തിൽ മടിന്തായോ?
തട്ടുപ്പരിചയുമായ് താമരപ്പൂപ്പെന്തിയുമായ്
വെട്ടിവിളയാട ഉനക്കു വീതിയിടംപോന്തില്ലയോ?
വിൽപിടിത്തകയ്യിൽ ഇച്ചരടംഅമ്പുകെട്ടമായ്
കററതൊഴിൽ ചെയ്തില്ലയോ കയ്യിലുടവാൾ ഇല്ലയോ?"

ഈ മുറ കേരളത്തിലെവിടെയും നിലനിന്നു.

ശുഭദിനത്തിൽ ഗുരുവിനു ദക്ഷിണകൊടുത്തു പരദേവതയെ ഭജിച്ചുകൊണ്ടു് ബാലൻ കച്ചകെട്ടു തുടങ്ങുന്നു. എന്താണു് കച്ചകെട്ടു് എന്നു അറിയേണ്ടേ? ശിഷ്യൻ അരയിൽ ഒരു ചെറുമുണ്ടു് ലങ്കോട്ടിപോലെയുടുത്തുകെട്ടുന്നതിനാണു് ഈ പേർ പറയുന്നതു്. കളരിയിലെ പരിശീലനസമയത്തു് ഇത്രയേയുള്ളൂ അയാൾക്കു വസ്ത്രവിധാനം. ഒരുതരം കാച്ചെണ്ണ ശരീരത്തിൽ പുരട്ടി ആശാൻ ശിഷ്യനെ വ്യായാമം ചെയ്യിക്കും. ശിഷ്യൻ നല്ലവണ്ണം വിയക്കുമ്പോൾ അയാളെ ഒരു പായിൽ നിവത്തിക്കിടത്തും. പിന്നെയാണു് ആശാന്റെ തിരുമ്മൽ. വളരെനേരം ശ്വാസംപിടിച്ചുകൊണ്ടു് സാധിക്കേണ്ട ഈ അഭ്യാസത്തിനു് ദീർഘകാലത്തെ പരിചയവും നല്ല ശരീരശക്തിയും ആവശ്യമാണു്. അധികവും ആശാൻ കാലുകൊണ്ടാണു് തിരുമ്മൽ നടത്തുന്നതു്. മുകളിൽ എവിടെയെങ്കിലും കെട്ടിയിട്ടിട്ടുള്ള ഒരു കയറിൽ പിടിച്ചു തൂങ്ങിനിന്നുകൊണ്ടു് ആശാൻ കാലുകൊണ്ടു മിന്നൽവേഗത്തിൽ ശിഷ്യനെ തിരുമ്മുന്നതു കണ്ടാൽ അത്ഭുതംതോന്നും. ശിഷ്യന്റെ ശരീരത്തിനു ലാഘവവും, ഏതുതരത്തിലുള്ള അഭ്യാസത്തിനും ആവശ്യമായ നൈപുണ്യവും ഇതിൽനിന്നു സിദ്ധിക്കും. ശക്തിയും ആരോഗ്യവും ഉണ്ടാകയുംചെയ്യും. കച്ചകെട്ടു സാധാരണമായി ഇടവപ്പാതി മഴകൊണ്ടുതണുത്ത മിഥുനം കർക്കടകം മാസങ്ങളിലായിരുന്നു നടത്തുക. യുദ്ധപരിശീലനം ചെയ്യുന്നവർ ശരീരലാഘവവും ആരോഗ്യവും നിലനിറുത്താൻ പിൽക്കാലത്തും [illegible] തിരുമ്മൽ നടത്തിയിരുന്നു.

ജനസമുദായത്തിന്റെയും രാജ്യത്തിന്റെയും രക്ഷയ്ക്കായി ആയുധം ധരിക്കുന്ന യോദ്ധാക്കൾക്കു് അതിനുള്ള അധികാരം ദേശാധിപതിയുടെ പക്കൽനിന്നുമാണു് സിദ്ധിക്കുന്നതു്. വീട്ടിലും പുറത്തും എപ്പോഴും വാൾ ധരിച്ചുകൊണ്ടു നടക്കുന്നതു് ആ വീരന്മാരുടെ ചിഹ്നമായിരുന്നു. കേരളത്തിലെ ഓരോ രാജാവിനേയും പ്രഭുവിനേയും ആശ്രയിച്ചു് അനേകായിരം യോദ്ധാക്കൾ കഴിഞ്ഞുവന്നു. എന്നാൽ അവർക്കു് ഒരു സ്ഥിരസൈന്യത്തിന്റെ സ്വഭാവം ഇല്ലായിരുന്നു. സമാധാനകാലങ്ങളിൽ കൃഷിതുടങ്ങിയുള്ള പ്രവൃത്തികളിൽ ഏർപ്പെട്ടു് അവർ കാലയാപനംനേടിപ്പോന്നു. ആയുധവിദ്യ അറിയാവുന്നവരെല്ലാം യുദ്ധകാലത്തു് പടയിൽ ചേർന്നുകൊള്ളണമെന്നു നിർബന്ധമായിരുന്നു. സൈന്യസേവനത്തിൽനിന്നു ഒഴിഞ്ഞുമാറുന്നവരെയും പടയിൽനിന്നു പിൻതിരിഞ്ഞു് ഓടുന്നവരെയും നിർദ്ദയമായി ശിക്ഷിക്കുക പതിവായിരുന്നു. യുദ്ധസേവനംചെയ്യുന്നവർക്കു് രാജാവു് 'വിരുത്തിവസ്തുക്കൾ'കൊടുത്തു സമ്മാനിച്ചിരുന്നു. 'ചാവേററുവിരുത്തി' എന്നൊരു പ്രത്യേകഇനം വിരുത്തിയിലുണ്ടെന്നു നിങ്ങൾ കേട്ടിരിക്കുമല്ലോ. യുദ്ധത്തിനുപോയാൽ ചത്തല്ലാതെ പിന്മാറുകയില്ലെന്നു ദൃഢസത്യംചെയ്തിരുന്ന കുറേ യോദ്ധാക്കൾ ഓരോ രാജാവിനും അന്നു് ഉണ്ടായിരുന്നു. സ്വാമിയുടെ ജീവനെയും രാജ്യത്തെയും സ്വന്തം ജീവിതംകൊണ്ടു് രക്ഷിക്കുമെന്നായിരുന്നു അവരുടെ ശപഥം. അത്തരം പത്തു ചാവേററുകാരായിരുന്നു ടിപ്പുവിന്റെ ആക്രമണത്തിൽനിന്നു 964-ാമാണ്ടു് തിരുവിതാംകൂറിനെ രക്ഷിച്ചതു്. അവർ നെടുങ്കോട്ടയുടെ ഒരുഭാഗത്തു് ഒളിച്ചിരുന്നുകൊണ്ടു് ടിപ്പുവിന്റെ സൈന്യത്തിൽ 2000-ൽപരം പേരെ കൊന്നു. കേരളം വിഴുങ്ങാൻവന്ന ആ മൈസൂർ വ്യാഘ്രത്തിന്റെ കാലൊടിച്ചു തിരിച്ചുയയ്ക്കുകയുംചെയ്തു.

ആയുധവിദ്യയുടെ സാഫല്യം അടക്കളത്തിലാണല്ലോ അറിയുന്നതു്. അതിനാൽ അന്നത്തെ യുദ്ധക്രമത്തിലേക്കാണു് ഇനിയും നമ്മുടെ വിചാരം തിരിയുന്നതു്. രണ്ടുതരം യുദ്ധത്തെപ്പററി മുഖ്യമായി പറയാനുണ്ടു്. രണ്ടു് ആളുകൾതമ്മിലുള്ള പോരിനു് അങ്കം എന്നു പറഞ്ഞുവരുന്നു. രണ്ടു് സൈന്യങ്ങൾതമ്മിൽ നടത്തുന്ന അടരാണു് രണ്ടാമത്തെതരം. ഈ രണ്ടുതരം യുദ്ധങ്ങളും പ്രാചീനകാലത്തു നമ്മുടെ നാട്ടിൽ സാധാരണമായിരുന്നു. അങ്കത്തെപ്പററിത്തന്നെ ആദ്യം വിചാരിക്കാം.

നിങ്ങൾ വടക്കൻപാട്ടുകൾ വായിച്ചിട്ടുണ്ടല്ലോ. എതിരില്ലാത്ത രസികതനിറഞ്ഞ ആ പാട്ടുകളിൽ ആരോമൽചേകോരുടെ പുത്തരിഅങ്കം പാട്ടു് ഓർമ്മിച്ചാൽമതി. രണ്ടു കക്ഷികൾക്കു തമ്മിൽ തർക്കംതീർക്കുന്നതിനായിരുന്നു അധികമായി അങ്കമാടിയിരുന്നതു്. കുടിപ്പക ഒതുക്കാനും, പെട്ടെന്നുണ്ടാകുന്ന അമർഷംകൊണ്ടും അതുപോലെ മററു പല കാര്യങ്ങൾക്കും അങ്കം നടത്തുന്നതു പതിവായിരുന്നു. വാദവിഷയങ്ങളിൽ തീർപ്പുകല്പിക്കുന്നതു് അന്നു തറക്കൂട്ടം, നാട്ടുക്കൂട്ടം തുടങ്ങിയ കൂട്ടങ്ങളായിരുന്നു. അത്തരം സഭകളുടെ തീരുമാനം കക്ഷികൾക്കു സമ്മതമായില്ലെങ്കിൽ അങ്കംവെട്ടി കാര്യം ഒതുക്കണമെന്നായിരുന്നു നാട്ടാചാരം. നാടുവാഴിയുടെ അനുമതിയോടും മാലോകരുടെ അറിവോടുമായിരുന്നു അങ്കം നടത്തേണ്ടതു്. അത്തരം വിവാദനിർണ്ണയത്തിനുള്ള അങ്കങ്ങളിൽ കക്ഷികളല്ല അങ്കംവെട്ടുന്നതു്. താന്താങ്ങളുടെ ഭാഗത്തിനുവേണ്ടി അങ്കംവെട്ടാൻ യുദ്ധവിദഗ്ദ്ധന്മാരെ ഓരോ കക്ഷിയും കണ്ടുപിടിക്കുക പതിവായിരുന്നു. അങ്കത്തിൽ വീളിച്ചാൽ ചെല്ലാതിരിക്കുന്നതു് പോരായ്മയെന്നു് അന്നത്തെ വീരന്മാരും കരുതിപ്പോന്നു.

അങ്കത്തിനുവരുന്ന വീരനും നാടുവാഴിക്കും കക്ഷി കിഴിപ്പണം കൊടുക്കണമായിരുന്നു. വിവാദനിർണ്ണയത്തിനു പൂർവ്വനിശ്ചയമനുസരിച്ചുള്ള അങ്കമാണെങ്കിൽ അങ്കത്തട്ടു് ഇടണം, എന്നായിരുന്നു നിയമം. തടികൊണ്ടു് പൊക്കത്തിൽ അങ്കത്തട്ട പണിഞ്ഞുണ്ടാക്കും. അങ്കം കാണാൻ ചുററും വന്നുപെരുകുന്ന നാട്ടുകാർക്കു് നല്ലവണ്ണം കാണാൻ ഈ ഏർപ്പാടു് പ്രയോജനപ്പെട്ടു. അങ്കത്തട്ടിടുന്നതു് ഒരു വലിയ ചടങ്ങായിരുന്നു. നാടുവാഴിയാണു് ആ ചുമതല വഹിച്ചിരുന്നതു്. അങ്കം തുടങ്ങുന്നതിനുമുമ്പു് കോഴിപ്പോരു നടത്തുന്ന പതിവും ഉണ്ടായിരുന്നു. രണ്ടു കക്ഷികൾ [illegible]ള്ള വിവാദമാണു് അങ്കത്തിനുള്ള കാരണമെങ്കിൽ രണ്ടു രാജ്യങ്ങൾ തമ്മിലുള്ള സംഘട്ടനമാണു് യുദ്ധഹേതു. വ്യക്തിയുടെ പ്രത്യേകപരിശീലനത്തിനു പ്രാധാന്യം കൊടുക്കുന്നതാണല്ലോ കളരിപ്പയററു്. എന്നാൽ സേനാസന്നാഹത്തിൽ കൂട്ടുചേർന്നുള്ള പ്രവത്തനമാണു് മുഖ്യം.

ആര്യവർഗ്ഗക്കാരുടെ സൈന്യസന്നാഹത്തെയും വ്യൂഹരചനകളെയുംപററി കേരളീയർക്കു് സാമാന്യബോധം ഉണ്ടായിരുന്നുകാണും; സംശയമില്ല. എന്നാലും കളരിയിൽ പയററിപഠിച്ച കേരളീയർക്കു് സൈന്യപ്രവത്തനത്തിലുള്ള നൈപുണ്യം അങ്കത്തിലെപ്പോലെ ഫലിച്ചിരുന്നില്ല എന്നു പറയുന്ന വിദേശികളുണ്ടു്. അതിൽ അല്പം സത്യം ഇല്ലെന്നു പറയാൻമേല. എന്നാൽ പല വിദേശസൈന്യങ്ങളെ അനേകം തവണ തോല്പിച്ച കേരളീയസൈന്യങ്ങളുടെ സംഘടിതയുദ്ധസാമർത്ഥ്യത്തെപ്പററി സംശയിക്കുന്നതു് അയുക്തമെന്നല്ലേ സിദ്ധിക്കൂ. ഏ. ഡി. രണ്ടാംശതകത്തിൽ ചെങ്കുട്ടവന്റെ സൈന്യം ഭാരതഖണ്ഡം മുഴുവൻവെന്നു ഹിമാലയത്തിൽ കൊടിനാട്ടി. 14-ാംനൂററാണ്ടിൽ രവിവർമ്മസംഗ്രാമധീരന്റെസേന പാണ്ഡ്യചോളന്മാരെ തോല്പിച്ചു് ദക്ഷിണഭാരതം മുഴുവൻ സ്വാധികാരം സ്ഥാപിച്ചു. 16-ാംശതകത്തിന്റെ അവസാനം വേണാട്ടടികൾ 60000 വില്ലാളികളുമായിച്ചെന്നു വിജയനഗരരാജാവായ നരസിംഹരായരുടെ സൈന്യത്തെ തോല്പിച്ചതായി ആൽബുക്കർക്കു് പ്രസ്താവിച്ചിട്ടുണ്ടു്. 17-ാംനൂററാണ്ടിൽ ഇരവിക്കുട്ടിപ്പിള്ള പടത്തലവന്റെ നായകത്വത്തിൽ വേണാട്ടുസൈന്യം മധുരപ്പടയെ തോല്പിക്കാനും ശക്തമായി. നാവികശക്തിയുണ്ടെന്ന ഹുങ്കോടെവന്ന ലന്തപ്പടയെ കുളച്ചൽവച്ചു തോല്പിച്ചു് അവരിൽ പ്രമാണികളെ തടവിൽപിടിക്കാനും നമ്മുടെ പടയ്ക്കു കഴിഞ്ഞു. ടിപ്പുവിനെ എതിരിടാൻ ഇംഗ്ലീഷുകാരോടൊത്തു് അടരാടിയ നമ്മുടെ യോദ്ധാക്കൾ ഇംഗ്ലീഷുകാരുടെ പ്രശംസ വേണ്ടുവോളം സമാർജ്ജിച്ചു. യുദ്ധത്തിൽ അവർ നേടിയിരുന്ന സാമർത്ഥ്യത്തിനു് ഇതിൽക്കൂടുതൽ [illegible] വേണമോ?

ചതുരംഗസേനയെന്നാണു് സൈന്യവിഭാഗത്തിനു് സംസ്കൃതത്തിലെ വ്യവഹാരം. ആന, കുതിര, രഥം, കാലാൾ എന്ന വിഭാഗവ്യവസ്ഥ കേരളീയസൈന്യത്തെപ്പററി സൂക്ഷ്മാർത്ഥത്തിൽ പറയാവുന്നതല്ല. ധാരാളം ആനയുള്ള ഈ നാട്ടിൽ ആ മൃഗത്തെ യുദ്ധത്തിനു് ഉപയോഗിച്ചുപോന്നു. എന്നാൽ കുതിരയില്ലാത്ത ഈ നാട്ടിൽ കുതിരപ്പട കുറവായിരുന്നുവെന്നുതന്നെ പറയാം. എന്നാൽ യുദ്ധത്തിൽ കുതിരയെ തീരെ ഉപയോഗിച്ചിരുന്നില്ലെന്നു ചില വിദേശികൾ രേഖപ്പെടുത്തീട്ടുള്ളതു് ശരിയല്ല.

"കുതിരപ്പുറത്തങ്ങു കയറിയവർ
ആർത്തുവിളിച്ചു പുറപ്പെട്ടിതു
തുളുനാടൻകോട്ട പിടിച്ചവരും
യാത്രയുംചൊല്ലി തിരിച്ചടിച്ചു."

എന്നു് വടക്കൻപാട്ടിൽനിന്നു ഗ്രഹിക്കാം. ഇരവിക്കുട്ടിപ്പിള്ള പടയ്ക്കുപോയതും കുതിരപ്പുറത്തു കയറിയായിരുന്നു.

"പട്ടാണിമാരുടൻ കൂടിക്കൊണ്ടുപിള്ളെ
പടയ്ക്കുപോറഞ്ഞ പാരുക്കോടി
ചുട്ടിക്കുതിരയിൽ ഏറിക്കൊണ്ടു
തുലുക്കവേഷവും പൂണ്ടുകൊണ്ടു്"

ഏതായാലും കുതിരപ്പട വിരളമായിരുന്നെന്നു സമ്മതിക്കാം. രഥം ആണെങ്കിൽ ഇല്ലായിരുന്നെന്നുതന്നെ പറയണം. കാടും മലകളും കുണ്ടും കുഴികളും നിറഞ്ഞ ഈ രാജ്യത്തു രഥയുദ്ധം സാദ്ധ്യമല്ലെന്നു പറയണമെന്നില്ലല്ലോ.

കാലാൾപ്പടയാണു് അതിനാൽ സൈന്യത്തിൽ ഏററവും പ്രധാനമായിത്തീന്നതു്. അവരിൽ വാൾക്കാർ, കുന്തക്കാർ, വില്ലാളികൾ എന്നിവർ പണ്ടേയ്ക്കുപണ്ടേയും, തോക്കും, വൻതോക്കും, തീക്കുടുക്കയെന്നു പറയുന്ന നാടൻബോംബും പ്രയോഗിക്കുന്നവർ കരിമരുന്നുവിദ്യ പ്രചരിച്ചതിനുശേഷവും പ്രശസ്തിയാന്നു. ഇവിടെത്തന്നെ നല്ല തോക്കുകൾ ഉണ്ടാക്കിയിരുന്നുവെന്നും, ഉന്നംപിഴയ്ക്കാതെ വെടിവച്ചു ഫലിപ്പിക്കാൻ ഇവിടത്തെ യോദ്ധാക്കൾ പ്രശംസനീയമായ സാമർത്ഥ്യം നേടിയിരുന്നെന്നും പോർട്ടുഗീസ്സുകാരും ഡച്ചുകാരും ഇവിടെ വന്നകാലംതൊട്ടേ പ്രസിദ്ധമാണു്.

പടയ്ക്കുപോകുമ്പോഴത്തെ വേഷവിധാനം ആയുധങ്ങൾ, പടപ്പുറപ്പാടിന്റെ കോലാഹലങ്ങൾ, പട നടത്തുന്ന രീതി, യുദ്ധത്തിലെ ജയാപജയങ്ങൾ, ധർമ്മബോധം, രക്ഷാസങ്കേതങ്ങളായ കോട്ടകൾ ഇങ്ങനെ അനേകം വിഷയങ്ങളും യുദ്ധസമ്പ്രദായത്തെപ്പററി പറയുമ്പോൾ പ്രസക്തമാണു്. അരയിൽകച്ചമാത്രം ധരിച്ചു്, തലയിൽ ചുവന്ന പട്ടുകെട്ടി അങ്ങനെ കൂന്നുകൂട്ടമായി, അണിനിരന്നു ആർപ്പുവിളിച്ചു പടയ്ക്കു പുറപ്പെടും.

"വീരാണം നാഗസ്വരം വെങ്കലത്തമ്പട്ടം (കൊമ്പുകുഴൽ
തിന്തിമിചെണ്ടതാളം പാററിയ കൈയ്‌മ- (ണിയെക്കാളം"

എന്നിവ മുഴക്കിക്കൊണ്ടാണു "വില്ലാളരും കുഴൽക്കാരും, വടിവാൾ പരിശക്കാരും" എല്ലാം യുദ്ധയാത്ര ചെയ്തതു്.

യുദ്ധത്തിന്റെ രീതിയോ? പകൽമാത്രമേ യുദ്ധംചെയ്യുക പതിവുണ്ടായിരുന്നുള്ളു. ഇരുകക്ഷികളും അടുത്തുതന്നെ കൂടാരം അടിച്ചുകിടക്കും. രാവിലേ എണീററു് ദിനകൃത്യങ്ങൾനടത്തീട്ടു പെരുമ്പറമുഴക്കി ശത്രുവിനെ അറിയിച്ചിട്ടാണു് യുദ്ധം തുടങ്ങുക. ഇരുകക്ഷിക്കാരും വളരെ അടുത്തു അണിനിരന്നുനിന്നാണു് യുദ്ധം. പരിചകൊണ്ടു മുന്നണിയിൽ ഒരു രക്ഷാഭിത്തി ഉണ്ടാക്കുന്നതുപോലെ വാൾക്കാർ നിൽക്കും. അവരുടെ പിന്നിലാണു് വില്ലാർ. ഗദയും കടത്തിലയും വഹിക്കുന്നവരും അവരോടൊത്തു കാണും. കുന്തവും വടിയുംകൊണ്ടു അടരാടുന്നവരാണു പിൻപിൽ നിൽക്കുക. യുദ്ധത്തിന്റെ തിമിർപ്പിലും ഈ മുറയും ക്രമവും തെററാതെ അടരാടാൻ അവർ ശ്രദ്ധിച്ചിരുന്നു. എന്നാലും മററു രാജ്യങ്ങളിലെ യുദ്ധങ്ങളെപ്പററി ഓർത്താൽ ഇവിടത്തെ യുദ്ധത്തിലെ ആൾനാശം വളരെ കുറവായിരുന്നുവെന്നുകാണാം. യുദ്ധത്തെപ്പററി ഇങ്ങനെ നില്ക്കട്ടെ.

സൈന്യങ്ങളുടെ അഭ്യാസശക്തിയേയും വീര്യപൌരുഷങ്ങളേയും എന്നപോലെ രക്ഷോപായക്കോട്ടയെയും രാജ്യരക്ഷയ്ക്കു അന്നു രാജാക്കന്മാർ ആശ്രയിച്ചിരുന്നു. അനേകം കോട്ടകളെപ്പററി വടക്കൻപാട്ടുകളിലും മററു അനേകം പഴയ രേഖകളിലും പറഞ്ഞുകാണുന്നുണ്ടു്. അന്നത്തെ കോട്ടകളും കൊത്തളങ്ങളും കളരികളും അല്ല, അന്നത്തെ കേരളംതന്നെ ഇന്നു സ്മൃതിയിൽമാത്രം അവശേഷിക്കുന്നു.

(പ്രക്ഷേപണകേന്ദ്രത്തിന്റെ അനുവാദത്തോടുകൂടി)

# പത്രപ്രവർത്തനം

ബാരിസ്റ്റർ—
കെ.പി. കേശവമേനോൻ

പത്രപ്രവർത്തനം പൊതുജനസേവനത്തിനുള്ള ഒരു മഹനീയമായ മാർഗ്ഗമാണെന്നു വിശ്വസിച്ച്, ധീരതയോടെ തന്റെ കൃത്യം നിർവ്വഹിക്കുന്ന ഒരു പത്രപ്രവർത്തകൻ രാജ്യത്തിന്റെ ഒരു വലിയ താങ്ങുതൂണാണ്. ഉയർന്ന ഗവൺമെന്റുദ്യോഗസ്ഥനെക്കാളും, വലിയ കച്ചവടക്കാരനെക്കാളും, പ്രസിദ്ധനായ രാജ്യതന്ത്രജ്ഞനെക്കാളും മഹത്തായ സേവനമാണ് ഉത്തമനായ ഒരു പത്രപ്രവർത്തകൻ സമുദായത്തിനു ചെയ്യുന്നതു്. പത്രപ്രവർത്തകന്റെ കയ്യിലുള്ള പേന ലോകോദ്ധാരണത്തിനുള്ള ഒരു മഹായുധമാണ്. പക്ഷഭേദമില്ലാതെ പരമാർത്ഥം തുറന്നുപറയുക, ഭേദബുദ്ധികൂടാതെ വിജ്ഞാനം പരത്തുക, ലോകരെ സ്പർശിക്കുന്ന നാനാപ്രശ്നങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ സ്വതന്ത്രമായി വിതരണംചെയ്യുക, അവയ്ക്കു പരിഹാരങ്ങൾ കാണുവാനുള്ള മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കുക, മനുഷ്യാവകാശത്തെയും, മൗലിക സ്വാതന്ത്ര്യത്തെയും കുറിച്ചു ബഹുമാനം വർദ്ധിപ്പിക്കുവാൻ ജനങ്ങളെ സഹായിക്കുക, വർഗ്ഗം ഭാഷ, മതം തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള വ്യത്യസ്തസംഘങ്ങൾക്കെതിരായി വെറുപ്പും വിദ്വേഷവും വളർത്താതിരിക്കുക, രാഷ്ട്രങ്ങൾ തമ്മിൽ സൌഹാർദ്ദവും, ലോകത്തിൽ സമാധാനവും നിലനിർത്തുന്നതിനെ സർവ്വകഴിവുകളും ഉപയോഗപ്പെടുത്തുക—അതാണ് ഒരു പത്രത്തിന്റെ ധർമ്മം. അതുതന്നെയാണ് ഒരു പത്രപ്രവർത്തകന്റെ കടമയും.

1950-ജനുവരി 26 ാംനു- ഇന്ത്യ പരമാധികാരമുള്ള ഒരു ജനാധിപത്യറിപ്പബ്ലിക്കായിത്തീർന്നു. ഈ രാജ്യത്തിലെ ഭരണത്തിന്റെ അധികാരവും ചുമതലയും അതിലെ ജനങ്ങളിലായിത്തീർന്നു. അതോടുകൂടി ഇന്ത്യയിലെ വർത്തമാനപ്പത്രങ്ങളുടെ സ്ഥിതിക്കും, സ്വാധീനശക്തിക്കും, ഉത്തരവാദിത്വത്തിനും വലിയ മാററംവന്നു. സ്വാതന്ത്ര്യലബ്ധിക്കായി ഇതുവരെ പൊരുതുകയും കഷ്ടപ്പെടുകയും ചെയ്തിരുന്ന പത്രങ്ങൾക്കു ഇപ്പോൾ ആ സ്വാതന്ത്ര്യത്തെ സുരക്ഷിതമാക്കുന്നതിനും രാജ്യത്തിലെ സാമ്പത്തികസ്ഥിതി ഉയർത്തുന്നതിനും ശ്രദ്ധപതിക്കേണ്ടതായിവന്നു. ഇന്ത്യയുടെ ചരിത്രത്തിൽ എന്നപോലെ ഈ നാട്ടിലെ പത്രപ്രവർത്തനത്തിന്റെ ചരിത്രത്തിലും ഇപ്പോൾ ഒരു പുതിയയുഗം ആരംഭിച്ചിരിക്കുകയാണ്.

വിശേഷവർത്തമാനങ്ങൾ ആദ്യമായി ജനങ്ങളെ അറിയിക്കുവാൻ തുടങ്ങിയതു് ജൂലിയസ് സീസറുടെ കാലത്തായിരുന്നു. അതു രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പായിരുന്നു. അന്നത്തെ ജനനമരണക്കണക്കുകളും, സെനററിൽ നടന്ന വിവരങ്ങളും, കൊട്ടാരത്തിലെ സംഭവങ്ങളും ദിവസേന ഒരു വെള്ളപ്പലകമേൽ എഴുതി എല്ലാവർക്കും കാണുവാനായി റോംപട്ടണത്തിൽ ഒരു പബ്ളിക്സ്ഥലത്തു് തൂക്കിയിരുന്നു. അതുവായിക്കുവാനായി ആളുകൾ അവിടെ തിരക്കിക്കൂടുക പതിവായിരുന്നു. കുറെ കഴിഞ്ഞപ്പോൾ ഈ സമ്പ്രദായം സ്വല്പം ഭേദപ്പെടുത്തി. വർത്തമാനങ്ങളെല്ലാം ഒരു ഉദ്യോഗസ്ഥൻ പലരെക്കൊണ്ടും എഴുതിച്ച് അതിന്റെ ഓരോ കോപ്പി ഓരോ സ്ഥലത്തേക്കു അയച്ചിരുന്നു. ഇങ്ങനെ സീസറുടെ 'ആക്ററാഡയാർനാ' (Acta Diarna)—ദിനന്തോറുമുള്ള സംഭവങ്ങൾ ലോകത്തിലെ ആദ്യത്തെ വർത്തമാനപ്പത്രമായിത്തീർന്നു. ഇതു ഏകദേശം മൂന്നു നൂററാണ്ടോളം നിലനിന്നു. ഏതാണ്ടു് ഈ സമ്പ്രദായംതന്നെ ഏഴാംനൂററാണ്ടിൽ ചീനയിലും ഉണ്ടായിരുന്നു. അച്ചടിയന്ത്രം കണ്ടുപിടിക്കുന്നതുവരെ മിക്കരാജ്യങ്ങളിലും ജനങ്ങളെ വിശേഷവർത്തമാനങ്ങൾ അറിയിച്ചിരുന്നതു് അതിന്നായി പ്രത്യേകം നിശ്ചയിച്ചിട്ടുണ്ടായിരുന്ന ആളുകൾ മുഖാന്തിരമായിരുന്നു.

ഒരു വർത്തമാനപ്പത്രം ആദ്യമായി അച്ചടിച്ചുപുറത്താക്കിയതു് 1609-ൽ ജർമ്മനിയിൽ വെച്ചായിരുന്നു. അതിനുശേഷം യൂറോപ്പിൽ പല രാജ്യങ്ങളിലും വർത്തമാനപ്പത്രങ്ങൾ നടപ്പായിവന്നു. പിന്നത്തെ രണ്ടു നൂററാണ്ടുകാലം യൂറോപ്പിൽ വർത്തമാനപത്രങ്ങൾക്കുണ്ടായ വളർച്ച് വിസ്മയജനകമാണ്. യന്ത്രങ്ങളുടെ സൌകര്യവും, കടലാസിനുള്ള വിലക്കുറവും, വിദ്യാഭ്യാസത്തിന്റെ വളർച്ചയും, രാജ്യകാര്യങ്ങളിൽ ജനങ്ങൾക്കുണ്ടായിരുന്ന താല്പര്യവും, വർത്തമാനപ്പത്രങ്ങളുടെ എണ്ണവും പ്രചാരവും വർദ്ധിപ്പിച്ചു. ഡീഫൊ, സ്വിഫ്ട്, സ്റ്റീൻ, അഡിസൺ, ഡോക്ടർ ജോൺസൺ, സി. പി. സ്കോട്ടാടിസ്റ്റഡ്', ടി. പി. ഒക്കൊഹർ, ഹൊത്ത ക്ലിഫ് എന്നിവരുടെ സേവനങ്ങൾ പത്രങ്ങളുടെ പദവിയും സ്വാധീനശക്തിയും വർദ്ധിപ്പിക്കുന്നതിന്നു സഹായിച്ചു. പത്രങ്ങളിൽ മുഖപ്രസംഗങ്ങൾ പ്രസിദ്ധംചെയ്യുന്ന സമ്പ്രദായം ആദ്യമായി തുടങ്ങിയതു് സ്വിഫ്ട് ആയിരുന്നു

ഇംഗ്ലീഷുപത്രങ്ങളുടെ മുന്നണിയിൽ നിൽക്കുന്ന 'ടൈംസ്'പത്രം ആരംഭിച്ചതു് 1785-ൽ ആയിരുന്നു. മററുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നതോ, അവരുടെ മനസ്സിനെ ദുഷിപ്പിക്കുന്നതായോ ഉള്ള യാതൊരു വിവരങ്ങളും ടൈംസിൽ പ്രസിദ്ധപ്പെടുത്തുകയില്ലെന്നു് അതിന്റെ സ്ഥാപകനായ ജോൺവാൾട്ടർ ആ പത്രം ആരംഭിച്ച അവസരത്തിൽ പ്രസ്താവിക്കുകയുണ്ടായി. അറിയേണ്ടതായ കാര്യങ്ങളുടെ സൂക്ഷ്മവിവരങ്ങൾ, സത്യത്തിന്നനുസരിച്ച്, പ്രസിദ്ധപ്പെടുത്തുന്നതല്ലാതെ, പക്ഷം പിടിച്ചുപറയുകയോ, കക്ഷി വഴക്കിൽപെടുകയോ ടൈംസ് ചെയ്യുന്നതല്ല എന്നായിരുന്നു അദ്ദേഹത്തിന്റെ നിശ്ചയം. ഓരോ വകുപ്പിലും, അതാതു വിഷയത്തിൽ പ്രത്യേകം വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള ആളുകളെ നിശ്ചയിക്കുന്നതു് 'ടൈംസ്' പത്രത്തിനുള്ള ഒരു വിശേഷതയാണ്.

ഭാഷാശുദ്ധിയും സാഹിത്യമഹിമയും ഒനാക്കുന്നതായാൽ ഫ്രഞ്ചുപത്രങ്ങൾ ഇംഗ്ലീഷുപത്രങ്ങളെക്കാൾ മെച്ചംകൂടുമെന്നുള്ളതിന്നു സംശയമില്ല.

പത്രസ്വാതന്ത്ര്യത്തിന്നായി ഇംഗ്ലീഷുപത്രങ്ങൾ ആദ്യകാലങ്ങളിൽ അനുഭവിച്ച കഷ്ടതകൾ വർത്തമാനപ്പത്രങ്ങളുടെ ചരിത്രത്തിലെ ആവേശജനകമായ ഒരദ്ധ്യായമാണ്. വലിപ്പംകൊണ്ടു് നോക്കുന്നതായാൽ അമേരിക്കയിലെ പത്രങ്ങൾ ഇംഗ്ലണ്ടിലെ പത്രങ്ങളുടെ കടന്നനിലയ്ക്കും 'അററലാൻേറാ ജർണൽ ആൻറ് കോൺസ്റ്റിററൂഷൻ' (Atlando Journal & Constitution) എന്ന ഒരു പുതിയ പത്രം ഇയ്യിടെ 240 ഭാഗങ്ങളോടുകൂടിയാണ് പുറത്തുവന്നതു്. 'കാൻസാസ് സിററിസ്റ്റാർ' (Kansas City Star) എന്ന മറെറാരു പത്രത്തിനു് 252 ഭാഗങ്ങൾ ഉണ്ടായിരുന്നു.

ലണ്ടനിലെ ദിനപത്രങ്ങൾ എല്ലാംകൂടി ഏകദേശം രണ്ടുകോടി പ്രതികൾ ദിവസംതോറും അച്ചടിച്ചുവിതരണം ചെയ്യുന്നുണ്ടു്. ഞായറാഴ്ച ദിവസങ്ങളിൽമാത്രം പ്രസിദ്ധപ്പെടുത്തുന്ന പത്രങ്ങൾ ഇതിന്നു പുറമേയാണ്. അതു 2 കോടി 70 ലക്ഷം ഉണ്ടാകുമെന്നാണു കണക്കാക്കിയിരിക്കുന്നതു്. ലണ്ടൻപട്ടണത്തിലുള്ള പത്രങ്ങളെപ്പററിയാണു ഇത്രയും പറഞ്ഞതു്, അതിന്നു പുറത്തു ബ്രിട്ടനിൽ പല ഭാഗങ്ങളിലായി ഏകദേശം 100 ദിനപത്രങ്ങളും 1000-ൽ അധികം പ്രതിവാരപത്രങ്ങളും ഉണ്ടു്. സ്വകാര്യഉടമസ്ഥതയിൽ നടത്തുന്ന പത്രങ്ങൾ ഇംഗ്ലണ്ടിൽ ചുരുങ്ങും. വലിയ കമ്പനികളുടെ ഉടമസ്ഥതയിൽ ആണു പത്രങ്ങൾ പലതും നടത്തുന്നതു്. ഒരു കമ്പനിയുടെ ഉടമയിൽ അനവധിപത്രങ്ങൾ പ്രസിദ്ധംചെയ്യുന്നുണ്ടാകും. സുപ്രസിദ്ധപത്രഉടമസ്ഥനായിരുന്ന നോർത്ത്ക്ലിഫ് പ്രഭുവിന്റെ മരണത്തിന്നുശേഷം 16 ലക്ഷം പവൻ വിലയ്ക്കാണു അദ്ദേഹത്തിന്റെ ഉടമാവകാശങ്ങൾ ഡെയിലിമെയിൽട്രസ്റ്റ് വിലയ്ക്കു വാങ്ങിയതു്. ആ ട്രസ്റ്റ്തന്നെ പിന്നീടു 80 ലക്ഷം പവൻ വേറെ ചില പത്രങ്ങളേയും വിലയ്ക്കു വാങ്ങിയിരുന്നു. മററു കച്ചവടങ്ങളിൽ എന്നപോലെ, ചെറിയ വ്യാപാരങ്ങളെ വലിയ കമ്പനികൾ വിഴുങ്ങുന്ന സമ്പ്രദായം പത്രവ്യവസായത്തിലും വന്നുചേർന്നു.

ഇംഗ്ലീഷുസമ്പ്രദായമാണ് പത്രത്തിന്റെ നടപ്പിനെ സംബന്ധിച്ചേടത്തോളം ഇന്ത്യയിൽ അനുകരിച്ചിട്ടുള്ളതു്. പണക്കാരും, കമ്പനിക്കാരും ഒന്നിൽ അധികം പത്രങ്ങളെ തങ്ങളുടെ അധീനത്തിലാക്കി; സ്വാർത്ഥതാല്പര്യങ്ങൾക്കും കക്ഷിതാല്പര്യങ്ങൾക്കും അവയെ ഉപയോഗപ്പെടുത്തുന്നതു് ഇപ്പോൾ നമ്മുടെ നാട്ടിൽ സാധാരണയായിത്തീർന്നിട്ടുണ്ടു്. പത്രപ്രവർത്തനം മഹിമയേറിയ പൊതുജനസേവനമായി കരുതി, അതിന്നായി തങ്ങളുടെ കഴിവുകളെല്ലാം ഉപയോഗപ്പെടുത്തിയിരുന്ന ചില മഹാന്മാരായിരുന്നു ഇന്ത്യക്കാരുടെ ദേശാഭിമാനം തട്ടിയുണർത്തി, പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാനുള്ള സന്മനസ്സും ഉത്സാഹവും അവരിൽ വളർത്തിയതു് ലോകമാന്യ ബാലഗംഗാധരതിലകൻ, ലാലാലജപതിറായ്, മിസിസ്സ് ആനിബസന്റ്, ജി. സുബ്രഹ്മണ്യഅയ്യർ, രാമാനന്ദ ചാറർജി എന്നീ പേരുകൾ പത്രപ്രവർത്തകന്മാർക്കു മാർഗ്ഗദർശികളാണ്.

കേരളത്തിലെ പത്രപ്രവർത്തനത്തെ സംബന്ധിച്ചേടത്തോളം പരേതനായ ശ്രീമാൻ കെ. രാമകൃഷ്ണപിള്ള ഈ കാര്യത്തിൽ അനശ്വരകീർത്തിനേടിയിട്ടുണ്ടു്. പത്രപ്രവർത്തനത്തിന്നു അദ്ദേഹം ചെയ്ത സേവനം അഭിമാനപൂർവ്വം കേരളീയർ എന്നെന്നും ഓർമ്മിക്കുന്നതാണ്.

ഇന്ത്യയിൽ ആകെ 3900 വർത്തമാനപ്പത്രങ്ങളുണ്ട്. ഇവയിൽ 300 ദിനപത്രങ്ങളാണ്. ഈ മുന്നൂറുദിനപത്രങ്ങളിൽ 30 കേരളത്തിലുണ്ടു്:—ഈ പത്രങ്ങൾക്കെല്ലാംകൂടി ഏകദേശം 70 ലക്ഷം വരിക്കാർ ഉണ്ടായിരിക്കുമെന്നാണു കണക്കാക്കിയിരിക്കുന്നതു്. ഒരു ലക്ഷമോ അതിൽ അധികമോ വരിക്കാറുള്ള പത്രങ്ങൾ ഇന്ത്യയിൽ ഒന്നോ രണ്ടോ ഉണ്ടായിരിക്കും. അത്രമാത്രമേയുള്ള രാജ്യത്തിലെ ജനസംഖ്യയും, പത്രങ്ങളുടെ വരിക്കാരുടെ എണ്ണവും കണക്കാക്കിനോക്കിയാൽ പത്രങ്ങൾക്കുള്ള പ്രചാരം നമ്മുടെ നാട്ടിൽ ഇനിയും എത്രയോ വർദ്ധിപ്പിക്കേണ്ടതുണ്ടെന്നു മനസ്സിലാകും.

ഒരു ജനാധിപത്യറിപ്പബ്ളിക്കിൽ പത്രങ്ങൾക്കുള്ള സ്ഥാനവും സ്വാധീനശക്തിയും എത്രയും മഹത്തായ ഒന്നാണ്. വയോജനവിദ്യാഭ്യാസത്തിനുള്ള ഒരു വലിയ ആയുധമാണു വർത്തമാനപത്രം. സ്വന്തം രാജ്യത്തിലേയും, വിദേശങ്ങളിലേയും സംഭവങ്ങളെപ്പററി അറിയുന്നതും, തങ്ങളുടെ സുഖസൌകര്യങ്ങളെ സ്പർശിക്കുന്ന പല കാര്യങ്ങളേയുംപററി ജനങ്ങൾ മനസ്സിലാക്കുന്നതും പത്രങ്ങളൽ നിന്നാണു—ലോകത്തിലെ സാംസ്കാരിക പുരോഗതി സൂക്ഷ്മമായി ധരിക്കുന്നതിനും പത്രങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

'പൊതുജനസേവനമാണു പത്രപ്രവർത്തനത്തിന്റെ ഉദ്ദേശം. വർത്തമാനപത്രങ്ങൾ ശക്തിയേറിയ ആയുധങ്ങളാണ്. വെള്ളച്ചാൽ നേർവഴിക്കുതിരിക്കാതിരുന്നാൽ നാടും കൃഷിയും നശിക്കുന്നതുപോലെ, പേന ശരിയാംവണ്ണം നിയന്ത്രിക്കാതിരുന്നാൽ ഗുണത്തിന്നുപകരം നാശമാണു ഉണ്ടാകുക' എന്നു മഹാത്മാഗാന്ധി ഒരവസരത്തിൽ പറഞ്ഞിട്ടുള്ളതു സ്മരണീയമാണ്.

പത്രപ്രവർത്തനം തങ്ങളുടെ തൊഴിലായി എടുത്തിട്ടുള്ളവരുടെ പദവിയും സാമ്പത്തികസ്ഥിതിയും ഉയർത്തേണ്ടതുണ്ടു്. ന്യായമായ സുഖസൌകര്യങ്ങളോടെ ജീവിക്കുവാൻ ആവശ്യമായ സംഖ്യമാസന്തോറും ശരിക്കു ലഭിക്കുന്ന പത്രപ്രവർത്തകന്മാരുടെ എണ്ണം ഇന്ത്യയിൽ എത്രയോ ചുരുക്കമാണ്. അതു അവർക്കുണ്ടാക്കിക്കൊടുക്കുവാനായിരിക്കണം നമ്മുടെ പരിശ്രമം. ഗവമ്മെൻറ് ആഫീസുകളിൽ പ്രവൃത്തിയെടുക്കുന്ന പലരേപോലെ ഭാവിയെ സംബന്ധിച്ച യാതൊരു ഭയവും ഇല്ലാതെ, മര്യാദയായി ജീവിക്കുവാനുള്ള മാർഗ്ഗങ്ങൾ അവർക്കുണ്ടായിരിക്കണം ഈ ഉദ്ദേശത്തോടുകൂടി പ്രവർത്തിച്ചുവരുന്ന പത്രപ്രവർത്തകന്മാരുടെ ചില സംഘടനകൾ അടുത്തകാലത്തു് ഇന്ത്യയിൽ ഉണ്ടായിവന്നിട്ടുണ്ടു്. കഴിഞ്ഞ കാൽനൂററാണ്ടിന്നുള്ളിൽ വന്നുചേർന്നിരിക്കുന്നതായ മാററങ്ങളെപ്പററി ചിന്തിക്കുമ്പോൾ അടുത്ത ഭാവിയിൽ തന്നെ പത്രപ്രവർത്തകന്മാരുടെ സാമ്പത്തികസ്ഥിതിക്കു തൃപ്തികരമായ മാററം ഉണ്ടാകുമെന്നു നമുക്കു പ്രതീക്ഷിക്കാം. എന്നാൽ അതു തനിയെ വന്നുചേരുകയില്ല. അതിന്നായി ആ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ പ്രയത്നിക്കുകതന്നെവേണം.

നമ്മുടെ അവകാശങ്ങൾക്കായി പൊരുതുന്ന സമയത്തുതന്നെ നമ്മുടെ ബാദ്ധ്യതകളെപ്പററിയും ചിന്തിക്കേണ്ടതുണ്ടു്. ഏതു തൊഴിൽ ചെയ്യുന്നവർക്കും അവരുടെ തൊഴിൽ സംബന്ധമായ പരിശീലനം ആവശ്യമാണ്. എന്നുമാത്രമല്ല ധർമ്മബോധത്തോടെ തങ്ങളുടെ ജോലി നിർവ്വഹിക്കുന്നതിനുള്ള സന്നദ്ധതയും അവർക്കുണ്ടാകണം. അമേരിക്കയിലെ ഒരു സുപ്രസിദ്ധപത്രമായ 'ന്യൂയോർക്ക് ടൈംസി'നെ ഉയർന്നനിലയിൽ എത്തിക്കുന്നതിന്നു അക്ഷീണം പരിശ്രമിച്ചിരുന്ന പരേതനായ അഡോൾഫ് ഓക്സ് ആ പത്രത്തിന്റെ നടത്തിപ്പിനെ സംബന്ധിച്ചു ചില നിർദ്ദേശങ്ങൾ തന്റെ ഒസ്യത്തിൽ ചേർത്തിരുന്നു. അതിൽ ഇങ്ങനെ പറഞ്ഞിരുന്നു.

'ആരുടേയും ആവശ്യങ്ങൾക്കും സ്വാധീനശക്തിക്കും വഴിപ്പെടാതെ, രാഷ്ട്രീയകക്ഷികളുടെ താല്പര്യങ്ങളെയും, മതപരമായോ മററു പ്രകാരത്തിലോ ഉണ്ടാകുവാനിടയുള്ള പ്രത്യേക ഇഷ്ടങ്ങളെയും വകവെക്കാതെ; പൊതുജനനന്മയെ മാത്രം മുൻനിർത്തി, നിർഭയമായ ഒരു സ്വതന്ത്രപത്രമായി അതിനെ വളർത്തിക്കൊണ്ടുവരണം.

അതിന്റെ പത്രാധിപപണികൾ എത്രയും വിജ്ഞാനപ്രദമായിരിക്കുവാനും, അതിൽ പൊതുജനാഭിപ്രായം ശരിയായി




പണ്ടുമുതല്ക്കു, ഭാരതീയമഹിമാപാരമ്പര്യത്തെ സൃഷ്ടിക്കുന്നതിൽ ഒട്ടും അപ്രധാനമല്ലാത്ത പങ്കായിരുന്നു വഹിച്ചിരുന്നത്. ഇന്നും, ഭാരതത്തെ, ഇടക്കാലത്തു വന്നുകൂടിയ അതിന്റെ അപകർഷനിലയിൽനിന്നും ഉയർത്താനുള്ള ശ്രമങ്ങളിൽ, സ്ത്രീകൾ സഹകരിക്കേണ്ടതു്, തികച്ചും സ്വാഭാവികവും അപരിത്യാജ്യവും മാത്രമാകുന്നു.

ഈ സഹകരണം ഏതുതരത്തിലെന്നു തീർച്ചയാക്കുംമുമ്പു്, നമ്മുടെ ഭാരതഖണ്ഡത്തിന്റെ ഇന്നത്തെ നിലപാടു് എന്തെന്നു നാം സൂക്ഷ്മമായി പഠിക്കേണ്ടിയിരിക്കുന്നു. ത്യാഗിവര്യനായ നമ്മുടെ രാഷ്ട്രപിതാവിന്റെ നേതൃത്വത്തിൽ നടന്ന ധർമ്മസമരത്തിന്റെ ഫലമായി, ഭാരതം, രാഷ്ട്രീയസ്വാതന്ത്ര്യം നേടി. ഇതുകൊണ്ടു എല്ലാം ആയില്ലെന്നും മററൊരു സ്വാതന്ത്ര്യം—സാമ്പത്തികസ്വാതന്ത്ര്യം—സമ്പാദിച്ചാലേ, സ്വാതന്ത്ര്യം വേണ്ടപോലെ പൂർണ്ണമാകൂ എന്നും, മഹാത്മജി, അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചു. അതിനു, സൃഷ്ടിപരമായി നാം പ്രവർത്തിക്കേണ്ട മാർഗ്ഗങ്ങളേയും, ആ മഹാനുഭാവൻതന്നെ വിവരിച്ചുതന്നിട്ടുമുണ്ടു. നാം ഒത്തൊരുമിച്ചു് ആ മാർഗ്ഗങ്ങളിൽക്കൂടി പ്രവർത്തിച്ചു്, നാട്ടിൽ സാമ്പത്തികസ്വാതന്ത്ര്യം കൈവരുത്തേണ്ടനിലപാടാണു്, ഇന്നു നമുക്കുള്ളതു്. ഗൗരവമേറിയ ഈ സംഗതി ഒന്നുമതി, ജനങ്ങളുടെ ക്ലേശസഹിഷ്ണുതയേയും ത്യാഗസന്നദ്ധതയേയും വേണ്ടുവോളം പരീക്ഷിക്കുവാൻ. അങ്ങനെ ഇരിക്കെ, ഈ അവസരത്തിൽ, മററൊരു വിഷമം, ഇതാ ക്ഷണിക്കാതെ എന്നപോലെ നമ്മെ വന്നുകൂടിയിരിക്കുന്നു? ഭാരതവിഭജനത്തെ തുടർന്നു് നമ്മുടെ നാട്ടിൽ വാലവാലെ എത്തിച്ചേർന്നുകൊണ്ടിരിക്കുന്ന അസംഖ്യം അഭയാർത്ഥികളുടെ ജീവിതാവശ്യങ്ങൾക്കു നിവൃത്തിമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുകയെന്ന വലിയ കൃത്യഭാരംകൊണ്ടുള്ളതല്ല അതു, മററൊന്നല്ല, ഈ പുതിയ ദുർഘടം. ഇതിനുംപുറമേ, അവിചാരിതമായുണ്ടായ കൊറിയൻയുദ്ധവും, ഇൻഡ്യയുടെ വടക്കും കിഴക്കുമുൾപ്പെട്ട മദ്ധ്യഏഷ്യയിലെ ഭയങ്കര വെള്ളപ്പൊക്കവും, നമ്മുടെ ആഹാരദാരിദ്ര്യത്തെ നാൾക്കുനാൾ പലപ്രകാരത്തിൽ വർദ്ധിപ്പിക്കാനും തുടങ്ങിയിരിക്കുന്നു. എല്ലാംകൂടി ഇങ്ങനെ ചേർന്നുവന്നപ്പോൾ, ഇന്നു്, ഭക്ഷ്യക്ഷാമമാണു്, ചെറുതിവില്ലാത്ത സാമ്പത്തികപ്രശ്നങ്ങളിൽവെച്ചു, നമ്മെ അതിരൂക്ഷമായി അലട്ടിത്തുടങ്ങിയിരിക്കുന്നതു്. ജനസാമാന്യത്തിന്റെ പരിപൂർണ്ണസഹകരണംകൂടാതെ ഈ വിഷമാവസ്ഥയ്ക്കു നിവൃത്തിഉണ്ടാക്കാൻ, ഗവർമ്മെൻറിനു് സാദ്ധ്യമല്ല. ഇക്കാര്യത്തിൽ ജനങ്ങൾ ചെയ്യേണ്ട സഹായസഹകരണങ്ങളെന്തെല്ലാമെന്നു് ഇന്നത്തെ രാജ്യഭരണമേധാവികൾ വേണ്ടപോലെ ആലോചിച്ചു അപ്പോഴപ്പോൾ ജനങ്ങളെ അറിയിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതു്. ഈ ഉദ്ബോധനങ്ങളനുസരിച്ചു പ്രവർത്തിച്ചുകൊള്ളുകയാണു്, പൊതുവേ പറഞ്ഞാൽ, ഇന്നത്തെ അതിമുഖ്യമായ പൌരകൃത്യം.

ഇങ്ങനെ ഭരണാധികാരികളിൽനിന്നുണ്ടായിക്കൊണ്ടിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ ഒട്ടധികവും; ജനങ്ങളുടെ ദൈനംദിനജീവിതചര്യയിൽ, തൽക്കാലം അവശ്യംവരുത്തേണ്ട മാററങ്ങളെ കുറിക്കുന്നവയാണു്. ഭാരതീയരുടെ ദിനചര്യയെ സ്പർശിക്കുന്നകാര്യമെന്നു വരുമ്പോൾ, ഗാർഹികജീവിതത്തിലെ നായികമാരായ ഇവിടത്തെ സ്ത്രീജനങ്ങൾക്കു്, അതിലുള്ള കർത്തവ്യം, ഒന്നുകൊണ്ടും നിഷേധിക്കത്തക്കതല്ലെന്നു സ്പഷ്ടമാണെല്ലോ. ഈ വെളിച്ചത്തിൽ നേ ക്കുമ്പോൾ കാണാം, ഭക്ഷ്യക്ഷാമനിവാരണത്തിൽ, സ്ത്രീകളായ നമുക്കു്, എന്തെല്ലാം ചെയ്യാൻ കഴിയുമെന്നു്.

## 1. ആഹാരദിനചര്യയ്ക്കു് മാററം

മാമൂലിന്റെ ആയക്കെട്ടിൽ നമുക്കു പണ്ടേപതിഞ്ഞു കിട്ടിയിട്ടുള്ളതാണു് "അടുക്കളക്കാര്യം" ഇക്കാര്യത്തിൽ നാം സ്വല്പമൊന്നു ശ്രദ്ധിക്കയേവേണ്ടൂ, ജനങ്ങളുടെ ആഹാരത്തിൽ ഇപ്പോഴത്തെ പരിതഃസ്ഥിതിക്കനുസരണമായ പരിവർത്തനം വരുത്താൻ ഇന്നു് നമുക്കനുവദിച്ചിട്ടുള്ള "റേഷൻ" പ്രകാരം കിട്ടുന്ന ഗോതമ്പു്, ബജ്റാ, മൈലോ മുതലായ ധാന്യങ്ങളെക്കൊണ്ടു് ആസ്വാദ്യമായ അന്നവും, കടല, ഉവര തുടങ്ങിയ മററു പലവക സാധനങ്ങളിൽനിന്നു്, നല്ല പലഹാരങ്ങളും, ഉണ്ടാക്കിക്കൊടുക്കാൻ നമുക്കു സാധിക്കുമെങ്കിൽ, നെല്ലരിച്ചോറിനുവേണ്ടി നമ്മുടെ ആളുകളിൽ പക്കമുള്ള മുക്കുമുഷ്ടി, ഉടനേ മാറുന്നതുകാണാം. ഇന്നത്തെ ഭക്ഷ്യക്ഷാമത്തിന്റെ ഗൗരവംമനസ്സിലാക്കുമ്പോൾ, റേഷൻ സാധനങ്ങളെ വേണ്ടവണ്ണം രുചികരമായി പാകംചെയ്യുന്നതിൽ, സ്വതേ സേവനതല്പരകളും ഭാവനാനിപുണകളുമായ ഇന്നാട്ടിലെ സ്ത്രീകൾ നിഷ്പ്രയാസം സാമർത്ഥ്യംനേടിക്കൊള്ളും. കാച്ചുനാളത്തെ പരിശീലനംകൊണ്ടു് പുതിയ പാചകസമ്പ്രദായങ്ങൾ പലതു്, നമ്മുടെ സ്ത്രീകൾക്കു് വശമാവുകയും, ആഹാരദിനചര്യയിൽ അതുകൊണ്ടുണ്ടാകുന്ന മാററങ്ങൾ, ജനങ്ങൾക്കു് പൊതുവേ ഹിതകരമായിത്തീരുകയും ചെയ്കയാണു് ഇതിന്റെ ഫലം.

# ഇന്നത്തെ ഭക്ഷ്യക്ഷാമനിവാരണത്തിൽ സ്ത്രീകൾക്കു് എന്തുചെയ്യാൻ കഴിയും?

എസ്. വസുമതിഅമ്മ, ബി. എസ് സി. ബി. റി.

പ്രവർത്തനശക്തി ഓളംവെട്ടുന്ന യുവലോകം മിക്കവാറും, പ്രത്യേകിച്ചു യുവതികൾ, ചുററുപാടുകളുടെ നേരേ കണ്ണടച്ചു് ജീവിക്കുകയാണു്. ലോകനന്മയ്ക്കുവേണ്ടി ശ്രമിക്കാൻ ചുമതലപ്പെട്ട അഭ്യസ്തവിദ്യരുടെ ഇടയിൽത്തന്നെയും, മേൽ പറഞ്ഞ ഇനക്കാർ അപൂർവ്വമല്ലാം. ഇതിൽ അത്ഭുതത്തിനു വകയുണ്ടെങ്കിലും, സംഗതി സത്യമാണു്. ചുററും നടക്കുന്ന സംഭവങ്ങളിൽനിന്നും തീരെ ഒഴിഞ്ഞു മാറി ജീവിക്കയെന്നതു്, മനുഷ്യസാധാരണമല്ല. അതിലും വിശേഷിച്ചു്, പ്രസരിപ്പിന്റെ കാലഘട്ടമായ യൗവ്വനദശയിൽ, മനുഷ്യർ, ഒന്നും കണ്ടില്ല കേട്ടില്ലെന്നു കഴിയുന്നകാര്യം, കുറെ ഏറെ ക്ലേശകരവുമാണു്. അപ്പോൾ പിന്നെ, പല രാജ്യങ്ങളിലെ ചരിത്രസത്യങ്ങൾ പഠിച്ചും, ശാസ്ത്രവിഷയങ്ങളെപ്പററി ചിന്തിച്ചും, വിദ്യാസമ്പന്നരായിത്തീർന്നിട്ടുള്ള യുവജനങ്ങളുടെ ഇടയിൽ ഇത്തരം 'കണ്ണടഞ്ഞ' ജീവിതം കാണ്മാനിടയാകുന്നെങ്കിൽ, ആശ്ചര്യത്തിനല്ലെ വകയുള്ളതു? മനുഷ്യസ്വഭാവത്തിനു അനുകൂലമല്ലാത്ത ഈ നില, ഇന്നത്തെ ജീവിതത്തിൽ കടന്നുകൂടാൻ കാരണമുണ്ടാക്കിയതു്, നമ്മുടെ അലസതയാണു്. ഭാരതഖണ്ഡത്തിൽ ഒട്ടധികകാലം നിലനിന്ന വിദേശീയ മേൽക്കോയ്മനിമിത്തം നാം അനുഭവിക്കാനിടയായ അടിമത്തത്തിൽനിന്നു ഉളവെട്ടതാണു്, ഈ ആലസ്യം. ഇതു, ചിരപരിചയത്താൽ നമുക്കു ഒരുതരം ജന്മാന്തരവാസനപോലെയായിത്തീർന്നിട്ടുണ്ടു്. വിദ്യാഭ്യാസംകൊണ്ടു അനുഗൃഹീതമായ ഇന്നാട്ടിലെ യുവലോകംപോലും, അതിനെ വിജയം ചെയ്യുന്ന യഥാർത്ഥ്യങ്ങളെ അവഗണിച്ചു്, കിണററിലെ തവളയെപ്പോലെ, ജീവിച്ചുകളയാമെന്നുവെയ്ക്കുന്നതു്, അലസതയുടെ വാസനാബലംകൊണ്ടുതന്നെയാല്ലൊ? ഇതിൽ, ആശ്ചര്യം കാണ്മാനുണ്ടുമില്ല.

എന്നാൽ ഇന്നു, നമ്മുടെ നാടു്, നമുക്കുവേണ്ടി, നാംതന്നെ ഭരിച്ചുതുടങ്ങിയിരിക്കുന്ന ഈ, ജനകീയയുഗത്തിന്റെ ഉദയത്തോടുകൂടി, ആ പഴകിയ ആലസ്യംകൊണ്ടുള്ള അന്ധകാരം, ഭാരതഭൂമുഖത്തുനിന്നും നിശ്ശേഷം അസ്തമിച്ചതിരു. അതിനുവേണ്ടി, ഇന്നു യുവലോകം ജാഗരൂകമായിത്തന്നെ പ്രവർത്തിക്കയും വേണം. അതിനാൽ, എന്റെ പ്രിയസഹോദരികളോടു ഈ സന്ദർഭത്തിൽ, സ്നേഹപുരസ്സരം ഞാൻ ആവശ്യപ്പെടുന്നതു്, ആദ്യമായു് നമ്മുടെ ചുററുപാടുകളെ ഒന്നു മനസ്സിരുത്തി നിരീക്ഷിക്കുവാൻതന്നെയാകുന്നു.

നാടിന്റെ നാനാഭാഗങ്ങളിലും നാം ഇന്നു കാണുന്ന കാഴ്ചയെന്തു്? ഉണ്ണാൻ വകയില്ല. ഉടുക്കാൻ തുണിയില്ല. കിടക്കാൻ വീടില്ല. ഇതാണു്, ഇന്നത്തെ നാട്ടുകാരിൽ അധികംപേരുടേയും നില. നമ്മുടെ സഹോദരങ്ങൾ, വെറും ജീവിതാവശ്യങ്ങൾപോലും നിറവേററാൻ നിവൃത്തിയില്ലാതെ എരിപൊരികൊള്ളുന്ന കാഴ്ച, അതിദയനീയംതന്നെയല്ലേ? പക്ഷെ ഇതുകണ്ടു അമ്പരക്കുകയോ, കണ്ടില്ലെന്നു ഭാവിക്കുകയോ, അല്ല വേണ്ടതു്. ഈ നിലയ്ക്കു്, കാരണമെന്തെന്നു, നാം നല്ലവണ്ണം ചിന്തിക്കണം. "പരിതഃസ്ഥിതികളുടെ ഭയങ്കരതയെ നീക്കംചെയ്തു് അവയെ മനോഹരമാക്കിപ്പുലർത്താൻ മനുഷ്യൻ വിചാരിച്ചാൽ സാധിക്കാഴികയില്ല; അതിനുവേണ്ടി ശ്രമിക്കയെന്നതു മനുഷ്യജീവിതത്തിലെ പ്രധാന കൃത്യംതന്നെയാണു്—" എന്നുള്ള ഒരു ആത്മവിശ്വാസം, നമ്മുടെ ഉള്ളിൽ ഉദിച്ചുയരണം. ഇപ്രകാരം സുദൃഢമായ ഏതെയപ്രേരണയിൽനിന്നല്ലാതെ, ആത്മാർത്ഥവും വിജയപ്രദവുമായ പരോപകാരജീവിതം വളരാൻ പോകുന്നില്ല.

ഈ നിരീക്ഷണത്തിനും, ചിന്തയ്ക്കും, ഉത്തേജകപ്രേരണയ്ക്കും, നിദാനമായ സംസ്കാരമാണു്, ഒന്നാമത്തെ ആവശ്യം. അങ്ങനെ സംസ്കാരസമ്പന്നകളായ സ്ത്രീകളുടെ സഹകരണം,

## 2. ആഹാരസാധനങ്ങളുടെ പാഴ്ചിലവു്, കഴിയുന്നത്ര കുറയ്ക്കുക

ഇതും, സ്ത്രീകൾക്കു് പ്രത്യേകം ശ്രദ്ധാർഹമായ മററൊരു അടുക്കളക്കാര്യമാണു്. അടുക്കളയ്ക്കുള്ളിലെ പാചകത്തിലും മററും, ശരിയായ മേൽനോട്ടം ഇല്ലാതിരുന്നാലത്തെ ദൂഷ്യങ്ങളാണു് ഈ പാഴ്ചിലവുകൾ. വേണ്ടതിലധികം ധാന്യങ്ങളും വ്യഞ്ജനങ്ങളും, പാചകത്തിനു ചിലവാക്കുക, ശിഷ്ടംവരുന്നവയെ, വേണ്ടവിധം സൂക്ഷിക്കാതെ അവിടവിടെ വലിച്ചു വാരിയിടുക; അന്നവും കറികളും ആവശ്യത്തിലധികം വിളമ്പിയിട്ടുശേഷിച്ചു് കളയാനിടയാക്കുക; കുഞ്ഞുങ്ങൾക്കും വീട്ടിൽ വളർത്തുന്ന മററു ജീവികൾക്കും നൽകുന്ന ആഹാരം കണ്ടമാനം അളിപിളിയാക്കി കളയിക്കുക;—ഇങ്ങനെ പലതരത്തിലാണു്, നിത്യവും നമ്മുടെ അടുക്കളയ്ക്കുള്ളിൽ ആഹാരസാധനങ്ങൾ, ആർക്കും ഉപയോഗത്തിനെത്താതെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതു്. ഓറാനോട്ടത്തിനു്, മററാർക്കും ചേതമില്ലാത്തതെന്നു തോന്നിക്കുന്ന ഇത്തരം പാഴ്ചിലവുകൾകൊണ്ടു്, വാസ്തവത്തിൽ, പല സാധുസഹോദരങ്ങളുടെ അഷ്ടിക്കുള്ളവക അറിഞ്ഞോ അറിയാതെയോ, നാം നശിപ്പിക്കതന്നെയാണു ചെയ്യുന്നതു്. അടുക്കളയ്ക്കുള്ളിൽ ഈ പാഴ്ചിലവുകൾ ഇല്ലാതാക്കുമെങ്കിൽ, ദിനംപ്രതി നമ്മുടെ വീട്ടു ചിലവുകൾ കുറച്ചു്, മിച്ചമുണ്ടാക്കുവാനും, ഈ മിച്ചംകൊണ്ടു്, പട്ടിണിക്കാർക്കു് ഒട്ടു കുറവായിട്ടെങ്കിലും അന്നദാനം ചെയ്യാനും, നമുക്കു കഴിയുന്നതാണു.

ഇതുപോലെയുള്ള പാഴ്ചിലവുകൾക്കിടയാക്കുന്ന മററൊരു സംഗതിയാണു്, വിഭവസമൃദ്ധമായ സദ്യനടത്തൽ. ഈ സദ്യകൾ, സൂക്ഷ്മം ആലോചിച്ചാൽ, അധികവും, ഒഴിവാക്കേണ്ടിയാണു്, ആളുകൾ നടത്താറുള്ളതു്. പഞ്ഞംകൊണ്ടു് എഴീക്കമുട്ടിയിരിക്കുന്ന ഇക്കാലത്തു് വിഭവസമൃദ്ധമായ സദ്യയും ആഘോഷവുംകൂടാതെ, വീട്ടടിയന്തിരങ്ങൾ നടത്തിക്കൊള്ളുന്നതിൽ സ്ത്രീപ്രേരണ, ഫലവത്താകയില്ലെന്നോ?

## 3. വസ്ത്രധാരണത്തിനുവേണ്ടിവരുന്ന ചിലവുകളിലും, വേണം നിയന്ത്രണം

ഈടുനില്ക്കുന്ന സാധാരണ വസ്ത്രംകൊണ്ടു് നാം തൃപ്തിപ്പെടുകയാണു് വേണ്ടതു്. വിലയേറിയ ആഡംബരവസ്ത്രങ്ങൾക്കുവേണ്ടി, കൂടുതൽ പണം ചിലവാക്കാൻ ഈ അവസരത്തിൽ വിശേഷിച്ചും, നാം കാരണക്കാരാകരുതു്. ജനങ്ങളുടെ നിത്യാവശ്യങ്ങളിലൊന്നായ വസ്ത്രധാരണത്തിലും, മഹാത്മജിയുടെ കല്പനയെത്തന്നെ നമുക്കു് പ്രമാണമായ് സ്വീകരിക്കാം: നമ്മുടെ നാടു് സ്വയംപര്യാപ്തമാക്കുവാനുള്ള ഏകമാർഗ്ഗമായ് കരുതിക്കൊണ്ടാണു, മഹാത്മജി, ഖദർപ്രസ്ഥാനം തുടങ്ങിയതു്. ഖദർതുണിക്കു് നാം നൽകുന്ന വിലയിൽ ഓരോ പൈസയും, നമ്മുടെ നാട്ടുകാരുടെ സുഭിക്ഷതയെ അത്രയ്ക്കു് വർദ്ധിപ്പിക്കുകയാണു് ചെയ്യുന്നതെന്ന വാസ്തവം ഓർത്തിരിയ്ക്കുമ്പോൾ, നമുക്കു അതിൽ അളവററ ആശയും താൽപര്യവും തോന്നാതെവരില്ല. ഖദർവസ്ത്രധാരണത്തിലെന്നപോലെ, അതിനു് വേണ്ടുന്നതു തൻനാട്ടുപഞ്ഞിയിൽനിന്നും സ്വന്തം ചക്രപ്രയോഗത്താൽ ദിവസേന നൂലുണ്ടാക്കുന്നതിലും നമ്മുടെ സ്ത്രീകൾ—ധനികരോ ദരിദ്രരോ എന്ന വ്യത്യാസംകൂടാതെ എല്ലാവരും, ഒരുപോലെ ദൃഢവ്രതം കൈക്കൊണ്ടു് ജീവിക്കുമെങ്കിൽ, ഭക്ഷ്യക്ഷാമംമാത്രമല്ല, നാനാവിധമായ എല്ലാ ക്ഷാമബാധകളേയും ദൂരെപ്പായിക്കാൻ കെല്പുള്ള മററൊരായുധം, വേറെ തേടേണ്ടതില്ല.

## 4. ത്യാഗശീലത്താൽ ധാന്യവിതരണത്തിനു് വഴിയുണ്ടാക്കുക

ഈ ദുർഭിക്ഷദശാസന്ധിയിൽ നമ്മുടെ ദരിദ്രസഹോദരങ്ങൾ വല്ലപ്പോഴുമെങ്കിലും ധാന്യാഹാരംകഴിച്ചു ജീവിക്കണമെങ്കിൽ, അതിനു

---

പ്രതിബിംബിച്ചുകാണുവാനും ആവശ്യമായ മുൻകരുതലുകൾ ചെയ്യണം.

സത്യത്തിൽനിന്നു അണുപോലും വ്യതിചലിക്കാതെയും, പത്രത്തിന്റെ അഭിപ്രായത്തോടു യോജിക്കാത്തവരെപ്പററി വിമർശിക്കുന്ന അവസരത്തിൽക്കൂടി അമര്യാദയായോ ഗൗരവമായോ ഒരു വാക്കുപോലും പറയാതേയും ഇരിക്കുവാൻ പ്രത്യേകം സൂക്ഷിക്കണം.

ബന്ധുവായാലും ശത്രുവായാലും, വിവിധാഭിപ്രായക്കാർക്കു പറയുവാനുള്ളതു തുറന്നു പറയുവാൻ പത്രപംക്തികളിൽ സ്ഥലം അനുവദിച്ചുകൊടുക്കണം.

പ്രസിദ്ധംചെയ്യുവാൻ പററിയ വർത്തമാനങ്ങളെല്ലാം നിഷ്പക്ഷനിലയിൽ പത്രത്തിൽ പ്രസിദ്ധപ്പെടുത്തുവാനൊരുങ്ങുകയും ചെയ്യണം.

കക്ഷിവഴക്കും, വർഗ്ഗവിദ്വേഷവും, അധികാരത്തിനുള്ള വടംവലിയും അധികരിച്ചുവരുന്ന ഈ കാലത്തു് അഡോൾഫ് ഓക്സിന്റെ മേല്പറഞ്ഞ ഉപദേശം പ്രത്യേകം ശ്രദ്ധേയമാണു്.

പത്രപ്രവർത്തനം പൊതുജനസേവനത്തിനുള്ള ഒരു മഹനീയമായ മാർഗ്ഗമാണെന്നു വിശ്വസിച്ചു്, ധീരതയോടെ തന്റെ കൃത്യം നിർവ്വഹിക്കുന്ന ഒരു പത്രപ്രവർത്തകൻ രാജ്യത്തിന്റെ ഒരു വലിയ താങ്ങുതണാണു്. ഉയർന്ന ഗവർമ്മെൻറുദ്യോഗസ്ഥനെക്കാളും, വലിയ കച്ചവടക്കാരനെക്കാളും, പ്രസിദ്ധനായ രാജ്യതന്ത്രജ്ഞനെക്കാളും മഹത്തായ സേവനമാണു് ഉത്തമനായ ഒരു പത്രപ്രവർത്തകൻ സമുദായത്തിനു ചെയ്യുന്നതു്. പത്രപ്രവർത്തകന്റെ കയ്യിലുള്ള പേന ലോകോദ്ധാരണത്തിനുള്ള ഒരു മഹായുധമാണു്. പക്ഷഭേദമില്ലാതെ പരമാർത്ഥം തുറന്നുപറയുക, ഭേദബുദ്ധികൂടാതെ വിജ്ഞാനം പരത്തുക, ലോകരെ സ്പർശിക്കുന്ന നാനാപ്രശ്നങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ സ്വതന്ത്രമായി വിതരണംചെയ്യുക, അവയ്ക്കു പരിഹാരങ്ങൾ കാണുവാനുള്ള മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കുക, മനുഷ്യാവകാശത്തെയും, മൌലികസ്വാതന്ത്ര്യത്തെയും കുറിച്ചു ബഹുമാനം വർദ്ധിപ്പിക്കുവാൻ ജനങ്ങളെ സഹായിക്കുക, വർഗ്ഗം ഭാഷ, മതം തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള വ്യത്യാസസംഘങ്ങൾക്കെതിരായി വെറുപ്പും വിദ്വേഷവും വളർത്താതിരിക്കുക, രാഷ്ട്രങ്ങൾ തമ്മിൽ സൌഹാർദ്ദവും, ലോകത്തിൽ സമാധാനവും നിലനിർത്തുന്നതിനൊ സർവ്വകഴിവുകളും ഉപയോഗപ്പെടുത്തുക—അതാണു ഒരു പത്രത്തിന്റെ ധർമ്മം. അതുതന്നെയാണു് ഒരു പത്രപ്രവർത്തകന്റെ കടമയും.

—o—

VILASAM LIBRARY PERINAD. QUILON



# ഈ ആഴ്ചയിലെ നക്ഷത്രഫലം

(തുടർച്ച)

ള്ള ധാന്യം ഇന്നു സുഭിക്ഷതയിൽകഴിയാൻ വകയുള്ളവർ തന്നതാവശ്യത്തിനു കരുതിവച്ചിരിക്കുന്ന ധാന്യത്തിൽനിന്ന്, കുറേശ്ശയായിട്ടെങ്കിലും പങ്കുവാങ്ങിച്ചുത്തു സംതൃപ്തിക്കുമെങ്കിൽ മാത്രമേ, മതിയാകുകയുള്ളൂ. ഇതിലേക്കായിട്ടാണ്, നാട്ടിലെ ധനികർ എന്നുതന്നെയല്ല, ഇടത്തരക്കാർപോലും, ദിവസംതോറും ഒരുനേരമോ, ആഴ്ചയിൽ ഒരുദിവസമോ, ഒസ്യകച്ചുംപോലെ ധാന്യാഹാരം വേണ്ടെന്നുവയ്ക്കണമെന്ന് നമ്മുടെ രാഷ്ട്രീയ നേതാക്കൾ ഇന്നു ജനങ്ങളെ ഉപദേശിക്കുന്നത്. ഈ കാര്യം നടപ്പിലാക്കുന്നതിലും സ്ത്രീകൾക്കാണ് മുൻകൈ ഉള്ളത്. ധാന്യാഹാരം വർജ്ജിക്കുന്ന വ്രതോപവാസങ്ങൾ ഭാരതീയർക്കപുതിയതല്ല. പുരാതനങ്ങളായ ഭാരതീയാചാരവിധികൾ, അനുശാസിക്കുന്ന ഏകാദശി, പ്രദോഷം മുതലായി അവരവരുടെ മതവിശ്വാസത്തിനനുകൂലമായ ഏതെങ്കിലും വ്രതാനുഷ്ഠാനദിനങ്ങളിൽ, സകുടുംബാംഗങ്ങളെ ധാന്യാഹാരത്തിൽനിന്ന് പരമാവധി ഉപവസിപ്പിക്കുവാൻ, സ്ത്രീകൾ വിചാരിച്ചാൽ, വിഷമംകൂടാതെ സാധിക്കും. ഇങ്ങനെ ഏതെങ്കിലും വിധം നിയമംതെറ്റാതെ ആചരിക്കുന്ന ചെറുതരം ത്യാഗവൃത്തികൊണ്ട് ഓരോ വീട്ടുകാർക്കും ധർമ്മച്ചിലവിനുള്ള ധാന്യം കരുതിവയ്ക്കാൻ സാധിക്കും. ഈ ധാന്യങ്ങളെല്ലാം തമ്മിച്ച് ശേഖരിച്ചാൽ, അതു്, നാട്ടിലെ ദാരിദ്ര്യംപേറുന്നവർക്കുള്ള ധാന്യവിതരണത്തിനായി വ്യവസ്ഥാനുസരണം വിനിയോഗിച്ചുകൊള്ളുകയും ചെയ്യാം.

## 5. ഭക്ഷ്യോല്പാദനത്തിൽ സ്വപ്രയത്നം

ഭക്ഷ്യക്ഷാമനിവാരണത്തിൽ സ്ത്രീകളാൽ സാദ്ധ്യമാകുന്ന മറ്റൊരു സഹായം, ആഹാരപദാർത്ഥങ്ങളുടെ ഉൽപാദനവർദ്ധനവാണ്. പട്ടണങ്ങളിലാണെങ്കിലും, ഭേദപ്പെട്ട ഗൃഹങ്ങൾക്കുണ്ടായിരിക്കാൻ തരമുള്ള ചെറുമുറ്റങ്ങളിൽ നമുക്ക് സസ്യാദികൾ കുറഞ്ഞതോതിലെങ്കിലും കൃഷിചെയ്ത് അത്രയും ഭക്ഷ്യസാധനങ്ങളെ കൂടുതൽ ഉൽപാദിപ്പിക്കാവുന്നതാണ്. നാട്ടിൻപുറങ്ങളിൽ പാർക്കുന്ന സ്ത്രീകൾക്ക് ഇതിന്, ധാരാളം സൗകര്യം ലഭിക്കുമെന്നുള്ളതുകൊണ്ട്, അവരുടെ ഇത്തരം കർഷകപ്രയത്നം ആഹാരദൗർലഭ്യം അകറ്റുന്നതിൽ വളരെ ഫലകാരിയാവാതിരിക്കുകയില്ല. ആട്, മാട്, കോഴി മുതലായ മനുഷ്യോപയോഗയോഗ്യങ്ങളായ ജീവികളെ വളർത്തുന്നതിൽ നാം ഉത്സാഹപൂർവ്വം പരിശ്രമിക്കുമെങ്കിൽ അതും, ഇന്നത്തെ ക്ഷാമപീഡകളെ ഉച്ചാടനം ചെയ്യാൻ ഒട്ടേറെ ഉപകരിക്കണം.

## 6. കരിഞ്ചന്തവ്യാപാരത്തെ കർശനമായ് എതിർക്കുക

ഭക്ഷ്യക്ഷാമത്തെ കൂടുതൽ രൂക്ഷമാക്കിത്തീർക്കുന്നത്, കരിഞ്ചന്തവ്യാപാരമാണെന്ന് എല്ലാവരും ഇന്നു സർവ്വത്ര മുറവിളികൂട്ടുന്നു. കാര്യവും വളരെ പരമാർത്ഥമാണ്. കരിഞ്ചന്തവ്യാപാരത്തിനു ഇടനൽകുന്ന പരിതഃസ്ഥിതികൾ സൃഷ്ടിക്കുന്നതിൽ പ്രധാനകാരണക്കാരാണ് സ്ത്രീകൾ എന്നുള്ള സത്യം ഇന്നു മറച്ചുവയ്ക്കാവുന്നതല്ല. കരിഞ്ചന്തയിൽ വാങ്ങേണ്ടിവരുന്ന വസ്ത്രം, ധാന്യം, പഞ്ചസാര, മണ്ണെണ്ണ മുതലായ റേഷൻസാധനങ്ങളുടെ അഭാവംകൊണ്ടുള്ള ത്രാസവും, ബുദ്ധിമുട്ടും ആദ്യമായ് അനുഭവപ്പെടുന്നത് സ്ത്രീകൾക്കാണ്. ചില സന്ദർഭങ്ങളിൽ ഈ സാധനങ്ങളുടെ ആവശ്യം, ഇവർക്ക് തീരെ നിയന്ത്രണാതീതമായും വരാം. കുഞ്ഞുങ്ങളുടെയും രോഗികളുടെയും ആവശ്യത്തിനോ, അതിഥിസൽക്കാരത്തിനോ, അത്യാവശ്യസാധനങ്ങൾ ഇല്ലാതെ വരുമ്പോൾ, എന്തുവില കൊടുത്തും, എത്ര അകലെയുള്ള കരിഞ്ചന്തസ്ഥാനങ്ങൾ തേടിപ്പിടിച്ചും, ഈ സാധനങ്ങൾ വാങ്ങിവരുവാൻ സ്ത്രീകൾ പുരുഷന്മാരെ മുട്ടിക്കൂടി പ്രേരിപ്പിക്കാറുണ്ട്. അതിഥിസൽക്കാരത്തിനു കോട്ടംതട്ടിയാൽ വരുന്ന അപലോഹ്യവും, ആഹാരാവശ്യങ്ങൾ വേണ്ടപോലെ നിറവേറ്റിക്കൊടുക്കാതിരുന്നാൽ വന്നുചേരുന്ന 'പിടിപ്പുകേടും,' ഓർത്താണ് സ്ത്രീകൾ ഇങ്ങിനെ കരിഞ്ചന്തയെ അഭയംപ്രാപിക്കുന്നത്. എന്നാൽ സഹോദരലക്ഷങ്ങൾ കൊടുംപട്ടിണിയിൽ കിടന്നു വലയുമ്പോൾ, ഈ അപലോഹ്യചിന്തയും, അപഖ്യാതിഭയവും, വെറും സ്വാർത്ഥതയിൽനിന്ന് ഉയരുന്ന ദുരഭിമാനത്തിന്റെ വകഭേദംമാത്രമാണെന്ന്, നാം ആലോചിച്ചറിയേണ്ടതാണ്. ദുർന്നിവാരമെന്ന് തോന്നിക്കുന്ന ഏതു അടിയന്തിരസന്ദർഭമായാലും, കരിഞ്ചന്തച്ചരക്കിനെ ആശ്രയിക്കാതെ യുക്തിയുക്തം മററു സാധനങ്ങളെക്കൊണ്ട് ആവശ്യങ്ങൾ നിവൃത്തിക്കാനുള്ള ഒരു മനസ്ഥിതിയാണ്, ഇന്നു നമ്മുടെ സ്ത്രീകൾക്കുണ്ടാകേണ്ടതു്. എന്തു കാരണവശാലും, മനസാ, വാചാ, കർമ്മണാ കരിഞ്ചന്തവ്യാപാരത്തെ പ്രോത്സാഹിപ്പിക്കുവാനിടയാക്കുകയില്ലെന്നു നാം ഓരോരുത്തരും, ശപഥം ചെയ്യുകയും അതു്, ദൈനംദിനജീവിതത്തിൽ സാക്ഷാൽക്കരിക്കുകയും ചെയ്യുമെങ്കിൽ, നമ്മുടെ നാട്ടിലെ കരിഞ്ചന്തയെന്ന ദുർഭൂതം, താനേതുള്ളി സത്യം ചൊല്ലിയൊഴിഞ്ഞു മാറിക്കൊള്ളും, തീർച്ചതന്നെ.

## 7. ഈ കഴിവുകളുടെ പ്രയോഗസിദ്ധിക്ക്, സംഘടിതശ്രമം അത്യാവശ്യം

ഇങ്ങിനെ പലതാണ്, ഇന്നത്തെ ആഹാരക്ഷാമനിവൃത്തിക്കുവേണ്ടി നമ്മുടെ സ്ത്രീകൾക്ക ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ. ഇവിടെ എണ്ണിപ്പറഞ്ഞവയ്ക്കുപുറമേ, മററു പല മാർഗ്ഗങ്ങൾ, സംസ്കാരസമ്പന്നകളുടെ ദൃഷ്ടിയിൽ, അവരവരുടെ ചുററുപാടുകൾക്ക ചേർന്നവിധം, നവംനവങ്ങളായി, അപ്പോഴപ്പോൾ പ്രത്യക്ഷപ്പെട്ടുകൊണ്ടുതന്നെയിരിക്കും. ഏതായാലും അങ്ങിനെയുള്ള എല്ലാ വഴികളിൽക്കൂടിയും പ്രസ്തുത ലക്ഷ്യസിദ്ധിക്ക നാം നമ്മുടെ സകല കഴിവുകളും വിനിയോഗിച്ച്, ഇന്നു പ്രവർത്തിച്ചു തുടങ്ങുകയാണ വേണ്ടതു്.

സ്ത്രീകളിൽ ചിലർ മാത്രം, അങ്ങിങ്ങായി ഇവ്വിധം പ്രവർത്തിക്കുന്നതുകൊണ്ടുമായില്ല. അതു, കടലിൽ കായംകലക്കുന്നതുപോലെയാണ്. ഇന്നത്തെ നിലയ്ക്കു, നാട്ടിലുടനീളമിടങ്ങളിലും കാര്യനടപ്പ് വരണമെങ്കിൽ, ഈ ആശയങ്ങൾക്ക പരക്കെ പ്രചരണവും, വഴിപിഴയ്ക്കാത്ത നിത്യാചരണവും, സിദ്ധിക്കേണ്ടിയിരിക്കുന്നു. അതിനാണ്, സംഘടനകൾ അത്യാവശ്യമായിരിക്കുന്നതു്. ഇപ്പോൾതന്നെ ഭാരതഖണ്ഡത്തിന്റെ തലസ്ഥാനമായ ഡെൽഹിപ്പട്ടണത്തിൽ നാട്ടിലെ ഭക്ഷ്യക്ഷാമനിവൃത്തിക്കായി പ്രവർത്തിക്കാൻ സന്മനസ്സുള്ള മഹതികൾചേർന്ന് ഒരു മഹാസമതി സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനെ കേന്ദ്രമാക്കിക്കൊണ്ട പല പ്രോവിൻസ്യകളിലേയും പ്രധാന നഗരങ്ങളിൽ, ഈ ഉദ്ദേശത്തോടുകൂടിയ വനിതാസഭകൾ പാലടത്തും, ഏർപ്പെടുത്തുവാനാണ് ഇന്നത്തെ ഉദ്യമം. അടുത്ത പടിയായി, ഭാരതഖണ്ഡത്തിലെ വിവിധ നഗരങ്ങളിലേയും വനിതാസമിതികളോട സംഘടിതമായി, അതതു പട്ടണപാർശ്വങ്ങളിലുള്ള ഓരോ ഗ്രാമങ്ങളിലും, ഓരോ ഉപസമതിവീതം നാട്ടിലെങ്ങും കോൺഗ്രസ്സ് പഞ്ചായത്തു രീതിക്ക, അതിന സമാന്തരമായ് സൃഷ്ടിച്ചു പ്രവർത്തിക്കണമെന്നും, ആ വഴിക്ക നാട്ടിൽ ആകമാനം ഭാരതിയാംഗനകളുടെ പ്രേരണകൾക്കും പ്രവർത്തനങ്ങൾക്കും ഇക്കാര്യത്തിൽ ഐക്യവും, പ്രാബല്യവും വരുത്തണമെന്നുമത്രേ, ഈ (All India Women's Food Council) കേന്ദ്രസമിതിയുടെ പരമലക്ഷ്യം. ഈ സന്ദർഭം കണ്ടറിഞ്ഞു കേരളത്തിലെ സംസ്കാരവതികളായ പ്രിയസഹോദരികൾ മുന്നിട്ടിറങ്ങി ഇതിനു ഒത്താശചെയ്യുന്നുക വനിതാസംഘങ്ങള, നമ്മുടെ നാനാ ഗ്രാമങ്ങളിലും സ്ഥാപിച്ചു നടപ്പിലാക്കേണ്ട കാലം, ഇപ്പോൾതന്നെ വളരെ വൈകിയിരിക്കുന്നു. ഇനിയെങ്കിലും അമാന്തിക്കാതെ, നാം എല്ലാവരും നമ്മുടെ നാട്ടിലെ ഭക്ഷ്യക്ഷാമനിവാരണത്തിനായി ഇപ്രകാരം ക്രമീകൃതമായ ഗ്രാമസമിതികളെ കേരളത്തിന്റെ നാനാ ഭാഗങ്ങളിലും, അതിമതഭേദമെന്നിയെ, സംഘടിപ്പിച്ച്, നമുക്ക അവയിൽകൂടി പ്രവർത്തനം ആരംഭിക്കുക തന്നെ.

ചുരുക്കത്തിൽ ഇവിടെ ഇങ്ങിനെ പരാമർശിക്കാനിടയായ നമ്മുടെ കർത്തവ്യങ്ങൾ, നാം യഥാശക്തം നിർവ്വഹിക്കുമെങ്കിൽ, നമ്മുടെ മാതൃഭൂമി, ഇന്നത്തെ ദാരിദ്ര്യദുർദ്ദശയിൽനിന്നു വിളംബംവിനാ വിമുക്തയായി, പൂർവ്വാപരി സമ്പൽസമൃദ്ധയായി വിരാജിക്കാൻ സംഗതിയാകുന്നതാണു. ഈ പ്രത്യാശാപൂർത്തിക്ക സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ!

ജയ് ഹിന്ദ്

—൦—

**തകഴി കെ. രാമവാര്യർ**

19-4-126 മുതൽ 25-4-126 വരെ
4-12-50 „ 10-12-50 „

**അശ്വതി** — അനിവാര്യമായ വിഷമങ്ങൾ വലയംചെയ്യുകയാൽ ചെലവു വർദ്ധിക്കും. ശരീരസുഖം കുറവായിരിക്കും. തൊഴിലുകൾ മുട്ടാതെ നടത്തും. സഹായായികളുടെ യത്നാനുശാസനം കൂട്ടുകൂടുതലായി തോന്നും.

**ഭരണി** — പരോപകാരം ചെയ്യുന്നതിൽ ശ്രദ്ധപതിയും. ബുദ്ധിപരമായ പ്രവർത്തനത്തിൽ മനസ്സ ലീനമായിരിക്കും. പ്രബലവ്യക്തികളുമായി സൗഹാർദ്ദം പുലർത്തും. പ്രയോജനകരമായ പ്രവൃത്തികളിൽ ഏർപ്പെടും.

**കാർത്തിക** — ഇടപെടുന്ന കാര്യങ്ങളിൽ അഭിമാനം പ്രത്യേകം സൂക്ഷിക്കും. പണക്കുഴപ്പമുണ്ടായിരുന്നാലും വിഘ്നം തട്ടാതെ കാര്യങ്ങൾ നടത്തുവാൻ കഴിയും. മൈത്രികൊണ്ട് ആരെയും വശപ്പെടുത്തും.

**രോഹിണി** — വിനോദവിഷയങ്ങളിൽ കുതൂഹലംായി ഇടപെടും, ഉപദേശകവൃത്തികളിൽ ഏർപ്പെടുമെങ്കിലും ഏഴകളെ സഹായിക്കും. പൊതുജനസ്നേഹം സമ്പാദിക്കും. സൽക്കാര്യങ്ങളിൽ പങ്കുകൊള്ളും. ദീപനം കുറയും.

**മകയിരം** — പ്രതീക്ഷകളും ഭിന്നചിന്തകളും തെററും. മനസ്സിനു കുണ്ഠിതമുണ്ടാകും. പണക്കുഴപ്പത്താൽ കാര്യതടസ്ഥവും വിഘ്നവും വരും. ഗൃഹസുഖവും ശരീരസുഖവും കുറയും. ആത്യദ്ധ്വാനം കൂടുതലായിട്ടുവേണം.

**തിരുവാതിര** — പ്രവർത്തനരംഗത്തിൽ സന്തോഷം വളരും. വ്യവസ്ഥാപിതപ്രവർത്തികളിൽ ധനാഗമവും ഗൃഹത്തിൽ സന്തുഷ്ടിയും ആഹാരപരിവർത്തനവും ഉണ്ടാകും. ഉദരാമയങ്ങൾ ശമിക്കും. ബന്ധുക്കൾ സമീപിക്കും.

**പുണർതം** — പല ചിന്തകൾ മനസ്സിനെ അലട്ടിക്കൊണ്ടിരിക്കും. പണച്ചെലവധികപ്പെടുന്ന സംഗതികൾ വന്നുകൂടും. ഏർപ്പെട്ടിരിക്കുന്ന സ്ഥാനത്തിനു കോട്ടംതട്ടാതെ യോഗ്യമായിക്കൊണ്ടുപോകും. പ്രയത്നഫലം ലഭിക്കും. സഹപ്രവർത്തകരെ സൂക്ഷിക്കണം.

**പൂയം** — കുഴപ്പമുണ്ടാകുന്ന കാര്യങ്ങൾ ഉദയംചെയ്യും. പല കാര്യങ്ങളുടെ മദ്ധ്യസ്ഥത സ്വീകരിക്കും. ആത്മസുഹൃത്തുക്കൾ ഉപകരിക്കും. അധികൃതന്മാരുടെ ഔദ്യോഗികമായിത്തീരും. ദൈവികചിന്ത വളരും.

**ആയില്യം** — പൊതുക്കാര്യങ്ങളിൽ അപ്രതീക്ഷിതമായ ഗുണങ്ങൾ ശ്രമഫലത്താൽ ലഭിക്കും. സ്വജനങ്ങളുടെ മൈത്രീമംഗളകർമ്മത്താൽ ബലമാകും. പ്രവർത്തനവിജയവും പുരോഗതിയും സിദ്ധിക്കും. യാത്രാവൈഷമ്യതകൾ നഷ്ടത്തിനിടവരുത്തും.

**മകം** — പ്രതികൂല സാഹചര്യത്തിൽ പോലും അമോഘഫലപ്രതീക്ഷനിമിത്തം അക്ഷീണയത്നംചെയ്തു കാര്യനിവർത്തിക്കുമുതിരും. പണക്കുഴപ്പവും ക്ലേശവും കാര്യത്തിന്റെ ഗൗരവത്തിൽമറയും. സംയുക്തപ്രവർത്തനത്താൽ വിജയംനേടും. കളത്രപീഡയ്ക്കിടയുണ്ട്. ചതിവുകൾ പാററും.

**പൂരം** — കർമ്മകുശലതയും ലാഭവും ഉത്തമസുഹൃൽസമ്മേളനവും സമാഗതമാകും. സ്വയം മനഃസ്വസ്ഥതകുറയത്തക്ക ചില അനിഷ്ടസംഭവങ്ങൾ ഉണ്ടാകും. ബന്ധുഗുണം ലഭിക്കും.

**ഉത്രം** — ചുമതലയേറിയ പല കാര്യങ്ങളാൽ ക്ലേശംകൂടിവരും. പണക്കുഴപ്പംനല്ലപോലെ അനുഭവപ്പെടും. കൃത്രിമപരമായ ബുദ്ധിവൃത്തി പരിക്കും. പരാജയമനോഭാവം കാണുകയില്ല. ആരോഗ്യം മോശമാകും.

**അത്തം** — കൗശലങ്ങളും വശ്യവചസ്സും കൊണ്ട് കാര്യംനേടും. കാലസ്ഥിതിയുടെ മോശംകൊണ്ട് വിചാരിച്ചപോലെ പ്രയോജനം കാണുകയില്ല. അധികൃതരുടെ വിപ്രിയത്തിനിടവരും. അപഹാസ്യതയ്ക്കു ലക്ഷ്യമായിത്തീരും.

**ചിത്തിര** — കാര്യങ്ങളിൽ കൂടുതൽ ശുഷ്കാന്തികാണിക്കും. ചില അന്തഃഛിദ്രങ്ങൾ ഉണ്ടാക്കുവാൻ സഹപ്രവർത്തകർ ശ്രമിക്കും. രോഗദുരിതങ്ങൾ അല്പമായിട്ടുണ്ടാകും. വ്യയം നിയന്ത്രിക്കുവാൻ നിർബന്ധിതനാകും.

**ചോതി** — വാതവായുക്കൾ കോപിക്കും. നിരന്തരമുള്ള അദ്ധ്വാനത്താൽ മനസ്സും ശരീരവും ക്ഷീണിക്കും. വരവുനോക്കാതെ ചെലവുചെയ്യും. പരിവർത്തനങ്ങൾ പലതും ഉളവാകും.

**വിശാഖം** — സന്താനങ്ങളുടെ പെരുമാററം സ്വസ്ഥതകുറയ്ക്കും. കളത്രാരിഷ്ടതയുണ്ടാകും. സുഭിക്ഷതയ്ക്കുവേണ്ടി പണം ധാരാളം ചെലവിടും. ആശ്രിതരിൽനിന്നും അനുകൂലമായ പ്രയോജനങ്ങളുണ്ടാകും. പതനഭീതിക്കിടവരും.

**അനിഴം** — പ്രബലശക്തികളുമായി പല എതിർപ്പുകളുമുണ്ടാകും. ജലദോഷാദിരോഗങ്ങൾ കിടയുണ്ട്. ക്ഷമയോ പരുഷകളോ ഏൽക്കും. ശത്രുഭീതി വിട്ടുമാറാതെകാണും. ഈശ്വരാനുഗ്രഹത്താൽ പൊതുവെ ദോഷഫലത്തിനു ശക്തി കുറയും.

**തൃക്കേട്ട** — പൊതുസ്ഥാപനങ്ങളുടെവകയ്ക്കായി അശ്രാന്തപരിശ്രമത്തിലേർപ്പെടും. വ്യവഹാരങ്ങളും മിത്രമന്ത്രിമിത്രമായും പല നഷ്ടങ്ങൾ അപേക്ഷയിൽ കവിഞ്ഞു വരും. സാഹസം കളത്രം പെരുമാറും.

**മൂലം** — ഫലിതവും വിമർശനവും അപഹാസ്യതയും കൂടുതലായി പ്രയോഗിക്കും. അന്യരുടെ സഹായസഹകരണങ്ങളാവശ്യപ്പെടും. കൂട്ടുകാരെക്കൊണ്ടു കാര്യലാഭം ഉണ്ടാകും. അവരെക്കൊണ്ടു കൂട്ടമലായി പ്രയത്നിപ്പിക്കും. ഗൃഹസുഖം കുറയും.

**പൂരാടം** — അനായാസ്യമല്ലാത്ത പ്രവൃത്തികളെക്കൊണ്ടു ആദായം ഉണ്ടാക്കും. ശത്രുക്കളെ വളർത്തും. സ്ത്രീകൾനിമിത്തം ചില കലഹങ്ങൾ ചിത്തശല്യത്തിനിടവരുത്തും. വിരഹമനോഭാവം പ്രകടിപ്പിക്കും. തൊഴിലുകൾ അധഃപതിക്കും.

**ഉത്രാടം** — സാഹചര്യങ്ങൾ പ്രതീക്ഷയിൽ കവിഞ്ഞുണ്ടായിക്കൊണ്ടിരിക്കും. വിപുലീകരണം തൊഴിൽപരമായിട്ടുണ്ടാകും. കുടുംബജനങ്ങൾ ഐക്യതയിൽ കാണപ്പെടും. വിപ്ലവബുദ്ധികൾ സമീപിക്കും.

**തിരുവോണം** — നിർവ്വീര്യകൾ ദന്തപീഡകൾ മുതലായവയുണ്ടാകാം. ക്ലേശകരമായ അനുഭവങ്ങളുണ്ടാകും. പണക്കുഴപ്പമുണ്ടാകുവാൻ വേണ്ട മാർഗ്ഗങ്ങളന്വേഷിക്കും. പുതിയ സുഹൃത്തുക്കളുണ്ടാകും. പല അത്യാവശ്യങ്ങളും നീക്കിവയ്ക്കും.

**അവിട്ടം** — സൽക്കർമ്മകാര്യങ്ങളിൽ അനുകൂലമുണ്ടാകും. ന്യായമായ അവകാശങ്ങൾ ലഭിക്കും. വ്യവസായത്തിനനുസരണമായി പുഷ്ടിപ്പെടുത്തുന്നതിനു കഴിവുണ്ടാകും. കുടുംബാവശ്യങ്ങൾക്ക പണം ധാരാളമായിവേണ്ടിവരും.

**ചതയം** — ഉദരസുഖം കുറവായിരിക്കും. രക്തദുഷ്ടതയാൽ ചൊറി ചിരങ്ങ് മുതലായവയുണ്ടാകും. പണം എത്രവന്നാലും ഭർണീയരെ തൃപ്തിപ്പെടുത്തുവാൻ കഴിവുണ്ടാകയില്ല. കളത്രാരിഷ്ടതയും കാണും. സ്വന്തം ജോലികൾ കൃത്യനിഷ്ഠയോടുകൂടി നടത്തുവാൻ അശക്യമായിവരും.

**പൂരുരുട്ടാതി** — നല്ല കാര്യങ്ങൾക്കവേണ്ടി ബുദ്ധിചെലുത്തും. കൃത്രിമബുദ്ധികൊണ്ടും പെരുമാററംകൊണ്ടും സ്വജനങ്ങൾ വെറുക്കും. അനാചിതപ്രവർത്തികൾ ചെയ്തുപോകും. എതുവിധ എതിർപ്പുകളെയും സധീരം എതിർക്കും. ഈശ്വരാനുകൂല്യത എല്ലാകാര്യത്തിലും അനുഭവപ്പെടും.

**ഉത്രട്ടാതി** — അകാലഭോജനവും അഹിതാഹാരവും ആരോഗ്യത്തെ ഹനിക്കും. കാര്യനിവർത്തിക്കുവേണ്ടി അവസരോചിതമായി പെരുമാറും. സജ്ജനസംസർഗ്ഗവും ഈശ്വരചിന്തയും വളരും. ധർമ്മശീലമുണ്ടാകും.

**രേവതി** — നല്ല ആഹാരത്തിനായി പണം കടംവാങ്ങിക്കൂടി ചെലവാക്കും. കുഴപ്പമുള്ള കാര്യങ്ങളിൽ മദ്ധ്യസ്ഥതവഹിക്കും. മൈത്രികൊണ്ട കാര്യം നടക്കും. കണിശംപാലിക്കുവാൻ കഴിവില്ലാതെവരും. വായു കോപിക്കും. സന്താനങ്ങൾക്കും അരിഷ്ടതകാണും.



പുതിയ ചങ്ങനാശ്ശേരി മെത്രാൻ റൈററ് റെവറൻറ് ഡാ: മാത്യു കാവുകാട്ട്.



പുതിയ പാലാ മെത്രാൻ റൈററ് റെവറൻറ് ഡാ: എമ്മാനുവൽ വയലിൽ കമ്മപ്പുര.










PERINAD, QUILON



മുകളിലത്തെ വരി:— ലണ്ടനിൽനിന്നെത്തിയ മൃഗസംരക്ഷണഡെലിഗേഷൻഅംഗങ്ങൾക്ക് മൃഗസംരക്ഷണം സംബന്ധിച്ചുള്ള ഇന്ത്യൻസൊസൈററി ഒരു സ്വീകരണം നൽകുകയുണ്ടായി. മദ്രാസിലെ ഗോഖലേഹാളിൽവച്ചു നടന്ന ഈ ചടങ്ങിൽ ഡാ. സി. പി. രാമസ്വാമി അയ്യർ അദ്ധ്യക്ഷതവഹിച്ചു. ഇടത്തുനിന്നു വലത്തോട്ട് — ഡാ. സി. പി. രാമസ്വാമി അയ്യർ, മി പീ. ഡി. കാപ്പൂർ, മിസ്സിസ് ഡൊറോത്തി കാപ്പൂർ, ടി. കെ. ഇ[illegible]ക്ഷൻ. മദ്രാസിലെ വെല്ലിംഗ്ടൻ ബ്രിഡ്ജിനു സമീപം തയാറാക്കിയിരുന്ന സല്യൂട്ടിംഗ്ബേസിൽനിന്ന് മദ്രാസ്ഗവർണ്ണർ ഫോർട്ട്സെൻറ്ജാർജ്ജിലേയ്ക്കുള്ള റെജിമെൻറിൻെറ മാർച്ച്പാസ്റ്റ് പരേഡിൽ അഭിവാദ്യം സ്വീകരിക്കുന്നതു്. ചീഫ്മിനിസ്റ്റർ ശ്രീ. കുമാരസ്വാമി രാജായും മന്ത്രിമാരും ഹൈക്കോടതിജഡ്ജിമാരും ഉയർന്ന പോലീസും മിലിററിയും ആഫീസറന്മാരും നഗരത്തിലെ വിദേശകോൺസുലേററുകളിലെ അംഗങ്ങളും പരേഡിൽ സംബന്ധിച്ചിരുന്നു. പുതിയ മദ്രാസ്മേയർ ശ്രീ. ആർ. രാമനാഥൻ ചെട്ടിയാരും ഡെപ്യൂട്ടിമേയർ ശ്രീ. ഡി. കെ. കണ്ണപ്പാരും.

രണ്ടാമത്തെ വരി:— പോപ്പുലർ പ്രൊഡക്ഷൻസിൻെറ നവലോകം എന്ന പടം സ്വിച്ച് ആൺ ചെയ്ത ചടങ്ങ്. പോപ്പുലർ പ്രൊഡക്ഷൻസ് തയാർചെയ്യുന്ന നവലോകം എന്ന മലയാളസാമൂദായികചിത്രത്തിൻെറ സ്വിച്ച്ആൺ ചടങ്ങ് ആലപ്പുഴ ഉദയാസ്ററുഡിയോയിൽവച്ച് നവംബർ ഫവ-ാംനു- ശ്രീ. ഏ. വി. ജാർജ്ജ് നിർവഹിച്ച അവസരത്തിലെടുത്ത ചിത്രം. മദ്രാസിലെ ആർട്ട്സ് ഗ്യാലറിയിൽ മഹാത്മാഗാന്ധിയും അതിർത്തിദേശഗാന്ധി എന്നറിയപ്പെടുന്ന ഖാൻ അബ്ദുൽഗാഫർഖാനും ചേർന്നു നിൽക്കുന്ന ഒരു ഛായാപടം അനാച്ഛാദനംചെയ്തുകൊണ്ട് മദ്രാസ്മന്ത്രി മി. കറന്തു് പ്രസംഗിക്കുന്നതു്. താഴത്തെ വരി:— കാമററ്വിമാനത്തിലെ വിശ്രുതവൈമാനികനായ ജാൺ കന്നിംഗാമും അദ്ദേഹത്തിൻെറ കാമററ്വിമാനവും:







ബ്രിട്ടൻെറ കാമററ്വിമാനത്തിലെ ജാൺ കന്നിംഗാം മററാരെയുംകാൾ ഉയരത്തിൽ പറന്നിട്ടുണ്ടു്. അദ്ദേഹം എല്ലായ്പ്പോഴും നിരപായം വിമാനം ഇറക്കുകയും ചെയ്തിട്ടുണ്ട് യാതൊരു എടുത്തുചാട്ടവും ആർഭാടവവുമൊന്നുമില്ലാത്ത ശാന്തനായ ഈ മനുഷ്യനാണ് ബ്രിട്ടൻെറ ഒന്നാമത്തെ ജററ്യാത്രാവിമാനത്തെ പരിരക്ഷിച്ചതു്. അദ്ദേഹത്തിനു് ഡി. എഫ്. സി. എന്ന ബഹുമതി നൽകിക്കൊണ്ടു് രാജാവ് കന്നിംഗാമിനെ അനുമോദിക്കുന്നതു്. "കാററ്[illegible]ഐ" കന്നിംഗാം വിമാനം നോക്കി നിൽക്കുന്നതാണ് അടുത്ത ചിത്രം.



കാമററ്വിമാനത്തിനകത്തെ യന്ത്രങ്ങളെ നിയന്ത്രിക്കുന്ന കൺട്രോളുകളും ഡയലുകളും. സീററിൽ കന്നിംഗാമിനു സമീപം പീററ്ബഗ്ഗ്എന്ന സഹവൈമാനികൻ ഇരിക്കുന്നു



ജാൺ കന്നിംഗാം ഓടിച്ചു പറത്തിക്കൊണ്ടിരിക്കുന്ന കാമററ് വിമാനം പുതിയ റെക്കാഡ് സ്ഥാപനത്തിനായുള്ള സംരംഭത്തിൽ അന്തരീക്ഷത്തിലേയ്ക്കു കുതിച്ചു പായുന്നതു്.



വാമ്പയർ ഫൈററർവിമാനത്തിൻെറ ഒരു മാതൃക വിമാനകുതുകികളുടെ ഒരു റാലിയിൽ പ്രദർശിപ്പിച്ചതു് കന്നിംഗാമിൻെറ ശ്രദ്ധയെ ആകർഷിക്കുന്നതു്.

# ഓരോ കർഷകകുടുംബത്തിനും പന്ത്രണ്ട് ഏക്കർ കൃഷിഭൂമി

"രാമാനന്ദർമിശ്ര"യുടെ ലേഖനത്തിൽനിന്നും

വിവത്തകൻ എൻ. ജി. വി. തിരുമല്ലാട്ട്, ചേർത്തല

വ്യവസായരംഗത്താകട്ടെ, കാർഷികരംഗത്താകട്ടെ പരമാവധി കുറഞ്ഞതായുള്ള (Minimum Standard നടപ്പിൽവരുത്തുക എന്നതു വിഷമമേറിയ ഒരു പ്രശ്നമാണ്; എന്നവരികിലും ആ പ്രശ്നത്തെ നേരിടുകയും പരിഹാരം കണ്ടെത്തുകയും ചെയ്യാതെ നിവൃത്തിയില്ല. വ്യവസായത്തൊഴിലാളികളുടെ കാര്യത്തിൽ കുറഞ്ഞ ജീവിതത്തോതു (Minimum Living Standard എന്നതു ഇൻഡ്യാഗവമ്മെൻറ് അംഗീകരിച്ചതു് ഏററവും സ്വാഗതാർഹമാണ്. കർഷകത്തൊഴിലാളികളുടെ കാര്യത്തിലും ഇമ്മാതിരി ഒരു വ്യവസ്ഥ സ്വീകരിക്കുകയെന്നുള്ളതു ഗവമ്മെൻറിൻെറ നയമായിരിക്കുമെന്നും പ്രഖ്യാപനമുണ്ടായിട്ടുണ്ട്. കർഷകരുടെ സംഖ്യാബലത്തോടു ബന്ധിച്ച് പ്രസ്തുത പ്രശ്നത്തെക്കുറിച്ചു ചിന്തിച്ചിട്ടില്ലെന്നുള്ളതാണു ഒരു വലിയ തകരാറുള്ളതു.

സാധാരണവിളവുണ്ടാകുന്ന 12 ഏക്കറിൽ കുറയാതെയുള്ള ഭൂമി ഒരു കർഷകകുടുംബത്തിനുണ്ടായിരിക്കണമെന്ന കർഷകരുടെ കേന്ദ്രസംഘടനയായ "ഹിൻഡു കിസാൻ പഞ്ചായത്തു" അവകാശപ്രഖ്യാപനം നടത്തിയപ്പോൾ പാമരൻമുതൽ പണ്ഡിതൻവരെയുള്ളവരിൽനിന്നു രൂക്ഷമായ വിമർശനങ്ങൾ ഉയർന്നു. രാജ്യത്തിൻെറ നാനാഭാഗത്തുമുള്ള വിമർശകന്മാർ ആക്ഷേപവും, പുച്ഛവും, കോപവും പ്രകടമാക്കി. 12 ഏക്കർവീതം വിതരണംചെയ്യാനുള്ള ഭൂമി എവിടെയിരിക്കുന്നുവെന്നാണു അവർ ചോദിക്കുന്നതു്.

## അടിസ്ഥാനതെററിദ്ധാരണകൾ

അമ്മാതിരിയുള്ള എല്ലാ സംശയങ്ങളും വിമർശനങ്ങളും അവ ആത്മാർത്ഥതയോടെ ഉള്ളവയാണെങ്കിൽ തെററായ ചില ധാരണകളിൽനിന്നുടലെടുത്തിട്ടുള്ളതാണെന്നു പറയട്ടെ. ഒരു വ്യവസായത്തൊഴിലാളിയുടെ ഏററവും കുറഞ്ഞ പ്രതിഫലം 100-രൂപാ ആയിരിക്കണമെന്ന "ഹൻഡ്‌മസ്ദൂർസഭ" പ്രഖ്യാപിച്ചപ്പോൾ ഇമ്മാതിരി വിമർശനങ്ങൾ ഉയർന്നുകണ്ടില്ല എന്നവരികിലും ഒരു പ്രത്യേകവ്യവസായത്തിനു അതിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു ആളൊന്നിനു പ്രതിമാസം നൂറുരൂപാവീതം പ്രതിഫലംനൽകുവാനുള്ള കഴിവില്ലെന്നു വസ്തുതാശാസ്ത്രത്തെ ആക്ഷേപിക്കുന്ന തെളിയിക്കുവാൻ സാധിച്ചേക്കും; എങ്കിൽത്തന്നെയും ഒരു തൊഴിലാളിയുടെ ജീവിതാവശ്യത്തിനു കുറഞ്ഞതു 100-രൂപാ വേണ്ടിയിരിക്കുന്നതിനാൽ അതു കിട്ടുകതന്നെവേണമെന്നു ഒരു ട്രെയിഡ്‌യൂണിയൻ ന്യായമായും മറുപടി നൽകും. 100-രൂപാ തൊഴിലാളിക്കു പ്രതിഫലംനൽകാൻ ഒരു വ്യവസായത്തിനു പ്രാപ്തിയില്ലെങ്കിൽ പ്രാപ്തിയുണ്ടാക്കിക്കൊള്ളണം; അതു വ്യവസായത്തിൻെറ ചുമതലയാണ്.

ഒരു ട്രെയിഡ്‌യൂണിയനു തൊഴിലാളിയുടെ ജീവനക്കൂലിക്കുവേണ്ടിയുള്ള അവകാശവാദം എപ്രകാരം അനുപേക്ഷണീയമാണോ അപ്രകാരംതന്നെ സാമ്പത്തികഘടകമായി തിരിച്ച ഭൂമി കർഷകനുണ്ടായിരിക്കണമെന്നുപറയുന്നതു കർഷകസംഘടനയുടെ വിട്ടുവീഴ്ചയ്ക്കിടമില്ലാത്ത അവകാശവാദമാണ്. ആയതു് അപ്രായോഗികമെന്നുപറഞ്ഞു് തള്ളിക്കളയാവുന്ന ഒന്നല്ല.

സാധാരണ ഉല്പാദനശേഷിയുള്ള പന്ത്രണ്ട് ഏക്കർ ഭൂമി ഒരു കർഷകകുടുംബത്തിനു എന്നു വ്യക്തമാക്കി പ്രസ്താവിക്കാതെ ഒഴുക്കൻമട്ടിൽ ഭൂമി സാമ്പത്തികഘടകമായി തിരിച്ചു് കർഷകനു നൽകണമെന്നുപറഞ്ഞാൽ ആയതു കർഷകനു സ്വീകാര്യമായിരിക്കയില്ല.

ട്രെയിഡ്‌യൂണിയൻെറ കാര്യംതന്നെ ഉദാഹരണമായെടുക്കാം. ഒരു തൊഴിലാളിയുടെ ഏററവും കുറഞ്ഞ കൂലി പ്രതിമാസം 100 രൂപായെന്നു വ്യക്തമായി അവകാശവാദം പുറപ്പെടുവിക്കാതെ ജീവനക്കൂലി കിട്ടണമെന്നുമാത്രം പറഞ്ഞാൽ സാധാരണ തൊഴിലാളിക്കു അതു മനസ്സിലാവുകയില്ല. മൂർത്തമല്ലാത്ത ഒരു അവകാശവാദത്തിനുവേണ്ടി തൊഴിലാളി ആവേശംകൊള്ളുകയുമില്ല. അതുതന്നെയാണു് കർഷകൻെറകാര്യത്തിലും. ഒരു കർഷകകുടുംബത്തിനു കുറഞ്ഞതു 12-ഏക്കർ ഭൂമി എന്നുള്ളതു് സാധാരണകർഷകനു് മനസ്സിലാകുന്ന കാര്യമാണ്.

## ഭൂമിയുടെ പ്രിയം

സാമ്പത്തികഘടകമായി തിരിച്ച ഭൂമി ഓരോ കർഷകകുടുംബത്തിനും ലഭിക്കുമെന്നു ഉറപ്പുകൊടുക്കുവാൻ സാധിക്കാത്തവിധം ഭൂമിക്കു പ്രിയക്കൂടുതലാണ്. ഒരു ശരിയായ സ്ഥിതിവിവരക്കണക്കുനൽകുവാൻ ഉദ്യമിക്കുന്നതു സാഹസമായിരിക്കും. എന്തു കാരണമെന്നാൽ ഇന്ത്യാഗവമ്മെൻറിൻെറ പക്കൽപ്പോലും ശരിയായ കണക്കുകൾ ഇല്ല. എന്നാൽ അക്കാര്യത്തിൽ നമുക്കു അവലംബിക്കാവുന്ന മററു ചില സംഗതികളുണ്ട്. 1941-ലെ സെൻസസ്സിൻ പ്രകാരം ഇന്ത്യൻറിപ്പബ്ളിക്കിലെ ജനസംഖ്യയും വിസ്തീർണ്ണവും താഴെ കാണുന്നപ്രകാരമാണ്:-

### പ്രോവിൻസുകളും സ്റ്റേറ്റുകളും — ഇൻഡ്യൻയൂണിയൻ

| പ്രോവിൻസ് — സ്റ്റേറ്റ് | വിസ്തീർണ്ണം—1941 ചതുരശ്രമൈൽ | ജനസംഖ്യ—1941 |
|---|---|---|
| ആസാം | 50 296 | 7 471,531 |
| ബീഹാർ | 69 745 | 38,340 151 |
| ബോംബെ | 76 441 | 20 849,840 |
| സി. പി ആൻറ് ബീറാർ | 98 575 | 16,813,584 |
| കിഴക്കേ പഞ്ചാബ് | 37,058 | 12,617,174 |
| മദ്രാസ് | 126,166 | 49 341,810 |
| ഒറീസ്സാ | 32,198 | 8,728 544 |
| യു. പി. | 106,247 | 55 020,617 |
| പടിഞ്ഞാറെ ബംഗാൾ | 28,036 | 21 318 391 |
| ആകെ | 624,764. | 228,501,642 |
| കേന്ദ്രത്തിൽനിന്നു നേരിട്ടു ഭരിക്കുന്ന പ്രദേശങ്ങൾ. | | |
| ആജ്മീർ മെർവാറാ | 2,400 | 583,693 |
| ആൻഡമാൻ ആൻറ് നിക്കോബാഴ്സ് | 3,143 | 33,768 |
| കൂർഗ് | 1,693 | 168,726 |
| ഡെൽഹി | 574 | 917 939 |
| പാന്ത് പിപ്ലോഡാ | 25 | 5,267 |
| ആകെ | 7,735 | 1,709 393 |
| പ്രോവിൻസുകളും കേന്ദ്രത്തിൽനിന്നു നേരിട്ടു ഭരിക്കുന്ന പ്രദേശങ്ങളുംകൂടി ആകെ | 632 499 | 230,211,035 |
| സ്റ്റേറ്റുകൾ | | |
| ആസാം സ്റ്റേറ്റുകൾ | 12 408 | 725 655 |
| ബറോഡാ | 8 176 | 2 855 010 |
| ബംഗാൾ സ്റ്റേറ്റുകൾ | 9 404 | 2,144,829 |
| മദ്ധ്യേന്ത്യൻ സ്റ്റേറ്റുകൾ | 52,072 | 7,511,694 |
| ഛത്തീസ്ഗഢ് | 37 688 | 4 050 000 |
| കൊച്ചി | 1,493 | 1,422,875 |
| ഡെക്കാൻ ആൻറ് കോൽഹാപ്പൂർ | 10 870 | 2,785,428 |
| പൂർവ്വപഞ്ചാബ് സ്റ്റേറ്റുകൾ | 26,037 | 4,947,202 |
| ഗുജറാത്ത് | 7,352 | 1,458,702 |
| ഗ്വാളിയർ | 26,367 | 4 006,159 |
| ഹൈദരബാദ് | 82 313 | 16,338,534 |
| കാശ്മീർ (including Fudatories) | 82,258 | 4 021 616 |
| മദ്രാസ് സ്റ്റേറ്റുകൾ | 1,602 | 498,754 |
| മൈസൂർ | 29,458 | 7 329,140 |
| ഒറീസ്സാ സ്റ്റേറ്റുകൾ | 18,151 | 3,021,731 |
| രാജപുട്ടാണാ | 132,559 | 13 670,208 |
| സിക്കിം | 2,745 | 121,520 |
| തിരുവിതാംകൂർ | 7,662 | 6,070,018 |
| യു. പി. സ്റ്റേറ്റുകൾ | 1,760 | 928 470 |
| പശ്ചിമേന്ത്യൻ സ്റ്റേറ്റുകൾ | 37,894 | 4,904,156 |
| ആകെ | 588 270 | 88 8,3 701 |
| ഇൻഡ്യൻയൂണിയനിൽ ആകെ | 1,220,769 | 319,024,736 |

From Indian Food Statistics Govt. of India.

## കൃഷിചെയ്യപ്പെടുന്ന ഭൂമി

കഴിഞ്ഞ സെൻസസ്സിനുശേഷമുണ്ടായിട്ടുള്ള വർദ്ധനവുകൂടി കണക്കാക്കിയാൽ ഇന്നത്തെ ജനസംഖ്യ ഏകദേശം 350 മില്യൻ ആയിരിക്കും. ഭൂമിയുടെ വിസ്തീർണ്ണം 781 മില്യൻ ഏക്കറാണ്. ഭൂമിയെ തരംതിരിക്കുന്ന കാര്യത്തിലാണ് പ്രയാസങ്ങൾ നേരിടുന്നതു്. F. A. O-ൽനിന്നും ലഭ്യമാകുന്ന കണക്കനുസരിച്ച് 37 9-ശതമാനം ഭൂമി ഇന്നു് കൃഷിചെയ്യപ്പെടുന്നതായിട്ടുണ്ട്. അതനുസരിച്ച് 290 മില്യൻ ഏക്കർ ഭൂമിയാണ് കൃഷിചെയ്യപ്പെടുന്നതു്. എന്നാൽ 1948-49-ലെ ഗവമ്മെൻറ് കണക്കനുസരിച്ച് ഏകദേശം 220 മില്യൻ ഏക്കർ ഭൂമി ഇൻഡ്യയിൽ കൃഷിചെയ്യപ്പെടുന്നതായുണ്ടെന്നു കാണുന്നു. 70 മില്യൻ ഏക്കർ ഭൂമി F. A. O. കണക്കിൽനിന്നും കുറവാണ് പ്രസ്തുത സംഖ്യ. ഒരുപക്ഷേ സർവ്വേ ചെയ്യപ്പെടാതെതന്നെ ഒട്ടേറെ സ്ഥലം കൃഷിചെയ്യപ്പെടുന്നതാണെന്നു കണക്കാക്കിയതായിരിക്കണം ഈ വ്യത്യാസത്തിനു കാരണം. ഇൻഡ്യാഗവമ്മെൻറിൻെറ കണക്കനുസരിച്ച് ആകെയുള്ള ഭൂമിയുടെ 29-ശതമാനംമാത്രമാണ് ഇന്നു കൃഷിചെയ്യപ്പെടുന്നതായിട്ടുള്ളതു്. അടുത്ത പ്രശ്നം ഭൂമിയെ എങ്ങനെ തരംതിരിക്കാമെന്നുള്ളതാണ്. അക്കാര്യത്തിൽ പ്രോവിൻസുകളുടെമാത്രമാണ് കണക്കു ലഭ്യമായിട്ടുള്ളതു്. മൊത്തം വിസ്തീർണ്ണം 402 മില്യൻ ഏക്കറാണ്. (according to village papers)

| വിവരം | വിസ്തീർണ്ണം മില്യൻ ഏക്കർ | ശതമാനം |
|---|---|---|
| വനം | 62 | 15.4 |
| കൃഷിക്കു ലഭ്യമല്ലാത്ത സ്ഥലം | 64 | 16 |
| തരിശൊഴിച്ചു കൃഷിചെയ്യപ്പെടാത്ത സ്ഥലം | 68 | 17 |
| തരിശു് | 35 | 8 6 |
| കൃഷിചെയ്യപ്പെടുന്നതു് | 173 | 43 |
| ആകെ | 402 | 100 |

* Food & Agricultural Organisation.

ആകെയുള്ള 781 മില്യൻ ഏക്കർ ഭൂമിയും തരംതിരിച്ച ഒരു കണക്കു നമുക്കു കിട്ടിയിട്ടില്ല. മുമ്പു് ഇൻഡ്യയിലുൾപ്പെട്ടിരുന്ന സ്ഥലങ്ങൾകൂടിയുൾപ്പെടുത്തി ആ ശതമാനക്കണക്കു എടുക്കുന്നതായാൽ നാം അബദ്ധത്തിലാകും. കൂടാതെ സർവ്വേ ചെയ്യപ്പെടാത്ത സ്ഥലങ്ങളധികവും കൃഷിചെയ്യപ്പെടാത്തതാണെന്നുള്ളതിൽ സംശയമില്ല. ഉദ്ദേശം കണക്കുവെച്ചു് തരംതിരിക്കുകയേ മാർഗ്ഗമുള്ളൂ. വലിയ അവകാശവാദങ്ങൾക്കിടയില്ലാത്ത ഒരു തരംതിരിക്കൽ താഴെ നിർദ്ദേശിക്കുന്നു. ഈ കണക്കനുസരിച്ച് ഒരാൾക്കു ലഭ്യമാകുന്ന കൃഷിചെയ്യപ്പെടുന്ന ഭൂമിയുടെ വിസ്തീർണ്ണം ശരാശരി 7 ഏക്കറാണ്.

## കൃഷിയെമാത്രം ആശ്രയിച്ചു കഴിയുന്നവർ

കൃഷിയെമാത്രം ആശ്രയിച്ചുകഴിയുന്നവരുടെ സംഖ്യ എത്രയാണെന്നു നോക്കാം. 72-ശതമാനം എന്ന കണക്കു സ്വീകരിച്ചാൽ 252 മില്യൻ ആളുകൾ കൃഷിയെ ആശ്രയിക്കുന്നവരാണ്. അവരെത്തന്നെ തരംതിരക്കുന്നതു ഏകദേശമായിട്ടേ സാധിക്കുകയുള്ളൂ. 1931-ലെ സെൻസസ്സ് അനുസരിച്ച് കർഷകർ എന്നു പറഞ്ഞിരിക്കുന്നതു് താഴെ ചേർക്കുന്ന തരക്കാരെ ഉൾപ്പെടുത്തിയാണ്.

| വിവരം | ആകെ ജനസംഖ്യയുടെ ശതമാനം |
|---|---|
| ജന്മിമാർ | 2.3 |
| കൃഷിചെയ്യുന്ന ഉടമസ്ഥന്മാർ | 17.4 |
| കൃഷിചെയ്യുന്ന പാട്ടക്കാർ | 22.1 |
| കർഷകത്തൊഴിലാളി | 20.1 |
| മററുള്ളവർ | 4.5 |

1931-നുശേഷം ഭൂമിയുടെ കാര്യത്തിൽ കൂടുതൽ കേന്ദ്രീകരണം നടന്നിട്ടുണ്ട്. അതുമൂലം ഇന്നു നമുക്കു കർഷകരുടെ ഘടനാചിത്രം താഴെ കാണുംപ്രകാരം കൊടുക്കാൻ കഴിയും.

(എണ്ണവും ശതമാനവും സൗകര്യത്തെ ഉദ്ദേശിച്ചു മൊത്തം സംഖ്യയാക്കി ചേർക്കുന്നു.) കൃഷിചെയ്യുന്ന ഉടമസ്ഥന്മാരുടെയും പാട്ടക്കാരുടെയുംകൂടി മൊത്തം സംഖ്യ അതായതു് 143.5 മില്യൻ ആണ്. ഏകദേശമുള്ള കർഷകരുടെ എണ്ണം. ഒരു കുടുംബം എന്നു പറയുന്നതു ശരാശരി 6 അംഗങ്ങളും ഉൾക്കൊള്ളുന്ന ഒന്നായി കണക്കെടുത്താൽ രാജ്യത്തുള്ള കർഷകകുടുംബങ്ങളുടെ എണ്ണം 24 മില്യൻ വരും. ഒരു കർഷകകുടുംബത്തിനു 12 ഏക്കർ വീതം വിതരണം ചെയ്യുന്നതിനു നമുക്കു ആവശ്യമുള്ള ഭൂമിയുടെ വിസ്തീർണ്ണം 288 മില്യൻ ഏക്കറാണ്. മുൻപു് മുകളിൽ കൊടുത്തിട്ടുള്ള കണക്കനുസരിച്ച 249 മില്യൻ ഏക്കർ ഭൂമി കൃഷിചെയ്യപ്പെടുന്നതായിട്ടുള്ളതുതന്നെ നമുക്കുണ്ട്. 39 മില്യൻ ഏക്കറിൻെറ കുറവാണ് പിന്നീടു നമുക്കുള്ളതു്. കൃഷിചെയ്യപ്പെടാതെ കിടക്കുന്നതും എന്നാൽ കൃഷിയ്ക്കുപയുക്തവുമായി നമുക്കുള്ള ഭൂമിയുടെ ആകെ വിസ്തീർണ്ണം 243 മില്യൻ ഏക്കറുണ്ടെന്നു മുൻകണക്കിൽനിന്നു വ്യക്തമായിട്ടുണ്ടല്ലോ.

അതിൽനിന്നും ഓരോ കർഷകകുടുംബത്തിനും സാമ്പത്തികഘടകമായി തിരിക്കപ്പെട്ട കൃഷിഭൂമി (12 ഏക്കർ) ലഭിക്കുന്ന കാര്യത്തിൽ പ്രയാസമില്ലെന്നു ഉറപ്പു നൽകാം. പുതുതായി കൃഷിഭൂമി വെട്ടിത്തെളിക്കാംതന്നെ ഈ കാര്യം സാധിക്കുമെന്നുള്ളതും പ്രത്യേകം ഓർക്കേണ്ടതുണ്ട്.

## കർഷകത്തൊഴിലാളികൾ

കർഷകത്തൊഴിലാളികളുടെ കാര്യം പരിഗണനയ്ക്കെടുക്കുമ്പോഴാണ് പ്രയാസം നേരിടുന്നതു്. അവരുടെ ന്യായമായ അവകാശങ്ങൾ ലഭിക്കേണ്ടതുതന്നെയാണ്. കൂടാതെ സോഷ്യലിസ്റ്റുടിസ്ഥാനത്തിലുള്ള ഗ്രാമീണസമ്പത്തികവ്യവസ്ഥിതിയിൽ കർഷകനും തൊഴിലാളിയും തമ്മിൽ ഒരു വ്യത്യാസവുമില്ല. സഹകരണസമ്പ്രദായത്തിലുള്ള കൃഷിയിലേർപ്പെട്ടിരിക്കുന്നവരെല്ലാം ഒരേ ഒരു തരത്തിലുള്ളവർ മാത്രമായിരിക്കും. എന്നാൽ ഒരു സംഗതി പ്രത്യേകം ഓർക്കേണ്ടതുണ്ട്. വ്യക്തിപരമായ സ്വകാര്യകർഷകവൃത്തി നിലവിലിരിക്കുന്നിടത്തോളംകാലം നമുക്കു കർഷകത്തൊഴിലാളികളുടെ ആവശ്യവുമുണ്ടായിരിക്കും. അവരുടെ സംഖ്യകൂടി കർഷകകുടുംബങ്ങളുടെ കൂട്ടത്തിലുൾപ്പെടുത്തുന്നതായാൽ കർഷകകുടുംബങ്ങളുടെ മൊത്തം സംഖ്യ 37 മില്യൻ (ശരിയായി പറഞ്ഞാൽ 36.7) ആകുന്നതാണ്. ഓരോ കുടുംബത്തിനും 12 ഏക്കർ ഭൂമി കൊടുക്കുന്നതിനു അപ്പോൾ 444 മില്യൻ ഏക്കർ ഭൂമി ആവശ്യമായി വരുന്നു. നമുക്കു ഉദ്ദേശം 492 5 മില്യൻ ഏക്കർ ഭൂമിയാണ് താഴെ പറയുംപ്രകാരത്തിലുള്ളതു്.

| | | മില്യൻ ഏക്കർ |
|---|---|---|
| 1 | കൃഷിചെയ്യാവുന്നതും എന്നാൽ ഇപ്പോൾ കൃഷി ചെയ്യാത്തതും | 164.5 |
| 2 | തരിശു് | 78.5 |
| 3 | കൃഷി ചെയ്യപ്പെടുന്നതു് | 249.5 |
| | ആകെ | 492.5 |

അതുകൊണ്ടു വിമർശകന്മാർ ശങ്കിക്കുംപോലെ, ശരാശരി വിളവുണ്ടാകുന്ന 12 ഏക്കർഭൂമി ഓരോ കർഷകകുടുംബത്തിനും കൊടുക്കാമെന്നു ഉറപ്പു പറയുന്നതു് ഒരിക്കലും അസാദ്ധ്യമായ ഒന്നല്ല

എന്നാൽ കിട്ടാവുന്ന എല്ലാം ഭൂമിയും ഉടനെതന്നെ കൃഷിചെയ്യത്തക്കതാക്കി എടുക്കുന്ന കാര്യം ക്ഷിപ്രസാദ്ധ്യമല്ലാത്തതുകൊണ്ടും ഇപ്പോഴുള്ള കൃഷിഭൂമി 12 ഏക്കർ കണക്കിലില്ലാത്തതുകൊണ്ടും ജനങ്ങളിൽ കുറേപ്പേരെ കാർഷികവൃത്തിയിൽനിന്നും വ്യവസായരംഗത്തിലേയ്ക്കു തിരിക്കേണ്ടിയിരിക്കുന്നു. (ശേഷം 11-ാംപേജിൽ)

(10-ാംപേജിൽനിന്നു തുടർച്ച)

## വേറൊരു തെററിദ്ധാരണ

ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടിയിരിക്കുന്നു. സംഗതികാം ശരിക്കു മനസ്സിലാക്കുവാൻ ശ്രമിക്കാതെ ചിലർ വിമർശിക്കുന്നുണ്ട്. വിമർശനങ്ങളിലൊന്നു താഴെച്ചേർക്കുന്നു. ബിക്കാനീറിൽ 12 ഏക്കർ ഭൂമിയിൽനിന്നും കുറച്ചു ബജറാമാത്രം ലഭിക്കുമ്പോാം തഞ്ചാവൂരിലെ 12 ഏക്കറിൽനിന്നും കിട്ടുന്നതു വളരെയധികം ധാന്യങ്ങളാണു്.

നാം ഭൂമിയിലല്ല ഉല്പന്നങ്ങളിലാണു ശ്രദ്ധിക്കേണ്ടതു് എന്നുള്ള സംഗതി വിസ്മരിക്കരുതു്. അതുകൊണ്ടു കൈവശമുള്ള ഏററവും കുറഞ്ഞ അളവു് (Minimum) ഭൂമി ഉല്പാദനത്തെ ആധാരപ്പെടുത്തിയിരിക്കണമെന്നുള്ളതു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഏററവും കുറഞ്ഞ അളവുഭൂമി തഞ്ചാവൂരിൽ നാലേക്കറും, ബിക്കാനീറിൽ മുപ്പതേക്കറും ആയേക്കാം. വ്യവസായരംഗത്തിലാണെങ്കിൽ തന്നെയും നാണയത്തിന്റെ ഏററവും കുറഞ്ഞതും, (Minimum കൂടിയതും (Maximum) ആയ അതിർത്തി വാങ്ങാനുള്ള കഴിവിനെ ആസ്പദമാക്കി (purchasing power) വിവിധ യൂണിററുകളിൽ വിവിധനിലയിൽ ക്ലിപ്തപ്പെടുത്തേണ്ടതായിവരും.

സാമ്പത്തികഘടകമായി തിരിയുന്നതിനു് ഏററവും കുറഞ്ഞ ഭൂമിയുടെ അളവു് എത്രയായിരിക്കണമെന്നു തീരുമാനിക്കുന്നതിനുള്ള അടിസ്ഥാനമെന്തായിരിക്കണമെന്നും, ഹിൻഡു കിസാൻപഞ്ചായത്തു് പ്രസ്തുത അളവു് പന്ത്രണ്ടു് ഏക്കർ ആയി സ്വീകരിച്ചതു് എന്തു കാരണത്താലാണെന്നും അന്വേഷിക്കാം. പ്രൊഫസ്സർ ഡാൻഡേവാലായുടെ രണ്ടു നിർദ്ദേശങ്ങാം നമുക്കു സ്വീകാര്യമാണു്. 1. ഭൂമിയുടെ വിസ്തീർണ്ണം നിർണ്ണയിക്കുമ്പോാം നിർണ്ണയിക്കപ്പെടുന്ന ഭൂമി സാമാന്യം നല്ല ഒരു ജീവിതം നയിക്കുവാനുള്ള വക നൽകുന്നതിനു് കഴിവുള്ളതാണോ എന്നുള്ളതാണു് നിർദ്ദേശങ്ങളിലൊന്നു്. 2. അപ്രകാരമുള്ള ഒരു ക്ലിപ്തവിസ്തീർണ്ണം ഒരു സാധാരണകുടുംബത്തിലെ അംഗങ്ങാക്കും ഒരുജോടി നല്ല കാളകാംക്കും പൂർണ്ണമായി തൊഴിൽനൽകുന്നതിനു മതിയായതാണോ എന്നുള്ളതാണു് മറെറാന്നു്. ൧2 ഏക്കർ ഭൂമി ഒരു സാധാരണ കുടുംബത്തിനും ഒരുജോടി കാളകാംക്കും ജോലിനൽകുവാൻ മതിയായ ഒന്നാണെന്നു് അക്കാര്യത്തിൽ പരിചയമുള്ള ഏതൊരാളും സമ്മതിക്കും. അടുത്തതായി ഭൂമിയുടെ ഉല്പാദനശേഷിയെക്കുറിച്ചു് നമുക്കു് ആലോചിക്കേണ്ടതുണ്ടു്.

## സാമാന്യജീവിതത്തോതു്

ഒരേക്കറിനു് മൂന്നിലൊന്നു ടൺ സാധാരണവിളവു് എന്നു കണക്കാക്കിയാൽ പന്ത്രണ്ടു് ഏക്കറിൽനിന്നും നാലുടൺവിളവു് ലഭിക്കുന്നതാണു്. (മൂന്നിലൊന്നു ടൺ 1948-49-കണക്കുവെച്ചുനോക്കിയാൽ കൂടുതലാണു്.) കരം മുതലായവ ഉാംപ്പെടെയുള്ള കൃഷിച്ചിലവുകാം ആകെ വിളവിന്റെ അറുപതുശതമാനത്തിൽ കുറയുകയില്ല. ഈ സംഖ്യ കൃഷിക്കാരന്റേയും അയാളുടെ കുടുംബത്തിന്റെയും അദ്ധ്വാനക്കൂലി കൂടാതെയുള്ളതാണു്. ഭക്ഷ്യധാന്യങ്ങളുടെ വില മന്നിനു ശരാശരി 15 രൂപാ എന്നു കണക്കാക്കിയാൽ 12 ഏക്കറിൽനിന്നുള്ള വിളവിനു് 1600 രൂപാ വിലവരും. അതു് കൃഷിച്ചിലവുതള്ളി കർഷകനു ആണ്ടിൽ 600-രൂപാ വരുമാനമുണ്ടാക്കുന്നു. അതിന്റെ അർത്ഥം കുറഞ്ഞതു പന്ത്രണ്ടു ഏക്കർ കൈവശഭൂമിയിൽനിന്നുള്ള വിളവിൽനിന്നും ഒരു കർഷകകുടുംബത്തിനു പ്രതിമാസം അൻപതു രൂപാ ലഭിക്കുന്നുവെന്നാണു്. ഇതിൽ കുറഞ്ഞ വരുമാനംകൊണ്ടു ഒരു കുടുംബം കഴിയാൻ സാധിക്കുമെന്നു് വിശ്വസിക്കുകവയ്യ.

ഒരു കർഷകകുടുംബത്തിനു് ആഹാരം വസ്ത്രം മുതലായ ചിലവുകാംക്കു ശരാശരി എന്തു വേണ്ടിവരുമെന്നറിയാൻ ഇൻഡ്യാഗവമ്മെൻറിൽനിന്നും ഒരു അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണഫലമായി ആയതിനു് പ്രതിവർഷം ശരാശരി 616 രൂപാവേണ്ടിവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. F. A. O. Food & Agricultural Organisation) വിദഗ്ദ്ധന്മാരുടെ കണക്കനുസരിച്ചു് ഒരാളുടെ ചിലവിനു ശരാശരി രണ്ടു ഏക്കർ ഭൂമി അയാാംക്കു കൃഷിചെയ്യുന്നതിനുണ്ടായിരിക്കണമെന്നു കണ്ടിരിക്കുന്നു. ഇക്കാര്യം കർഷകന്റെ ഒരു ജീവൽപ്രശ്നമാണു്. അതിനു സുദീർഘമായ ഒരു കണക്കു പകുത്തുണ്ടതായ ആവശ്യംതന്നെയില്ല.

സാമൂഹ്യനീതിയുടെയും പ്രയോജനത്തിന്റേയുംപേരിൽ ഇന്നത്തെ അധഃപതനോന്മുഖവും അസാമ്പത്തികവുമായ ഭൂവുടമസമ്പ്രദായത്തിനു ഒരു പരിവർത്തനം അനിവാര്യമാണു്. സാമ്പത്തികഘടകമെന്ന അടിസ്ഥാനത്തിൽ, മുപ്പതേക്കറിൽക്കൂടുതൽ കൈവശമുള്ള ഭൂമി കൈവശക്കാരിൽനിന്നെടുത്തു പുനർവിതരണം നടത്തണം. ഇമ്മാതിരിയുള്ള പുനർവിതരണം ചൈന, മെക്സിക്കൊ, ഹംഗേറിയാ, പോളണ്ടു്, യുഗൊസ്ലേവിയാ തുടങ്ങിയ പാശ്ചാത്യവും പൌരസ്ത്യവുമായ രാഷ്ട്രങ്ങളിൽ നടന്നുകൊണ്ടിരിക്കുകയാണു്. ഇൻഡ്യയിലും അതു നടപ്പിൽവരുത്തുന്നതിനു ഇവിടുത്തെ കർഷകർ അവരുടെ സംഘടനയായ ഹിൻഡു് കിസാൻ പഞ്ചായത്തിൽ അണിനിരന്നു സമരം നടത്തേണ്ടിയിരിക്കുന്നു.

—:o:—

# നീപ്പാൾ, അൽഭുതരാജ്യം

ഒരത്ഭുതരാജ്യമാണു് നീപ്പാാം. അവിടെ അത്ഭുതങ്ങളാണു് യാഥാർത്ഥ്യങ്ങാം. 1944-ൽ ഏദ്രോഗസംബന്ധമായ ചികിത്സയ്ക്കുവേണ്ടി ഇന്ത്യയിലെത്തിയ നീപ്പാാം രാജാവു് ത്രിഭുവൻവീർവിക്രം ഏതാണ്ടു് നാലുശതാബ്ദങ്ങളായി നിലനിന്നുവന്ന ഒരു ആചാരത്തെ ആദ്യമായി ധ്വംസിച്ചു. അങ്ങനെ ഒരു നീപ്പാാം രാജാവു് ആദ്യമായി മറുനാട്ടുചെ മണ്ണിൽ കാൽകുത്തി നീപ്പാളീകാൺഗ്രസ്സ് നേതാവായ മി. ബി. പി. കൊയ്റാളയുടെ പിതാവു് ഒരു വിദ്യാലയം ആരംഭിച്ചുവെന്ന 'കുററത്തിനു'' മുപ്പതുവർഷത്തിനു മുൻപു് അ

നിശിതമായ നിയമായുധങ്ങാംകൊണ്ടു് എല്ലാ പുരോഗമനപ്രസ്ഥാനങ്ങളേയും അടിച്ചമർത്തിവച്ചിരിക്കുന്നതിനാൽ അവിടത്തെ കാൺഗ്രസ്സുപോലും ഏതാണ്ടു് ഗൂഢപ്രവർത്തനസംഘമാണെന്നു പറയാം. പ്രധാനമന്ത്രിയാണു് യഥാർത്ഥത്തിൽ രാജ്യംഭരിക്കുന്നതു്. രാജാവിനു് സ്വാതന്ത്ര്യമായി യാതൊന്നും ചെയ്യുവാൻ സ്വാതന്ത്ര്യമില്ല. രാജവാഴ്ച നാമമാത്രമാക്കിവച്ചുകൊണ്ടു് മന്ത്രി ഭരണം നടപ്പിലിരിക്കുന്ന നീപ്പാാം ദക്ഷിണേന്ത്യയിലെ പല രാജ്യങ്ങളിലും പണ്ടുണ്ടായിരുന്ന ശൂദ്രന്മാരായ രാജാക്കന്മാരെയും ദുർമ്മന്ത്രിമാ

നെതിരായി കാൺഗ്രസ് സേനകാം പടവെട്ടിക്കൊണ്ടിരിക്കുന്നു. ഒരു സംഘടിതശക്തിയുടെ മുന്നിൽ ആയുധബലം കുറഞ്ഞ ദേശീയസേന എത്രമാത്രം വിജയിക്കുമെന്നു് കണ്ടറിയേണ്ടിയിരിക്കുന്നു. കല്ക്കട്ടായിലും ഇന്ത്യൻ അതിർത്തിയിലും വച്ചു് കഴിഞ്ഞ ഏതാനും മാസങ്ങളായി പരിശീലനം നടത്തിവന്നിരുന്ന കാൺഗ്രസ് ഭടന്മാരും ഇന്ത്യയിലെ നീപ്പാാം വിദ്യാർത്ഥികളുമാണു് സമരത്തിൽ ഇപ്പോാം പങ്കെടുക്കുന്നതു്.

കാൺഗ്രസ്സും ഗവമ്മെൻറും തമ്മിലുള്ള ഈ മൽപ്പിടുത്തത്തിനിടയ്ക്കു് ടിബ




ദ്ദേഹത്തെ അറസ്ററുചെയ്തു കഴിഞ്ഞതവണ മി. കൊയ്റാളയെ അറസ്ററു ചെയ്തപ്പോാം മൂന്നുമാസംപ്രായമുള്ള ഒരു കുഞ്ഞുാംപ്പെടെ സകല കുടുംബാംഗങ്ങളുടെ പേരിലും വാറണ്ടയയ്ക്കുകയാണുണ്ടായതു്. ദൈവാധീനംകൊണ്ടു് ആ സമയത്തു് കുഞ്ഞു് പാററ്നായിലായിരുന്നതുകൊണ്ടു് ജയിലിലായില്ല!

ഗവമ്മെൻറിന്റെ അതിഥിയായിട്ടല്ലാതെ അധികമാളുകളെ നീപ്പാാം സന്ദർശിക്കാനനുവദിക്കാറില്ല. ഒരു ഗവമ്മെൻറുദ്യോഗസ്ഥനു് ഫോൺ ചെയ്യുവാനോ അനുവാദംകൂടാതെ ഒരുദ്യോഗസ്ഥനെ സന്ദർശിക്കുവാനോ സമ്മതിക്കയില്ല.

ഏതാണ്ടു് എൺപതോളം റാണാകുടുംബങ്ങളവിടെയുണ്ടു്. രാജ്യത്തിലെ കൃഷിസ്ഥലം മുഴുവൻതന്നെ അവരുടെ വകയാണു്. റാണാമാർ തമ്മിലും പരസ്പരകലഹങ്ങാം സാധാരണയാണു്.

രാജ്യത്തിലെ യഥാർത്ഥഭരണാധികാരി മഹാരാജാവെന്നറിയപ്പെടുന്ന പ്രധാനമന്ത്രിയാണു്. അദ്ദേഹമാണു് കമാൻഡർ ഇൻചീഫും. പ്രധാനമന്ത്രിയുടെ കീഴിൽ ഒരു ചർച്ചാസമിതിയും കോടതികളിൽനിന്നു വരുന്ന അപ്പീലുകാം കോംക്കുന്നതിനൊരു നിയമസമിതിയുമുണ്ടു്. ഈ സമിതിയിലെ അംഗത്വവും പരമ്പരാഗതമാണു്. തെരഞ്ഞെടുക്കുന്ന സമ്പ്രദായമവിടെയില്ല. ആദ്യകാലം മുതൽതന്നെ നീപ്പാളിനു് അതിന്റെ രാഷ്ട്രീയസ്വാതന്ത്ര്യം നിലനിറുത്തിക്കൊണ്ടു പോകുവാൻ സാധിച്ചിരുന്നു. ബുദ്ധമതമാണവിടെ പ്രചാരത്തിലിരിക്കുന്നതെങ്കിലും ഹൈന്ദവസിദ്ധാന്തങ്ങാംകൊണ്ടു വളരെയേറെ സങ്കീർണ്ണമായിട്ടുള്ള ബുദ്ധമതമാണതെന്നു പറയുന്നതായിരിക്കും കൂടുതൽ ശരി. 45000 ഭടന്മാരുള്ള ഒരു സൈന്യമാണവിടെയുള്ളതു്; എന്നാൽ പരിഷ്കൃതസൈനികോപകരണങ്ങളൊന്നും അവിടെയില്ല.

രെയും ഇന്നു് അനുസ്മരിപ്പിക്കുന്നു. നീപ്പാാം പ്രധാനമന്ത്രിയുടെ പുത്രിയെ കാഷ്മീറിലെ യുവരാജാവാണു് വിവാഹം കഴിച്ചിരിക്കുന്നതു്; നീപ്പാാം രാജാവിന്റെ പുത്രിയെ കാഷ്മീറിലെ ഒരു ഇടപ്രഭുവും. ഇതിൽനിന്നുതന്നെ രാജാവിനും മന്ത്രിക്കും തമ്മിലുള്ള പ്രതാപവ്യത്യാസങ്ങാം മനസ്സിലാക്കാം. പ്രധാനമന്ത്രിയുടെ പ്രഭാവം വർദ്ധിച്ചു് രാജാവിനു് നീപ്പാാം ഉപേക്ഷിച്ചു് ഇന്ത്യയിൽ അഭയം പ്രാപിക്കേണ്ടിവന്നിരിക്കുന്നു. പ്രധാനമന്ത്രിയ്ക്കെതിരായി അതായതു് നീപ്പാാം ഗവമ്മെൻറി

ററിലെ കമ്മ്യൂണിസ്ററുകാർ നീപ്പാളിലേയ്ക്കു് പ്രവഹിക്കുകയും അങ്ങനെയൊരു ''വിമോചനസമരം''കൊണ്ടു് നീപ്പാളിന്റെ ഭാഗധേയം നിർണ്ണയിക്കുകയും ചെയ്യേക്കാനാണിടയുള്ളതെന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഇന്ത്യ 'നിഷ്പക്ഷത'യുടെ മറവെടിഞ്ഞു പരിതഃസ്ഥിതിയ്ക്കനുസരിച്ചു പ്രവർത്തിക്കാത്തപക്ഷം നീപ്പാളിന്റെ വിമോചനംകഴിഞ്ഞാൽ അതു് ഇന്ത്യയെ എങ്ങനെ ബാധിക്കുമെന്നു് ഊഹിക്കാവുന്നതാണു്.

—o—



സുപ്രസിദ്ധ നീഗ്രോഗാനരചയിതാവായ എഡ്വേഡ് ഡ്യൂക്ക് എല്ലിംഗ്ടൻ വൈററ്ഹൌസിൽവച്ചു് പ്രസിഡൻറു് ട്രൂമനു് തന്റെ സുപ്രസിദ്ധ ഗാനങ്ങാം സമപ്പിക്കുന്നു.

# ഷായുടെ സദാചാരം

## സമുദായോത്തേജകനെന്നനിലയിൽ ഷായുടെ പദവി

വക്കം അബ്ദുൽഖാദർ

സാമൂഹ്യപരിവത്തനത്തിനുവേണ്ടി ഫലോന്മുഖമായി പ്രവത്തിക്കാനും ചിന്തിക്കാനും ഷായ്ക്കു കഴിഞ്ഞിട്ടുണ്ട്. ഒരു സാമൂഹ്യവിപ്ലവകാരിയെന്നനിലയിൽ അദ്ദേഹത്തെ അധഃകരിക്കാൻ ഈ കാലഘട്ടത്തിൽ ആരുമില്ല. ഇന്നത്തെ സാമുദായികാചാരങ്ങളെയും വിശ്വാസങ്ങളെയും ഷാ അതിശക്തമായും സമഗ്രമായും വിമശിച്ചിട്ടുണ്ട്.

പഴയ പാരമ്പര്യത്തിന്റെയും മാമൂലുകളുടേയും നിയമങ്ങളെ പൊളിച്ചുകളയുവാൻ അദ്ദേഹംചെയ്തിട്ടുള്ള ശ്രമങ്ങൾ ഏററവും വിലപ്പെട്ടവയാണ്. വിവാഹം, കാറം, ശിക്ഷ, വിദ്യാഭ്യാസം, മതം മുതലായ വിഷയങ്ങളെ അധികരിച്ചുള്ള ഷായുടെ വീക്ഷണങ്ങളെയും വിചാരങ്ങളെയും യഥാസ്ഥിതികലോകം ഭയപ്പെടുകതന്നെ ചെയ്യുന്നു. ഇംഗ്ലീഷ് ജനതയെ മററാരും ഇത്രത്തോളം കഠിനമായി, രൂക്ഷമായി, പരിഹസിച്ചിട്ടില്ല; ഭത്സിച്ചിട്ടില്ല. ഷാ സാമൂഹ്യപരിഷ്കരണസംരംഭങ്ങൾ ആരംഭിച്ച അവസരത്തിൽ അദ്ദേഹത്തെ ഇംഗ്ലീഷുകാർ കിറുക്കനെ (ക്രാക്) നും 'പിരാന്ത'നെന്നും മാറുംവിളിച്ചു പുച്ഛിച്ചിരുന്നു അവരുടെ സംബോധനയെ അദ്ദേഹം ശരിവെച്ചു എങ്ങനെ? "ഇംഗ്ലീഷുകാർ എന്നെ കിറുക്കനെന്നുവിളിക്കുന്നു. ഞാൻ കിറുക്കൻതന്നെയാണ്. കിറുക്കനെന്നുവെച്ചാൽ യഥാത്ഥപ്രവാചകനാണ് എന്നു ഇംഗ്ലീഷുകാർ മനസ്സിലാക്കട്ടെ" എന്നു ഷാ മറുപടി കൊടുത്തു. ഇംഗ്ലീഷുകാരെപ്പററി ബർണാഡ്ഷാ പ്രധാനമായി പറയുവാനുള്ളതു് അവർ വിഡ്ഢികളും ലജ്ജയില്ലാത്തവരും പന്തുകളിക്കാരും ആണെന്നാണ്. അവരുടെ ഇന്നത്തെ വിദ്യാഭ്യാസസ്ഥാപനങ്ങൾ അജ്ഞതയുടെയും വഷളത്തങ്ങളുടെയും കേന്ദ്രങ്ങളാണെന്നു ധരിക്കാൻ അദ്ദേഹം അത്ഥിക്കുന്നു. ഇന്നത്തെ അദ്ധ്യാപകലോകവും രക്ഷകത്താക്കളും വിദ്യാത്ഥികളെ മന്ദന്മാരാക്കുന്ന ബുദ്ധിശൂന്യരാണെന്നു അദ്ദേഹം അനുസ്മരിപ്പിക്കുന്നു. ഇംഗ്ലീഷുകാരുടെ ലിംഗബന്ധപരമായ വിശ്വാസാചാരങ്ങളെ നിർദ്ദയം അപഹസിച്ചിട്ടുണ്ട്. ഇന്നത്തെ അദ്ധ്യാപകലോകത്തിന്റേനേക്ക് തനിക്കുള്ള പ്രതിഷേധത്തെ ഏററവും ചുരുങ്ങിയ വാക്കുകളിൽ അദ്ദേഹം ഇങ്ങനെ പ്രകടിപ്പിക്കുന്നു: "കഴിവുള്ളവൻ പ്രവത്തിക്കുന്നു; കഴിവില്ലാത്തവൻ പഠിപ്പിക്കുന്നു".

നന്മതിന്മകളെസംബന്ധിച്ച ഷായുടെ വീക്ഷണങ്ങളെ ഇന്നത്തെ ഒരു ജനസമുദായവും സ്വാഗതംചെയ്യുകയില്ല അദ്ദേഹത്തിന്റെ 'സദാചാരം' സാമുദായികദൃഷ്ട്യാ 'ദുരാചാര'മാകുന്നു. താൻ ഒരു ദുർമ്മാർഗ്ഗിയാണെന്നു ഷാ അഭിമാനിക്കുമ്പോൾ അദ്ദേഹം സന്മാർഗ്ഗിയാണെന്നു നാം സമ്മതിക്കണം. സദാചാരത്തെയല്ല, ദുരാചാരത്തെയാണ് സംരക്ഷിക്കേണ്ടതെന്നു ഷാ വാദിക്കുമ്പോൾ സമുദായത്തിന്റെ സദാചാരം ദുരാചാരമാണെന്നു നാം മനസ്സിലാക്കണം. ഈ വിവക്ഷയിൽ ബർനാഡ്ഷാ സദാചാരവിധ്വംസകനും ദുരാചാരപരിപാലകനും ആകുന്നു.

സദാചാരപരമായ വിപ്ലവത്തിനുവേണ്ടി ശ്രമിച്ചിട്ടുള്ള എല്ലാ ചിന്തകന്മാരും അവരവരുടെ കാലത്തെ ജനസമുദായങ്ങളുടെ വിശ്വാസങ്ങളെയും ആചാരങ്ങളെയും എതിത്തിട്ടുള്ളവരാണ്; അവർ വിപ്ലവകാരികളാകുന്നു. വിപ്ലവകാരിയല്ലാത്ത ഒരു മഹാപുരുഷനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ മഹത്വത്തെ ഞാൻ സംശയിക്കയും ചോദ്യംചെയ്യുകയും ചെയ്യുന്നു എന്നു ഹക്സ്ലി പ്രസ്താവിക്കുന്നതു ശ്രദ്ധേയമാണ്. ആധുനികദശയിലെ ചിന്താനായകന്മാരിൽപ്പെട്ട ബർട്രാൻഡ്റസ്സൽ, ജൂലിയൻഹക്സ്ലി, ഹാൽഡയിൻ മുതലായവരെല്ലാം നിലവിലിരിക്കുന്ന സദാചാരനിയമങ്ങളെ ഭഞ്ജിക്കുവാൻ ഭഗീരഥപ്രയത്നംചെയ്തിട്ടുള്ളവരാണ്.

തന്റെ സാമൂഹ്യപരിഷ്കരണശ്രമങ്ങളിൽ ബർനാഡ്ഷാ നീഷേയ്ക്കു് പ്രത്യേകമായി കടപ്പെട്ടിട്ടുണ്ട്. നീഷേയുടെ പല ആശയങ്ങളെയും ഷാ അംഗീകരിക്കയും അവയെ കൂടുതൽ വികസിപ്പിക്കയും ചെയ്തിട്ടുണ്ടെന്നു കാണാം. ഇക്കാരണത്താൽ ഷായ്ക്കു് സാമൂഹ്യതന്ത്രത്തിൽ ഒർജിനാലിററി ഇല്ലെന്നു ആരെങ്കിലും വിധിക്കുന്നുണ്ടെങ്കിൽ അതു് അബദ്ധമാണ്. ഒരു സമുദായോത്തേജകൻ എന്ന നിലയിൽ ഷാ അദ്ദേഹത്തിന്റെ സ്വന്തമായി വിശാലമായ ഒരു ചിന്താസരണിയെ വെട്ടിത്തെളിച്ചിട്ടുണ്ട്. തന്റെ 'മുഖവുര'കളിലും നാടകങ്ങളിലും ഇതരകൃതികളിലും ഷായുടെ സമുദായപരിഷ്കരണയത്നങ്ങളെ നമുക്കു് വ്യക്തമായി ദർശിക്കാൻ കഴിയുന്നു. രാഷ്ട്രീയവും സാമ്പത്തികവും സാഹിത്യകലാപരവും ആയ തന്റെ പരിശ്രമങ്ങളുടെ വലിയൊരുഭാഗം സാമൂഹ്യപരിഷ്കരണങ്ങളാകുന്നു.

സാഹിത്യമാർഗ്ഗേണ ആധുനികസമുദായത്തെ ഉത്തേജിപ്പിക്കുവാൻ ഉദ്യമിച്ചിട്ടുള്ളവരിൽ ഷായേയും വെൽസിനേയും കടന്നുനിൽക്കുന്ന ഇംഗ്ലീഷ്ഗ്രന്ഥകാരന്മാരില്ല. വിപ്ലവകാരികളാണെങ്കിലും വിപ്ലവത്തെ സാങ്കേതികാത്ഥത്തിൽ വീക്ഷിക്കുന്ന ഒരുകൂട്ടർ, നിക്ഷിപ്തതാൽപര്യങ്ങളുടെ അടിസ്ഥാനത്തിൽ അതിനെ നിരീക്ഷിക്കുന്ന ഒരുകൂട്ടർ, അവരെ (ഷായേയും വെൽസിനേയും) യഥാത്ഥ 'വിപ്ലവ'കാരികളായി ഗണിക്കുന്നില്ല. അവരെ മാർക്സിസ്റ്റുകൾ കഠിനമായി എതിക്കുകയും വിമർശിക്കയും ചെയ്തിട്ടുണ്ട്. മാർക്സിന്റെ പല വീക്ഷണങ്ങളെയും ആശയങ്ങളെയും ഷാ അംഗീകരിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം ഒരു മാർക്സിസ്റ്റല്ല. കമ്യൂണിസ്റ്റല്ല. ആധുനികസോഷ്യലിസത്തിന്റെ ഒരു പ്രവാചകനായി പ്രശംസിക്കപ്പെടുന്നുണ്ടെങ്കിലും സോഷ്യലിസത്തെയും അദ്ദേഹം വിമശിച്ചിട്ടുണ്ട്. Studies In Dying Culture, Reality and Illusion എന്നീ ഗ്രന്ഥങ്ങളുടെ കത്താവും 'നവയുഗസംസ്കാര'പ്രചാരകന്മാരിൽ പ്രധാനനെന്നു പ്രകീത്തിക്കപ്പെടുന്ന ആളും ആയ ക്രിസ്റ്റഫർ കാഡ്വെൽ, ഷായേയും വെൽസിനേയും റസ്സലിനേയും ഫ്രായിഡിനേയും ഡി. എച്ച്. ലാറൻസിനേയും അധികരിച്ചുനടത്തിയിട്ടുള്ള വിമശനങ്ങളിൽ അനേകം ദുർബലങ്ങളും അബദ്ധങ്ങളും ആയ വാദങ്ങൾ അടങ്ങിയിട്ടുണ്ട്. ശാസ്ത്രീയവും തത്വചിന്താപരവും സാംസ്കാരികവും ആയ വിചിന്തനത്തിൽ കാഡ്വെൽ പരിമിതനും പരാജിതനുമാണ്. വിചാരപരവും വിജ്ഞാനപരവും ആയ ഒരു പരിപക്വത പ്രാപിക്കുന്നതിനുമുൻപ് ചെറുപ്രായത്തിൽ നിര്യാതനായ ഒരു വ്യക്തിയാണ് കാഡ്വെൽ. ഡാഗ്മാററിക് മാർക്സിസത്തേയോ കമ്യൂണിസത്തെയോ വിട്ട് അല്പദൂരത്തോളം സഞ്ചരിക്കുവാനേ കാഡ്വെല്ലിനു കഴിഞ്ഞിട്ടുള്ളു. ഈ വിഷയകമായി ഇവിടെ കൂടുതൽ പ്രതിപാദിക്കുന്നില്ല.

സത്യത്തെ ആദരിക്കുവാനോ തെളിവുകളെ ആരായുവാനോ വേണ്ട സഹിഷ്ണുതയും സന്മനസ്സും ഇല്ലാതെ കേവലം നിക്ഷിപ്തതാല്പര്യങ്ങൾ വെച്ചുകൊണ്ടു് ആരെക്കുറിച്ചും എന്തിനെക്കുറിച്ചും വല്ലതും തട്ടിമൂളിക്കുന്നതു ഒരു നേട്ടമല്ല. ഇത്രയും പറഞ്ഞതുകൊണ്ടു് ഷായോ റസ്സലോ ഫ്രായിഡോ വിമർശനാതീതന്മാരെന്നു വിവക്ഷിക്കുന്നതായി ഗണിക്കരുതല്ലോ.

ബർനാഡ്ഷാ ദിർഘദർശനംചെയ്തിട്ടുള്ള നവീനമനുഷ്യസമുദായത്തിന്റെ ആചാരമൂല്യങ്ങളും വിശ്വാസമൂല്യങ്ങളും ഇന്നത്തെ സമുദായങ്ങളുടെ വിശ്വാസാചാരങ്ങളെ അപേക്ഷിച്ചു് മൗലികമായിത്തന്നെ വിഭിന്നമാണ്. അദ്ദേഹത്തിന്റെ 'വ്യക്തി'യേയും 'സമുദായ'ത്തെയും നയിക്കുന്നതു് ബുദ്ധിയും യുക്തിയുമാണ്. വിശ്വാസപരമായി നോക്കുമ്പോൾ അദ്ദേഹം സ്ഥാപിതമതങ്ങളുടെ ശാസനകളെ അംഗീകരിക്കുന്നില്ല.

"ആചാരങ്ങളെയും സമ്പ്രദായങ്ങളെയും സ്ഥാപിക്കുന്നതിനു് വിരുദ്ധമായിരിക്കുന്നതേതോ അതു ദുരാചാരമാകുന്നു. ദുരാചാരപരമായ ഒരു പ്രവൃത്തിയോ സിദ്ധാന്തമോ പാപകരമായിരിക്കണമെന്നില്ല. നേരമറിച്ചു് ഭൂരിപക്ഷത്തെ പരിവത്തിപ്പിക്കുന്നതുവരെ എല്ലാ ഉന്നതചിന്തയും പ്രവൃത്തിയും ദുരാചാരമായിരിക്കും. ആചാരങ്ങളുടെനേക്കു നടത്തപ്പെടുന്ന ആക്രമണങ്ങൾ സമുദായത്തിന്റെയും മതത്തിന്റെയും നന്മയുടെയുംനേക്കു നടത്തപ്പെടുന്ന ആക്രമണങ്ങളായി ഗണിക്കുന്നവരുടെ ആക്രമണത്തിനു വിരുദ്ധമായി നാം ദുരാചാരത്തെ സംരക്ഷിക്കണം. സദാചാരം സമുദായത്തിനു അത്യന്തം പ്രയോജനകരമാണ്. ദുരാചാരമാണ്, സദാചാരമല്ല സംരക്ഷിക്കപ്പെടേണ്ടതു്. സദാചാരമാണ്, ദുരാചാരമല്ല നിയന്ത്രിക്കപ്പെടേണ്ടതു്." എന്ന ഷായുടെ പ്രസ്താവത്തിൽനിന്നു് ഇന്നത്തെ സദാചാരത്തെ സംബന്ധിച്ചു് അദ്ദേഹത്തിന്റെ വീക്ഷണം നമുക്കു മനസ്സിലാക്കാം.

ഈ രംഗത്തു് ഷായ്ക്കുള്ള പ്രചോദനവും പ്രേരണയും നല്കിയിട്ടുള്ള നീഷേയുടെ വീക്ഷണത്തെയും ഇവിടെ നമുക്കു പരിചയിക്കാം. നീഷേ ഇങ്ങനെ പ്രസ്താവിക്കുന്നു:

"സദാചാരപരമായി നിലനിന്നുവരുന്ന നിയമങ്ങളെ നിഷ്പ്രയാസം അനുസരിക്കുന്നവൻ സദ്വൃത്തൻ എന്നു വിളിക്കപ്പെടുന്നു. അവയെ ഭഞ്ജിക്കുവാൻ ശ്രമിക്കുന്നവൻ ദുർവൃത്തൻ എന്നും. അന്യരെ ദ്രോഹപ്പെടുത്തുകയും മർദ്ദിക്കയും ചെയ്യുന്നവൻ ദുരാചാരിയായി ഗണിക്കപ്പെടുന്നു അവന്റെ ദോഷങ്ങൾ പാപങ്ങളായും വിവരിക്കപ്പെടുന്നു. ഇന്നത്തെ സല്ക്കർമ്മങ്ങൾ എന്നു ഉന്നയിക്കപ്പെട്ട ദുഷ്കർമ്മങ്ങളും ദുഷ്കർമ്മങ്ങൾ അധഃപതിച്ച സൽക്കർമ്മങ്ങളുമാകുന്നു."

—o—

**100 രൂപാ ഇനാം**

**നരയെ ഒഴിക്കുക**

ഞങ്ങളുടെ ആയുർവ്വേദവാസനതൈലം ഒരു ചായമല്ല. നരച്ചമുടിയെ എന്നന്നേക്കുമായി കറുപ്പിക്കുകയും വീണ്ടും നര ഉണ്ടാകാതിരിക്കുകയും ചെയ്യും. ബുദ്ധിമാന്ദ്യം, മന്ദത എന്നിവയേ അകററി തലവേദനയെ ഇല്ലാതാക്കുകയും ചെയ്യുന്നു. തന്മൂലം സുമുഖമായ കാഴ്ചയും ഉളവാകും. വിശ്വാസമില്ലാത്തപക്ഷം തുക മടക്കിക്കൊടുക്കുന്നതായിരിക്കും. സ്വല്പനരയ്ക്കു് രൂ 2-8-0 ഒന്നിച്ചു് 3 കുപ്പി ആർഡറിനു് രൂ. 6-8-0 കൂടിയനരയ്ക്കു് രൂ. 3-8 0. ഒന്നിച്ചു് 3 കുപ്പി ആർഡറിനു രൂ. 9-0-0. എല്ലാം നരച്ചതിനു രൂ 5-0-0. ഒന്നിച്ചു 3 കുപ്പിയ്ക്കു് രൂ. 12-0-0.

BHARAT KALYAN AUSHADHALAYA (M. R)

Post Bag No. 6725, CALCUTTA.



ഇന്ത്യയും യു. എസ്സും ഡെലിഗേററുകൾ ഇൻഡൊനീഷ്യൻഡെലിഗേററ് എൽ. എൻ. പാലാറിനെ ലേക്കുക്സെസ്സിൽവച്ചു സ്വാഗതംചെയ്യുന്നതു്. ചിത്രത്തിൽ ഇന്ത്യൻഡെലിഗേററ് മി. ബി. എൻ. റാവു, മി. എൽ. എൻ. പാലാർ, നാർവീജിയൻഡെലിഗേററ് ബ്രഡോസ്റ്റാബെൽ, യു. എസ്. ഡെലിഗേററ് ഗ്രാസ് എന്നിവരാണു് നിൽക്കുന്നതു്.

# വിചാരവേദി

## 'കാഥികൻ'— ആ പ്രയോഗം തെററാണു്

ഒ. രാഘവൻ, ക്ലാപ്പന

ഇന്നു പ്രചാരത്തിന്റെ വെളിച്ചത്തു് എത്തിയിരിക്കുന്ന ഒരു വാക്കാണിതു്. പലരും എഴുത്തിലും സംഭാഷണത്തിലും ഈ പദം സാധാരണയായി എടുത്തു കൈകാര്യം ചെയ്യാറുണ്ടു്. കഥ പറയുന്നവൻ എന്ന അത്ഥത്തിലാണു് ഇതിന്റെ കൂടുതലും പ്രയോഗം. അപൂവ്വമായി കഥ എഴുതുന്നവൻ എന്ന അത്ഥത്തിലും ഇതിനു പ്രയോഗം കാണുന്നു. ഈ രണ്ടുതരം അത്ഥവും കുറിക്കാൻ കാഥികശബ്ദത്തിനു കഴിവുണ്ടെന്നുതോന്നുന്നില്ല. ശബ്ദശാസ്ത്രത്തിന്റെ മുമ്പിൽവച്ചു പരിശോധിച്ചാൽ ഈ വസ്തുത വെളിപ്പെടും.

അതറിഞ്ഞവൻ, അതു പഠിച്ചവൻ എന്ന അത്ഥത്തിൽ 'അൺ' എന്നൊരു പ്രത്യയം ഉണ്ടു്. ഈ പ്രത്യയം ഏതു പദത്തോടുചേരുമോ അതിന്റെ പൂവ്വസ്വരത്തിനു വൃദ്ധി ആവശ്യമാണു്. 'അൺ' പ്രത്യയത്തിന്റെ ഒടുവിൽ ഇരിക്കുന്ന 'ണ' കാരം ഈ വൃദ്ധിയെ സൂചിപ്പിക്കുന്നു. വ്യാകരണം പഠിച്ചവൻ, അഥവാ വ്യാകരണം അറിയുന്നവൻ എന്ന അത്ഥത്തിൽ വ്യാകരണശബ്ദത്തോടു് 'അൺ' പ്രത്യയംവച്ചാൽ 'വൈയാകരണൻ' എന്ന രൂപം സിദ്ധിക്കും. അവിടെ പദത്തിന്റെ പൂവ്വവൃദ്ധി വ്യക്തമാണല്ലോ. ഇപ്പറഞ്ഞ 'അൺ' പ്രത്യയത്തിനുപകരം 'ഠക്' എന്നൊരു പ്രത്യയം ചേക്കാറുണ്ടു്. 'ഇക' എന്നാണതിന്റെ ആദേശം. ഈ പ്രത്യയം ചേരുമ്പോഴും അത്ഥം 'അൺ' പ്രത്യയത്തിന്റേതന്നെ ആയിരിക്കും. പ്രസ്തുത 'ഇക' പ്രത്യയംചേന്ന 'കഥാ'ശബ്ദമാണു് 'കാഥികൻ' എന്ന പദം. അപ്പോൾ കഥ അറിയാവുന്നവൻ, എന്നോ കഥ പഠിച്ചവൻ എന്നോ മാത്രമേ അതിനു അത്ഥം വരികയുള്ളു. അല്ലാതെ കഥ പറയുന്നവൻ എന്ന അത്ഥം ഉണ്ടാവാൻ വ്യാകരണനിയമം അനുവദിക്കുകയില്ല.

ഇനി കഥപറയുന്നവൻഎന്നാണു് അത്ഥം ഉണ്ടാകേണ്ടതു് എങ്കിൽ എങ്ങനെ വേണമെന്നായിരിക്കും ചോദ്യം. അതുചെയ്യുന്നവൻ, അതിൽ പ്രവത്തിക്കുന്നവൻ എന്നെല്ലാം അത്ഥം കുറിക്കുന്ന ഒരു പ്രത്യയംഉണ്ടു്; 'ണ്വുല്' എന്നു. അതിന്റെ ആദേശം 'അക'. ഈ 'അക' പ്രത്യയം 'കഥ' എന്നഅംഗഭാവത്തോടുചേക്കുമ്പോൾ 'കഥകൻ' എന്ന രൂപം ഉണ്ടാകും. അതിന്റെ അത്ഥം കഥപറയുന്നവൻ. ഇതാണു വ്യാകരണസമ്മതിയുള്ള ശുദ്ധരൂപം. 'കാഥികൻ' അല്ല. 'കഥക'ശബ്ദത്തിന്റെ സ്ത്രീലിംഗം കഥിക ആയിരിക്കുമെന്നു സിദ്ധമാണല്ലോ.

ഭാഷാശാസ്ത്രനിയമങ്ങളെ അനാദരിച്ചു് പല ശബ്ദങ്ങളും ഇന്നു മലയാളത്തിൽ സ്ഥലം പിടിച്ചുതുടങ്ങിയിട്ടുണ്ടു്. സുശിക്ഷിതരല്ലാത്ത ചില ഭാഷാപ്രണയികളുടെ രചനാവ്യവസായമാണു് ഈ അപഭ്രംശങ്ങൾക്കു കാരണമെന്നുപറയുമ്പോൾ പരിഭവിക്കുന്നവർ കണ്ടേക്കാം. 'യാചകി' തുടങ്ങിയ അപശബ്ദങ്ങൾ ഈവക അനാശാസ്യവ്യവസായത്തിന്റെ അനിഷ്ടഫലങ്ങളാണു്. ഗ്രന്ഥകാരന്മാർ മാത്രമല്ല നോട്ടീസ്സെഴുത്തുകാരും അപഭ്രംശങ്ങളുടെ കയ്യേററത്തിനു ഭാഷയിൽ കളമൊരുക്കുന്നുണ്ടു്. വ്യാകരണനിയമം ആദരിക്കാത്ത പ്രയോഗങ്ങളുടെ പ്രവേശം അതിന്റെ ആരംഭദശയിൽതന്നെ തടയുകയാണുവേണ്ടതു്. കാലംകഴിഞ്ഞു് ഭാഷയിൽ അതു രൂഢമൂലമായിപ്പോയാൽ പിന്നെ മാററാനും മറിക്കാനും സാദ്ധ്യമാകുന്നതല്ല. 'ചന്ദ്രക്കല' തുടങ്ങിയ ശബ്ദങ്ങൾ ഇതിനു മതിയായ തെളിവുതരുന്നു. അതുപോലെ 'കാഥിക' ശബ്ദവും വഴിപിഴച്ച അത്ഥത്തിൽ ഭാഷയിൽ പ്രതിഷ്ഠ ഉറപ്പിക്കാൻ വട്ടംകൂട്ടുന്ന ഒരു സന്ദർഭമായതുകൊണ്ടു് അതിന്റെ ശുദ്ധരൂപത്തെപ്പററി ഇത്രയും പ്രസ്താവിച്ചു എന്നേയുള്ളു.

**തയ്യൽ അദ്ധ്യാപകൻ**

—o—

തയ്യൽവേലയിൽ പരിചയമില്ലാത്തവക്കുകൂടി തുന്നൽവേലകൾ ചെയ്യാൻതക്കവിധം ചിത്രങ്ങളും ലളിതഭാഷയിൽ വിവരണങ്ങളും ചേത്തിട്ടുണ്ടു്. വില ണ. 12.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം

PERINAD QUILON

ചെറുകഥ

# "പാരിതോഷികം!"

— പുളിമൂട്ടിൽ ശങ്കരനാരായണൻ ബി. എ. —

പ്രിയപ്പെട്ട മകന്,

പരീക്ഷയെല്ലാം കഴിഞ്ഞില്ലേ മോനേ. ഇനിയെങ്കിലും നാട്ടമ്പുറത്തെ ശാന്തതയിൽ വന്നൊന്നു വിശ്രമിക്കരുതോ? തലയൊന്നു തണുക്കുമല്ലോ.

നാളെ നീ ഇങ്ങോട്ടു പോരണം. അവിടെനിന്നിട്ട് അത്യാവശ്യമുണ്ടെങ്കിൽ ഉടനെ നിനക്കങ്ങു തിരിച്ചുപോകാം. കാര്യം, മറ്റൊന്നുമില്ല. നിന്റെ വിവാഹാലോചനതന്നെ. ജാതകം വളരെ യോജിക്കുന്നു. വധുവും കൊള്ളാം എങ്കിലും നീ വന്നു നിന്റെ ഇഷ്ടംകൂടിയറിഞ്ഞേ ഞാൻ തീർച്ചപ്പെടുത്തുകയുള്ളു. നാളെ തന്നെ നീ പോരണം. നാളെ (വ്യാഴാഴ്ച) രാവിലത്തെ എക്സ്പ്രസിനു സ്റ്റേഷനിൽ നിന്നു ഞാൻ ആളയയ്ക്കും.

എന്ന്, സ്വന്തം അച്ഛൻ.

പരീക്ഷ എഴുതി രവീന്ദ്രൻ അന്നു പേന മടക്കിയതേയുള്ളു! ഒരു ഭാരം അങ്ങോട്ടിറക്കി വച്ചതേയുള്ളു! ഇതാ വന്നുനിൽക്കുന്നു മറ്റൊരു ഭാരം, ഒരു ഹിമാലയപർവ്വതം!

ഈ ബി. ഏ. പരീക്ഷയ്ക്കും വിവാഹത്തിനും ഇങ്ങനൊരുബന്ധം വന്നുചേർന്നല്ലോ ഈശ്വര! കണ്ണുംകോർത്തിരിക്കുകയാണോ ഇക്കൂട്ടർ, എന്നാണിവനാപരീക്ഷ എഴുതിതീരുന്നതെന്ന്! എന്തൊരു ശല്യമാണ്, ഒരവിവാഹിതനായി അല്ലലൊഴിഞ്ഞ് കഴിയാമെന്നുവച്ചാൽ? സ്കൂൾ ഫൈനൽ കഴിഞ്ഞപ്പോൾമുതൽ ഓരോരുത്തരാരംഭിച്ച വേക്കുത്ത്!—രവീന്ദ്രൻ വല്ലാതെ ക്ഷോഭിച്ചു.

ഏതു "നീർപ്പുളകഗാത്രി"യെയാണാവോ അച്ഛനിനി തെരഞ്ഞെടുത്തുനിർത്തിയിരിക്കുന്നത്?—ആരെയായാലും അവന്റെ ഇഷ്ടംകൂടി അറിഞ്ഞല്ലേ തീർച്ചപ്പെടുത്തുകയുള്ളു; പിന്നെന്ത്? കൊള്ളാം! അങ്ങനെയല്ലാതെ അച്ഛൻ പറയുമോ? അവനങ്ങെത്തുന്നതുവരെ? എത്തിക്കഴിയുമ്പോഴാണ് ഭാവവും പ്രകൃതിയുമൊക്കെയങ്ങു മാറുക! പോകേണ്ടെന്നുതന്നെ രവീന്ദ്രൻ പലതവണ തീരുമാനിച്ചു!

പക്ഷെ, പോകാതിരുന്നാലോ? സ്റ്റേഷനിലേയ്ക്ക് ആളയയ്ക്കുമെന്നുമല്ലേ പറഞ്ഞിരിക്കുന്നു? ഏതായാലും പോയി അഭിമുഖമായിതന്നെ അച്ഛനോടു പോരാടാം. അതിനുള്ള ധീരത അവനെന്തുകൊണ്ടില്ല. അവരവരുടെ ജീവിതത്തിന്റെ പങ്കാളിയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം, ഈ സ്വാതന്ത്ര്യയുഗത്തും അവരവർക്കു തന്നെയല്ലെന്നോ?—

രവീന്ദ്രൻ പുറപ്പെട്ടു.

അച്ഛനോടു നേരിടേണ്ട വഴികളെപ്പറ്റി ചിന്തിക്കാൻ കുറച്ചേകാന്തത വേണമല്ലോ? രണ്ടാംക്ലാസ് ടിക്കറ്റെടുത്താണവൻ കയറിയത്. കയറിനോക്കിയപ്പോഴുണ്ട് ആ കമ്പാർട്ടുമെന്റിലെ എല്ലാം മുറികളിലും ആള്! രവീന്ദ്രന്റെ മുഖം ചുളിഞ്ഞു; യാത്രയുടെ ആരംഭമേ അശുഭസൂചകം!

ആൾ താരതമ്യേന കുറഞ്ഞ ഒരു മുറിയിൽ കയറി അവനരുകുചേർന്നൊരു സീറ്റു പിടിച്ചു. ആ സീറ്റിൽ അവനെക്കൂടാതെ മൂന്നുപേരും എതിർവശത്തേതിൽ ആകക്കൂടി മൂന്നുപേരും അപ്പോഴുണ്ടായിരുന്നു.

തെല്ലിടകഴിഞ്ഞപ്പോൾ മൂന്നാലുപേർ ആ വാതിൽക്കൽവന്നെത്തിനോക്കിയിട്ടു കടന്നുപോയി. പോയല്ലോ എന്നാശ്വസിച്ചിരിക്കവേ, പോയവർ അടുത്തമുറികളിൽനോക്കി ഇച്ഛാഭംഗപ്പെട്ട് ആ വാതിൽക്കൽതന്നെവന്നു കൂട്ടംകൂടി. രണ്ടു സ്ത്രീകളും ഒരു കുട്ടിയും ഒരു പുരുഷനുംചേർന്ന ഒരു കുടുംബമായിരുന്നു അത്.

അകത്തിരുന്നവർ പരസ്പരം നോക്കി. രവീന്ദ്രന്റെ സീറ്റിൽ അങ്ങേഅറ്റത്തു രവീന്ദ്രൻ, ഇങ്ങേഅറ്റത്തൊരു സ്ത്രീ, ഇടയ്ക്കു രണ്ടു പുരുഷന്മാർ. എതിർവശത്തേതിൽ മൂന്നും പുരുഷന്മാരും!

സ്ത്രീയിരിക്കുന്ന സീറ്റിൽ സ്ത്രീകൾക്കൊരവകാശമുണ്ടല്ലോ! സ്ത്രീയ്ക്കടുത്തിരുന്ന ആ രണ്ടു പുരുഷന്മാരും പെട്ടെന്നെഴുന്നേറ്റ് എതിർവശത്തേയ്ക്കു മാറി.

രവീന്ദ്രൻ നോക്കി. എന്തു കഷ്ടമാണ്. ഏകാന്തതയനുഭവിക്കാൻ മൂവിരട്ടിവിലയുള്ള ടിക്കറ്റുമെടുത്തു കയറീട്ട് ഇരിക്കാൻപോലും അവനു സാധിക്കാതെ വരുക!—അവനവിടെത്തന്നെയിരുന്നു!

കുട്ടിയെ രവീന്ദ്രന്റെ അടുത്തോട്ടിരുത്തിയിട്ട് സ്ത്രീകൾ രണ്ടും ഇപ്പുറത്തിരുന്നു. പുരുഷൻ കതവിൽ പിടിച്ചുകൊണ്ട് നിലയും ഉറപ്പിച്ചു.

"അങ്ങനെ നിൽക്കട്ടെ." രവീന്ദ്രൻ കൈയിലിരുന്ന മലയാളരാജ്യം ചിത്രവാരിക നിവർത്തി സഗൌരവം വായിക്കാൻതുടങ്ങി.

വണ്ടി നീങ്ങാൻ മണിയടിച്ചു. അപ്പോഴുണ്ട് ഒരു പോർട്ടർ ഒരു ട്രങ്കും, ബഡിംഗും കൊണ്ടുവന്ന് ജന്നലിൽക്കൂടി ഒരു തള്ള്! ഒക്കെക്കൂടി രവീന്ദ്രന്റെ മുട്ടിൽവന്നുവീണ് നിലങ്ങിതാഴോട്ടുപോയി. ആ ഭീമൻട്രങ്കും ബഡിംഗും! രവീന്ദ്രൻ കലികൊണ്ടു. എങ്ങനെയൊന്തു അവന്റെ മുട്ട്! ഒരു കൈകൊണ്ട് മുട്ടു തടവുന്നതിനിടയിൽ മറ്റേകൈകൊണ്ട് പോർട്ടറുടെ ചെകിട്ടത്തു രണ്ടുകൊടുക്കാൻ അവനാഞ്ഞു!

"അയ്യോ! സാർ ആ കൊച്ചമ്മയുടേതാണേ!—വണ്ടി വിടാറായിപ്പോയേ!—' പോർട്ടർ പിടഞ്ഞു പിറകോട്ടു മാറി. വണ്ടിയുംവിട്ടു.

കൊച്ചമ്മ! ആരാണാഗ്രഹപ്പിഴക്കാരി? ആ ക്രോശത്തോടെ രവീന്ദ്രൻ തിരിഞ്ഞുനോക്കി.

നിൽക്കുന്നു ഒരു തിലോത്തമ!—ചെമന്ന ഒരു ഹാൻഡുബാഗും, ചെയിനിട്ടൊരു മുറിക്കുടയുംതൂക്കി, പിന്നിയിട്ട തലമുടിഎടുത്തു മാറിലേട്ടിട്ടങ്ങനെ ആട്ടിക്കൊണ്ട് ഒരു പതിനേഴുകാരി!—ഒരു കാളേജുകുമാരി!

രവീന്ദ്രനു മുട്ടിലെ സർവ്വവേദനയുംപോയി!—ആ ദേവാംഗനയെകണ്ട ആഹ്ളാദത്താലല്ല, ആ ഗ്രഹപ്പിഴക്കാരിക്കിരിക്കാൻ സ്ഥലം ഒഴിഞ്ഞുകൊടുക്കേണ്ടത് ഇനി താനാണല്ലോ എന്ന കഠിനവേദനയാൽ!

അതു വല്ലതുംപറഞ്ഞാൽ പററുമോ? എഴുന്നേററു മുടന്തിമുടന്തി അവൻ മാറി. കതവിൽ പിടിച്ചുനിന്ന മനുഷ്യന്റെ മുഖത്തവൻ നോക്കിയില്ല. അയാൾ പൊട്ടിച്ചിരിച്ചെങ്കിലോ?—

വന്നവൾ വാതിൽക്കൽതന്നെ നില്ക്കുകയാണ്. അകത്തോട്ടുകയറാൻ അവൾക്കൊരു നാണം. ഒരു കാളേജുകുമാരിക്കു നാണം!—പല്ലുരുമ്മിക്കൊണ്ടു രവീന്ദ്രൻ ആ മുറിവിട്ടേ ഇറങ്ങിപ്പോയി.

പിന്നെയും അകത്തോട്ടു കയറാൻ അറച്ചു നില്ക്കുകയാണവൾ. ഒടുവിൽ അകത്തിരുന്ന സ്ത്രീകളെല്ലാരുംകൂടി അവളെ എഴുന്നെള്ളിച്ചിരുത്തി!

ആരെ കണികണ്ടാണ് താനന്നിറങ്ങിയത്? ആ യാത്രയിൽ വരുന്നവിഷമതകൾപോലെ തന്റെ വധുവും ഒരുപക്ഷെ വിരൂപിയായിപ്പോകുമോ?—ട്രയിനിന്റെ കതകുതുറന്നു അതിൽ പിടിച്ചുകൊണ്ടു രവീന്ദ്രൻനിന്നു. ആ മലകളും മരങ്ങളും അവനെനോക്കി പരിഹസിച്ചിട്ടോടി!

ചിറയിൻകീഴുവരെ ആരും ഇറങ്ങാനും കയറാനും ഉണ്ടായിരുന്നില്ല. ചിറയിൻകീഴിൽ രവീന്ദ്രനിരുന്നതിന്റെ എതിർവശത്തിരുന്നവരെല്ലാരും, കൂടെ ആദ്യമിരുന്ന ആ സ്ത്രീയും ഇറങ്ങി. അതുപ്പിടയാടെങ്കിലും, രവീന്ദ്രനും, നിന്നിരുന്ന ആ മനുഷ്യനോടൊപ്പം ഒഴിഞ്ഞ ആ സീറ്റിൽ ചെന്നിരുന്നു.

രവീന്ദ്രൻ മലയാളരാജ്യം തുറന്നു. വായിക്കാനുള്ള ആസക്തികൊണ്ടല്ല. അവന്റെ മുട്ടടച്ചു, അവന്റെ സ്ഥാനമിളക്കിയ ആ യുവതിയുടെ മുഖത്തുനോക്കാൻ കെല്പററു്!

സഹയാത്രക്കാരൻ ആ രണ്ടു സ്ത്രീകളോട്—ഒന്നു ഭാര്യയും മററവൾ മകളോ ഭാര്യയുടെ സഹോദരിയോ ആയിരിക്കണം, രണ്ടുപേർക്കും ഒരേ ആകാരം; ഏതാണ്ടു തുല്യ ആരോഗ്യവും,—സംസാരിക്കുന്നതിനിടയിൽ രവീന്ദ്രനോടും ചിലതൊക്കെ ചോദിക്കുന്നുണ്ടായിരുന്നു. "ഇല്ലേ, മിസ്റ്റർ?" "മി. എന്തുപറയുന്നു?" എന്നെല്ലാം. രവീന്ദ്രൻ കൊതുകുകടിക്കുമ്പോഴെന്നപോലെ അസഹ്യമായി മലയാളരാജ്യത്തിൽ നിന്നും കണ്ണുയർത്തി, ഒരു ശിരോചലനമോ പച്ചച്ചിരിയോകൊണ്ടു ഓരോന്നും തട്ടിക്കളഞ്ഞു!

കടയ്ക്കാവൂരായി.

"ഞങ്ങളിവിടിറങ്ങുകയാണ്." സഹയാത്രക്കാരനും രണ്ടു സ്ത്രീകളും കുട്ടിയും എഴുന്നേററു.

"ഓ! ഇവിടെയാണോഇറങ്ങേണ്ടത്?—" ഇറങ്ങുമ്പോഴെങ്കിലും ഒന്നു സംസാരിച്ചില്ലെന്നു വേണ്ട.

"അതെ. മകളിവിടത്തെ ഡാക്കറാണ്." നോക്കണേ! ഇറങ്ങാൻ നേരവും ഒരാററംബാംബ്! അദ്ദേഹത്തിന്റെ മകൾ ആരാണ്, എവിടെയാണ ജോലി എന്നാരെങ്കിലും ചോദിച്ചതാണോ?—

പോട്ടെ; വിന ഒഴിഞ്ഞല്ലോ. ഇനിയെങ്കിലും സൈ്വരമായിരുന്നു വല്ലതും ചിന്തിക്കാം. വലിയൊരാശ്വാസത്തോടെ രവീന്ദ്രൻ പിറകോട്ടു ചാരി. അപ്പോഴാണവൻ അറിയുന്നത് ആ ഗ്രഹപ്പിഴക്കാരി കാളേജുകുമാരി ഇറങ്ങിയില്ലെന്ന്! അകത്തുതന്നെയിരിക്കുകയാണവൾ. അതും തനിച്ച്!

ഈ തീയുടെ അടുത്ത് തനിച്ചിരുന്നു യാത്രചെയ്യത്തക്കവണ്ണം താനെന്തപരാധമാണ ചെയ്തത്? ഇപ്പോഴവളാരംഭിക്കുമല്ലോ, ട്രങ്കു കാലിൽ കൊണ്ടിട്ടതിന് 'എക്സ്യൂസും' സ്ഥലം ഒഴിഞ്ഞുകൊടുത്തതിന 'താംഗ്സും' ആയി അവളുടെ ആ മാരണകലാപ്രകടനം!

കരയ്ക്കു പിടിച്ചിട്ട മീനിനെപ്പോലവൻ അനുഭവപ്പെടാൻതുടങ്ങി. മലയാളരാജ്യം ഉണ്ടായിരുന്നതുകൊണ്ടു അവന്റെ ഹൃദയവികാരങ്ങൾക്ക് മുഖമൊരു ദർപ്പണമായി തീർന്നില്ലെന്നു മാത്രം!

വണ്ടി വെള്ളംകുടിച്ചുകൊണ്ടു കടയ്ക്കാവൂർ വിട്ടു. അതിവേഗം അതു പായുകയാണ്.

"എവിടെയിറങ്ങാനാ?—" ഇതാ അവളാരംഭിച്ചുകഴിഞ്ഞു!

"ഇഷ്ടമുള്ളയിടത്ത്." അങ്ങനെ പറയാനാണവനു തോന്നിയത്. പക്ഷെ, പറഞ്ഞുപോയി "കൊട്ടാരക്കര."

മലയാളരാജ്യത്തിൽതന്നെ ദൃഷ്ടി ഉറപ്പിച്ചുകൊണ്ടുള്ള ആ ഉത്തരവും, അതിന്റെ സ്വരവും കേട്ടാൽ മനുഷ്യരാരും പിന്നൊന്നും ചോദിക്കുകയില്ല. പക്ഷെ ആ കാളേജുകുമാരി മനുഷ്യസ്ത്രീയല്ലല്ലോ! അവൾ പിന്നെയും ചോദിച്ചു:

"കൊട്ടാരക്കര എവിടെ?"

ഈ ബാധ വിടുകയില്ലല്ലോ! "പ്രോപ്പർ തന്നെ" അവൻ കണ്ണുയർത്താതെതന്നെപറഞ്ഞു. അതു കുറിക്കുകൊണ്ടുവെന്നു തോന്നുന്നു! പിന്നവൾ ഒന്നും മിണ്ടിയില്ല.

മലയാളരാജ്യം ശ്രദ്ധാപൂർവ്വം വായിക്കാനവൻ യത്നിച്ചു. പക്ഷെ എന്തനുസരണനശിച്ചതാണീകണ്ണ്? ഒരുവരി ഓടിക്കഴിഞ്ഞാൽ മുറിച്ചിട്ടു മുമ്പിലിരിക്കുന്ന ആ കാഴ്ചദ്രവ്യത്തിലേയ്ക്കു ഒരു പാച്ചിലാണ്. വളരെ പ്രയാസപ്പെട്ടു ദൃഷ്ടിയെടുത്തു പിന്നെയും വായിക്കും. വീണ്ടും മുറിച്ചുകൊണ്ടു പോവുകയായി.

എന്തിനു അങ്ങനെ വായിച്ചുംമുറിച്ചും പിന്നെയും വായിച്ചും ഒരു പുറം മറിച്ചതോടുകൂടി അവന്റെ ഹൃദയവും ഒന്നുമറിഞ്ഞു!

സഹയാത്രക്കാരിയെക്കുറിച്ചുള്ള അവന്റെ പ്രഥമാഭിപ്രായങ്ങൾ പാടേ തെററാണെന്നവനു തോന്നി. കാളേജുകുമാരിതന്നെയായിരിക്കാം. പക്ഷെ, ഒന്നവനു തീർത്തുമനസ്സിലായി. എല്ലാ കാളേജുകുമാരികളേയുംപോലെ പടനേരിയുന്നൊരു പന്തമല്ല, നിലച്ചെരിയുന്നൊരുനിലവിളക്കാണവളെന്ന്!!

ഒരു പുറം മറിച്ചതിനകം എത്ര നോട്ടങ്ങളാണവൻ നോക്കിയത്? ഒരിക്കലെങ്കിലും അവളൊന്നു തിരിഞ്ഞു നോക്കണമല്ലോ? അവൾ ആദ്യം ആ ചോദിച്ചചോദ്യംതന്നെ എത്രായിരം ചോദ്യങ്ങളുടെ നാന്ദിയാകേണ്ടതാണ്. പിന്നീടു യാതൊന്നും അവൾ ചോദിച്ചില്ലല്ലോ? അവൻ സ്ഥലം ഒഴിഞ്ഞുകൊടുത്തപ്പോൾ വന്നിരിക്കാനവൾ മടിച്ചതു വാസ്തവത്തിൽ നടിപ്പല്ല. നൈസർഗ്ഗികവിലാസമാണ്! പിന്നെ ട്രങ്കുകൊണ്ടു കാലിലിടുവിച്ചു? വണ്ടി പുറപ്പെടാറായിപ്പോയാൽ ആരുതന്നെ ആ വിഭ്രാന്തികാണിച്ചുപോവുകയില്ല?—സാധുയുവതി!

അവളുടെ ആ ഇരുപ്പിനുതന്നെയുണ്ടൊരു കുലീനത; ഒരു കലാതാപം! മുട്ടു ജന്നൽപടിയിൽ കുത്തി, തൊട്ടാൽ തേജസ്സ് ഒട്ടിവരുന്ന ആ കവിൾതടവും കരതലത്തിൽ വിശ്രമിപ്പിച്ച്, കാൽമുട്ടുകൾക്കിടയിൽ വച്ചിരിക്കുന്ന കുടയിലെ ചെയിനും പിടിച്ചുപിടിച്ചു തിരിച്ചുകൊണ്ട്, ഇടയ്ക്കിടെ ആ ഉരുണ്ടു വെണ്മയേറിയ നെററിത്തടത്തിലേക്കു പറന്നുവീഴുന്ന അളകങ്ങളേയും കാതുകൾക്കപ്പുറത്തേക്കു ഒതുക്കിവിട്ടുകൊണ്ട്, വിദൂരത്തിലേക്കു ദൃഷ്ടിയുംപായിച്ചിരിക്കുന്ന ആ ഇരുപ്പ്!—രവീന്ദ്രന്റെ ഹൃദയത്തെ അതു തൊട്ടുണർത്തി.

മലയാളരാജ്യത്തിലെ ആ കവിത വായിച്ചനുഭവിച്ചതിനേക്കാൾ മധുരവും മഹത്തരവുമായ ഒരാനന്ദാനുഭൂതി മുമ്പിലിരിക്കുന്ന ആ കവിത വായിച്ചവനനുഭവിച്ചു!

രണ്ടുമൂന്നു പുറംകൂടി വെറുതെ മറിച്ചുകൊണ്ടിരുന്നിട്ടു വീണ്ടും അവൻ യുവതിയെ നോക്കി വിഷമചിന്തകളുടെ ഓളങ്ങൾകൊണ്ടു വല്ലാതെ പതറിയ ഒരു ഹൃദയചന്ദ്രനെയാണ് അവളുടെ വദനവാപിയിൽ അവനപ്പോൾ നിഴലിച്ചുകണ്ടത്!

ജന്നൽപടിയിൽ ഒരു നിമിഷം മുട്ടുകുത്തും ഉടനൊരു നെടുവീർപ്പോടെ തിരിഞ്ഞു ചുററും നോക്കും. പെട്ടെന്നു ബാഗ് തുറന്ന് എന്തോ എടുക്കാൻ ഭാവിക്കും. എടുക്കാതെ സഹയാത്രക്കാരനോടേതോ പറയാൻ ഒരുമ്പെടും. അതിൽനിന്നും വിരമിച്ച് വീണ്ടും ജന്നൽപടിയിൽ മുട്ടുകുത്തും. അങ്ങനെ!

രവീന്ദ്രന്റെ ഉൽക്കണ്ഠ ചൂടുപിടിച്ചു. ചൂടു ക്രമേണ വർദ്ധിച്ച് അതു തിളച്ചുതൂകി:

',എന്താ,ഏതോ വിഷമിക്കുന്ന പ്രതീതി?"

ഒരു നിമിഷം യുവതി മടിച്ചുനിന്നു. എന്നിട്ട് പറഞ്ഞു: "മൂന്നാംക്ലാസ്സ്ടിക്കററാണെന്റെ കൈയിൽ. വണ്ടി പുറപ്പെടാറായ വെമ്പലിൽ തുറന്നുകിടന്ന ഒരു വാതിൽ കണ്ടങ്ങു കയറിപ്പോയി. കയറി കഴിഞ്ഞിട്ടാണ് ഞാനറിഞ്ഞതു് രണ്ടാംക്ലാസ്സാണെന്ന്! മൂന്നാലിടത്ത് വണ്ടിനിർത്തിയപ്പോൾ, ഞാൻ വിചാരിച്ചു ഇറങ്ങി മറേറക്ലാസ്സിലേക്കു കയറാമെന്ന്. പക്ഷെ എങ്ങനെയാണ്? ഈ പെട്ടിയും സാമാനവുമൊക്കെ എടുത്തു മാററുമ്പോഴത്തേയ്ക്കു് ആരെങ്കിലുമതു കണ്ടുപിടിച്ചാലോ?—"

തിളച്ചുതൂകുന്ന കഞ്ഞിയ്ക്കുമുകളിൽ ഒരു കൈ വെള്ളം തളിച്ചാലെന്നപോലെ രവീന്ദ്രന്റെ ഉൽക്കണ്ഠ തണുത്തതാണ. അവൻ വിചാരിച്ചുപോയി, അവളുടെ ജീവിതത്തെ സാരമായി സ്പർശിക്കുന്ന ഏതോ ഭയങ്കരസത്യം അവളെ മഥിക്കുകയാണെന്ന്!—എന്തൊരു ലോലഹൃദയയാണവൾ? ക്ലാസ്സുമാറി കയറിപ്പോയ ഒരു നിസ്സാരകാര്യത്തിന് ഈ മരണവെപ്രാളം കാണിക്കാറുണ്ടോ? അവൻ പറഞ്ഞു: "ഓ! ഇതാണോകാര്യം? ഇറങ്ങുന്നിടത്ത് 'എക്സ്ക്യൂസ്'ഉം കൊടുത്താൽ പോരേ?"

"അതിനിടയ്ക്ക് ടിക്കററ് പരിശോധകൻ വന്നാലോ—?

ഇത്ര ശുദ്ധഗതിക്കാരികളും ഇന്നത്തെ ലോകത്തുണ്ടല്ലോ?—വിശേഷിച്ചു കാളേജുകുമാരികളുടെ കൂട്ടത്തിൽ! രവീന്ദ്രൻ അതീവ സന്തുഷ്ടനായി.

പെട്ടെന്നവനൊരു യുക്തിതോന്നി അവന്റെ ടിക്കറെറടുത്തു നീട്ടിക്കൊണ്ടവൻ തുടർന്നു: "എന്നാൽ ആ ടിക്കററിങ്ങു തന്നേയ്ക്കുക. ഇതാ എന്റെ ടിക്കററ്. ടിക്കററു പരിശോധകൻ വന്നാൽ ഞാൻ പറഞ്ഞു നിന്നുകൊള്ളാം."

യുവതിയുടെ മുഖമൊന്നു വികസിച്ചു. പെട്ടെന്നു കൂമ്പുകയും ചെയ്തു. "നന്ദിയുണ്ട്. ആളു മാറിയെന്നുവച്ച് അപരാധം മാറുകയില്ല. അടുത്ത സ്റ്റേഷനിൽ വണ്ടി നിർത്തുമ്പോൾ പണം തരാം. ഈ ക്ലാസ്സിലേയ്ക്കൊരു ടിക്കറെറടുത്തു തന്നാൽ മതി."

രവീന്ദ്രൻ സ്തബ്ധനായിപ്പോയി. ആ സംസാരത്തിൽ പ്രകടമായ കുലീനതയുടെ പതിന്മടങ്ങ്, നിർമ്മലതയുടെ ആ നയനങ്ങളിൽകൂടി പ്രകാശിച്ചു. നിശ്ശബ്ദനായവൻ ടിക്കററു തിരിയെ വെച്ചു.

അടുത്ത സ്റ്റേഷനിൽ വണ്ടി നിർത്തി. യുവതി ടിക്കററും പണവും രവീന്ദ്രനെ ഏല്പിച്ചു. ഇറങ്ങുന്നതിനകം അവൻ ആ ടിക്കററിലേയ്ക്കൊന്നു ഉററുനോക്കി.

"അല്ല, കൊട്ടാരക്കരയ്ക്കുതന്നെയാണോ?"

"അതെ."

അപ്പോഴാണവനുമനസ്സിലായത്, അവൻ ആദ്യം കൊട്ടാരക്കരയെന്നു പറഞ്ഞപ്പോൾ എവിടെയാണെന്നവൾ ചോദിച്ചതിന്റെ സാരം!

"കൊട്ടാരക്കര എവിടെ?" അവനും ചോദിച്ചു.

പ്രോപ്പറല്ല. കുറെ ഉള്ളിലാണ്. പുത്തൂർ" യുവതി ഒന്നു മന്ദഹസിച്ചു. ആ മന്ദഹാസത്തെ പകർത്തിക്കൊണ്ട് രവീന്ദ്രനിറങ്ങി.

ക്ഷണനേരത്തിൽ അവൻ മടങ്ങിഎത്തി. ടിക്കററും മിച്ചം പണവും തിരിയെ ഏല്പിച്ചു. അവിടെനിന്നുള്ള യാത്ര രണ്ടുപേർക്കും സുഖപ്രദമായിരുന്നു. രണ്ടുപേരുടേയും ഹൃദയങ്ങൾ ലഘൂകരിക്കപ്പെട്ടുകഴിഞ്ഞല്ലോ!

"കാളേജിലാണില്ലേ?—" രവീന്ദ്രനാണാരംഭിച്ചത്!

"അതെ. സീനിയർ ഇൻററിന്"

"പേപ്പർ എങ്ങനിരുന്നു?—"

"പൊതുവേ വളരെ 'ടഫ്'തന്നെ!"

ബി. എ-യ്ക്കും ഇത്തവണ അങ്ങനെ തന്നെ."

"ബി. എ-യ്ക്കാണോ?—"

"അതെ."

"സബ്ജക്ററ് ഏതെടുത്തിരിയ്ക്കുന്നു?–"

"സൈക്കാളജി."

പെട്ടെന്നു അവളുടെ കഴുത്തിൽ കിടന്ന ഒരു നെക്ക്ലേസ് അവന്റെ ശ്രദ്ധയെ ആകർഷിച്ചു. അവനതു സൂക്ഷിച്ചുനോക്കി. അവന്റെ സിരാതന്തുക്കളിൽകൂടി ഒരു മിന്നൽ പാളി!

"ആ നെക്ക്ലേസ്—?" അവൻ അർദ്ധോക്തിയിൽ വിരമിച്ചു.

'നെക്ക്ലേസ്!' അവളുടെ കൈ അറിയാതെ നെക്ക്ലേസിൽ വീണുതലോടി.

അവൻ ധൈര്യസമേതം ചോദിച്ചു: "സ്വന്തമാണോ, ആരുടെയെങ്കിലും പാരിതോഷികമാണോ?—"

യുവതി അവനെ സൂക്ഷിച്ചുനോക്കി. അവൾക്കൊന്നും മനസ്സിലായില്ല. അവൾ ചോദിച്ചു: "എന്താ അങ്ങനെ ചോദിച്ചത്?—"

"ഒന്നുമില്ല. അതു ചില സ്മരണകളുദിപ്പിക്കുന്നു. സത്യമറിഞ്ഞാൽ കൊള്ളാമായിരുന്നു."

"ചേച്ചിയുടെ നെക്ക്ലേസാണ്."

"രാധചേച്ചിയുടെ?—"

"അ...തെ!—"

യുവതി രോമഹർഷിതയായി. ആ മുഖത്ത് പൊൻമുകുളങ്ങൾ പൊടിച്ചുപൊങ്ങുന്നത് സ്പഷ്ടമായി രവീന്ദ്രൻ കണ്ടു. അവനും രോമഹർഷിതനായി.

"ചേച്ചിയെ അറിയും?—"

"അതെ. ഹൈസ്ക്കൂളിൽവെച്ച്." യുവതി ഒരു ദീർഘനിശ്വാസത്തോടെ ജന്നലിലേക്ക് ദൃഷ്ടികൾ തിരിച്ചുകളഞ്ഞു. രവീന്ദ്രൻ തുടർന്നു ചോദിച്ചു:

"ആ നെക്ക്ലേസിന്റെ ചരിത്രം ചേച്ചി പറഞ്ഞിട്ടുണ്ടോ?—"

"ഇല്ല."

വണ്ടി വർക്കലനിർത്തി. ആ യുവഹൃദയങ്ങളിൽ മധുരചിന്തകളെന്നവണ്ണം ആ പ്ലാററുഫാമിൽ ആളുകൾ തിക്കിതിരക്കിക്കൊണ്ടിരുന്നു.

അവിടത്തെ വിളികളോ ഒച്ചപ്പാടുകളോ ഒന്നും അവരുടെ ചെവിയിൽ പതിച്ചില്ല. വണ്ണപ്പകിട്ടുള്ള മനുഷ്യചിത്രങ്ങൾ കുറെ കൂട്ടമായി തിരശ്ശീലയിൽവീണു ഓടുകയും ചാടുകയും ചെയ്യുന്ന ഒരു പ്രതീതി!

വണ്ടി അവിടെനിന്നും നീങ്ങി.

"പറഞ്ഞുകൊണ്ടുവന്നതു നിർത്തിക്കളഞ്ഞതല്ലേ?—" യുവതി ചോദിച്ചു.

"എന്തായിരുന്നു?"

"നെക്ക്ലേസിന്റെ ചരിത്രം."

"പറയാം." മലയാളരാജ്യം മടക്കി മടിയിലിട്ടുകൊണ്ടവൻ തുടർന്നു. "പതിനാലുവയസ്സുകാണും എനിക്കന്നു്. ഫോർത്തിൽ പഠിക്കുകയാണു്. രാധച്ചേച്ചി സിക്സ്ത്തിലും. ചേച്ചിയ്ക്കു് അന്നൊരു 17 വയസ്സുകാണും. ഇത്ര അകന്ന ക്ലാസ്സുകളിലാണു് പഠിച്ചിരുന്നതെങ്കിലും ഞങ്ങൾക്കൊത്തുകൂടാൻ ഒരു രംഗമുണ്ടായിരുന്നു. സാഹിത്യസമാജം. ആ സമാജങ്ങളിൽ സജീവമായ പങ്കുവഹിക്കാൻ അക്കൊല്ലം പെൺകുട്ടികളിൽ ചേച്ചിയോളവും ആൺകുട്ടികളിൽ എന്നോളവും വാസനയും വ്യക്തിത്വവും കാണിച്ചവരായി ആരുമാസ്ക്കൂളിൽ ഇല്ലായിരുന്നു. ആ വർഷം സ്ക്കൂൾവാർഷികത്തിനു് ഞങ്ങളെല്ലാവരുംകൂടി ഒരു നാടകം അഭിനയിച്ചു. രാധച്ചേച്ചിതന്നെ എഴുതിയതാണു്. "ജയിലിൽ", എന്നായിരുന്നു പേർ. അതിൽ ഞാനൊരു യാചകബാലനും, രാധച്ചേച്ചി എന്റെ ചേച്ചിയുമായിരുന്നു. അതിലൊരു രംഗമുണ്ടു്. വിവാഹപ്രായമായി നിൽക്കുന്നു ചേച്ചിയെ യാചനയ്ക്കിറക്കാതെ ഞാൻ തനിയെചെന്നു യാചിച്ചിട്ടു് യാതൊന്നും ലഭിക്കാതെവന്നു, ലോകത്തിന്റെ ഹൃദയശൂന്യതയെ വിവരിച്ചു കേൾപ്പിച്ചു്, ചേച്ചിയെ കരയിക്കുന്നതായി. റിഹേർസലെല്ലാം കഴിഞ്ഞു വാർഷികദിനമായപ്പോൾ ചേച്ചി പറഞ്ഞു, എങ്ങനെയാണു് കരയുക; വല്ല നല്ലമുളകും കടിച്ചിറക്കിയേ പററൂവെന്നു്. ഞാനുത്തരംകൊടുത്തു ഒരു നല്ലമുളകും കടിച്ചിറക്കാതെ ആ കണ്ണുകൾ നിറച്ചുതരാമെന്നു്!—എന്നാൽ കാണാമല്ലോ എന്നായി ചേച്ചി. നാടകം തുടങ്ങി. ആ രംഗവുംവന്നു. കീറിത്തുന്നിയ ഒരു ഉടുപ്പും, കിഴിത്തലകൾവീണ ഒരു നിക്കറും ഇട്ടു് തലയും പന്നംപറിച്ചിട്ടു് ഒരു തകരപ്പാത്രവുമായി ഞാനെത്തിയപ്പോൾ യഥാർത്ഥത്തിൽ ഒരു യാചകനല്ല ഞാനെന്നു കരുതാൻ എനിക്കു സാധിച്ചില്ല. ആ ഹൃദയഭാവത്തോടെ ഞാൻ മുമ്പോട്ടുനീങ്ങി. ആ കുരയുടെപടിക്കലായി നിൽക്കുകയാണു് ചേച്ചി, എന്റെ വരവുകാത്തു് വിശന്നു പെരിതെങ്ങനെ എങ്ങിഎങ്ങി! ചേച്ചിയിൽവീണ കണ്ണുകൾ ഞാൻ പാത്രത്തിലേക്കു തിരിച്ചു. ശൂന്യമായ പാത്രം! ആ ശൂന്യതയിൽനിന്നും കണ്ണുയർത്തി വീണ്ടും ചേച്ചിയെ നോക്കിക്കൊണ്ടു്, എനിക്കു പറയാനുള്ളതുമുഴുവൻ ഞാൻ പറഞ്ഞുതീർന്നില്ല, എന്റെ തൊണ്ട ഇടറി; കണ്ണുകൾ നിറഞ്ഞു. അതുകണ്ടു ചേച്ചിയുടേയും. കരയാൻ സാധിക്കുകയില്ലെന്നു പറഞ്ഞ ചേച്ചിയുടെ കണ്ണുകളിൽനിന്നും രണ്ടു പെരിയാർതന്നെ ഒഴുകി! അതുകണ്ടു് സദസ്യരിലും പലരുടെയും കണ്ണുകൾ നിറഞ്ഞു. എന്തിനു്? ആ കർട്ടൻ വീഴാൻ സമ്മതിച്ചില്ല; ഒരു സ്ത്രീ, മജിസ്ട്രേട്ടിന്റെ ഭാര്യയായിരുന്നു,—ഓടി കയറിവന്നു് ഇട്ടിരുന്ന ആ നെക്ക്ലേസഴിച്ചു ചേച്ചിക്കു സമ്മാനിച്ചുകൊണ്ടു പറയുകയാണു്:

"ഇതുവച്ചു വല്ലതും കാച്ചിക്കുടിയ്ക്കു കുഞ്ഞേ"!—

നാടകം കഴിഞ്ഞു. നെക്ക്ലേസ് തിരിയെ കൊടുത്തപ്പോൾ ആ മഹതി വാങ്ങിയില്ല. എന്നാൽ ആ സമ്മാനാർഹൻ ഞാനാണെന്നു് പറഞ്ഞു് നെക്ക്ലേസ് ചേച്ചി എനിക്കുതന്നു. എനിക്കെന്തിനാണു് നെക്ക്ലേസ്. ചേച്ചിതന്നെയാണതിനർഹയെന്നു ഞാനതു മടക്കിക്കൊടുത്തു. എന്തുപറഞ്ഞാലും ചേച്ചി അതു മേടിക്കുകയില്ല. ഒടുവിൽ, ചേച്ചി പിരിഞ്ഞുപോകുന്ന വർഷമല്ലേ, കൊച്ചനുജന്റെ ഒരു സ്മരണയ്ക്കായിട്ടെങ്കിലും ചേച്ചി അതു സ്വീകരിക്കണം, ധരിക്കണം എന്നായി ഞാൻ. ചേച്ചി അവിടെ തോററു. നെക്ക്ലേസ് ചേച്ചി സ്വീകരിച്ചു. ആ നെക്ക്ലേസാണതു്! ചേച്ചി അതു് അനുജത്തിക്കു നൽകി. അതു് ഏററവും ഭൂഷണമാകുന്ന വ്യക്തിക്കു്!—

രവീന്ദ്രൻ പറഞ്ഞുനിർത്തി. ആനന്ദവികാരങ്ങളുടെ ഒരു ഘനീഭവിച്ച രൂപംപോലെ അമർന്നുപോയി, യുവതി; നിശ്ചലയായി, നിശ്ശബ്ദയായി!—

"ചേച്ചി ഇപ്പോൾ എവിടാ?—" അല്പനേരം കഴിഞ്ഞു രവീന്ദ്രൻ ചോദിച്ചു.

"വീട്ടിൽതന്നെയുണ്ടു്." യുവതിയുടെ സ്വരം ആകപ്പാടെ മാറിയിരുന്നു. വെള്ളത്തിന്റെ ഒഴുകിൽനിന്നും എണ്ണയുടെ ഒഴുക്കിലേക്കെന്നപോലെ മാന്ത്രികമായ ഒരു മാററം!

"വിവാഹം ചെയ്തിരിക്കുന്നതു്?—"

"ഒരു ടീച്ചറിനെ."

"കുട്ടികളെത്രയുണ്ടു്?—"

"ഒന്നു്. ഒരു പെൺകുട്ടി."

"ഇങ്ങനെയൊരനുജനെ അവർ മറന്നിരിക്കുമോ ആവോ?—"

"ഇല്ല. മറന്നിട്ടില്ല."

"എങ്ങനെയറിയാം?"

"ഇങ്ങനെയൊരു പാരിതോഷികം നൽകിയ ഒരാളെ ആർക്കാണു് മറക്കാൻ സാധിക്കുക? ചേച്ചിക്കു നൽകിയ ആ പാരിതോഷികത്തിനു പകരമൊരു പാരിതോഷികം നൽകാൻ ചേച്ചിയും ഇന്നാലോചിക്കുന്നുണ്ടു്."

"എനിക്കൊന്നും മനസ്സിലാകുന്നില്ല."

യുവതി ബാഗുതുറന്നു് ഒരു കത്തെടുത്തു് രവീന്ദ്രന്റെ കയ്യിൽ കൊടുത്തു.

"ഇതു വായിച്ചിട്ടു മനസ്സിലാകുമെന്നു നോക്കുക."

വിറയ്ക്കുന്ന കൈകളോടെ രവീന്ദ്രനതു നിവർത്തി വായിച്ചു.

എന്റെ പ്രിയപ്പെട്ട അനുജത്തീ,

നിന്റെ പരീക്ഷ ഇന്നുകൊണ്ടവസാനിച്ചല്ലോ? നല്ലോണം എഴുതിയിട്ടുണ്ടോ? ഏതായാലും ആ പരീക്ഷ മതിയാക്കി ജീവിതത്തിന്റെ പരീക്ഷ എഴുതാൻ നിന്നെ ഞാൻ ക്ഷണിക്കുന്നു.

അച്ഛനു ക്ഷീണകാലമായി. നിന്റെ വിവാഹം ഏററവും വേഗം നടത്തിക്കാണുവാൻ അച്ഛനാഗ്രഹിക്കുന്നു. അച്ഛൻ മാത്രമല്ല ഞാനുമിന്നാഗ്രഹിക്കുന്നു. അതിനു കാരണമുണ്ടു്. ഇന്നലെ പെൻഷൻ മേടിക്കാൻപോയ അച്ഛൻ വിചാരിച്ചിരിക്കാതെ മറെറാരച്ഛനേയുംകൊണ്ടു വീട്ടിലെത്തി. ആരുടെ അച്ഛനാണദ്ദേഹമെന്നും, എന്തിനാണു് ആ രണ്ടച്ഛന്മാരും ഒത്തുകൂടിയിരിക്കുന്നതെന്നും അറിഞ്ഞപ്പോൾ സന്തോഷംകൊണ്ടു് മതിമറന്നുപോയി!

ഒരു രവീന്ദ്രന്റെ അച്ഛനാണദ്ദേഹം! വന്നതു് ഒരാലോചനയ്ക്കും!

രജനീ, ആ ഇന്ദ്രൻ ആരാണെന്നറിയാമോ? അവിടെത്തന്നെ പഠിക്കുകയാണു്, സീനിയർ ബി. ഏ. യ്ക്കു്. നമ്മുടെ നാട്ടുകാരനുംതന്നെ. അദ്ദേഹത്തിന്റെ പാരിതോഷികമാണു്, ഞാനൊരമൂല്യനിധിയായി സൂക്ഷിച്ചിരുന്നതും, നീ ഇന്നു കഴുത്തിലണിഞ്ഞിരിക്കുന്നതുമായ ആ നെക്ക്ലേസ്. എനിക്കതു ലഭിച്ച ചരിത്രം നിനക്കുതന്നെയറിയാം. അന്നു് ആ അഭിനയംകണ്ടു കണ്ണീർവാർത്ത സദസ്യരുടെ കൂട്ടത്തിൽ ഏഴെട്ടുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന നീയും ഉൾപ്പെട്ടിരുന്നല്ലോ. അദ്ദേഹത്തിന്റെ അന്നത്തെ ആ ചേച്ചിവിളി ഇന്നുമെന്റെ ചെവിയിൽ ശംഖനാദംപോലെ മുഴങ്ങുന്നു.

ജീവിതം ഇത്രടം കണ്ടിട്ടാണോ എന്തോ നീ ആ നെക്ക്ലേസ് അന്നേ ആശിച്ചാശിച്ചു ചോദിക്കുകയും ഞാനതു ഏററവും സന്തോഷപൂർവ്വം തരുകയുംചെയ്തു. ഏതായാലും എനിക്കാപാരിതോഷികംതന്ന എന്റെ ആ കൊച്ചനുജനു് ഒരു പാരിതോഷികം പകരം കൊടുക്കാൻ ഞാനാഗ്രഹിക്കുന്നു, എന്റെ മറെറാരമൂല്യനിധിയെ!—എന്റെ കൊച്ചനുജത്തിയെ! രജനി വിസമ്മതിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

വ്യാഴാഴ്ചയാണു് നിശ്ചയം വച്ചിരിക്കുന്നതു്. അന്നു രാവിലത്തെ എക്സ്പ്രസ്സിൽ നീ ഇങ്ങോട്ടു പോരണം. സ്നേഹിതകളോടും മററും യാത്രപറയാൻ നാളെ ഒരു ദിവസമുണ്ടല്ലോ? വ്യാഴാഴ്ചതന്നെ നീ വരണം. അന്നു രാവിലത്തെ എക്സ്പ്രസിനു ഞാൻ സ്റ്റേഷനിൽ കാത്തുനിൽക്കും. ആനന്ദവുംകൂടെ കാണും. അവൾക്കു നിന്നെ കാണാൻ ധൃതിയായി.

സ്വന്തം ചേച്ചി, രാധ.

---

# സമാധാനാഭ്യർത്ഥന

ഒരു മൂന്നാംമഹായുദ്ധത്തിന്റെ സംരംഭം അണിയറയിൽ നടന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ മനുഷ്യരാശിക്കു പൊതുവേ വിപൽക്കരമായ ആ അത്യാഹിതം എങ്ങിനെയും ഒഴിവാക്കേണ്ടതു് സമാധാനപ്രിയരായ മനുഷ്യസ്നേഹികളുടെ കടമയാണു്. സാമ്രാജ്യത്വത്തിനുവേണ്ടി ഏതുവിധത്തിലുള്ള ക്രൂരതകളുമനുഷ്ഠിക്കുവാൻ യാതൊരു മടിയുമില്ലാത്ത ഗവണ്മെന്റുകളെയും യുദ്ധപ്രിയന്മാരായ നേതാക്കന്മാരെയും അവരുടെ സംരംഭത്തിൽനിന്ന പിൻതിരിപ്പിക്കുവാൻ ഐക്യരാഷ്ട്രസംഘടനയ്ക്കു് എത്രമാത്രം കഴിവുണ്ടെന്നുള്ള സംഗതി ഇതേവരെയുള്ള അതിന്റെ പ്രവർത്തനചരിത്രംകൊണ്ടുതന്നെ തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. ലോകമാസകലമുള്ള മനുഷ്യരാശിയുടെ ഏകകണ്ഠമായ അഭിപ്രായത്തെ അനാദരിക്കുവാൻ ഏതെങ്കിലും ശക്തിക്കു കഴിയുകയില്ലെന്ന വിശ്വാസം തെററാകുവാനിടയില്ല. സ്റ്റോക്ക്ഹോം സമാധാനാഭ്യർത്ഥനയിൽ ലോകത്തിന്റെ എല്ലാഭാഗത്തുനിന്നും സമാധാനപ്രിയരായ മനുഷ്യസ്നേഹികൾ ഇതിനകം ഒപ്പുവച്ചുകഴിഞ്ഞിട്ടുണ്ടു്. ആററംബാംബു് നിരോധിക്കണമെന്നതാണു് സമാധാനാഭ്യർത്ഥനയിൽ പ്രധാനമായി ഉദ്ദേശിക്കുന്നതെങ്കിലും എല്ലാവിധ മാരകായുധങ്ങളും കുറവുചെയ്യുവാനും സൈനികസജ്ജീകരണങ്ങൾതന്നെ ഗണ്യമായതോതിൽ കുറവുവരുത്തുവാനും വാഴ്സായിലെ സമാധാനസമ്മേളനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടു്. അമേരിക്കാ അണുബാംബുനിർമ്മാണം ത്വരിപ്പിച്ചുകൊണ്ടിരിക്കുന്നതായി നവംബർ 29-ാംതീയതിയിലത്തെ വാഷിംഗ്ടൺ വാർത്തയിൽ പറയുന്നു. എത്രയോ ആയിരം മനുഷ്യരേയും മനുഷ്യരാശിയുടെ അതേവരെയുള്ള പ്രയത്നശക്തികളുടെ പ്രത്യക്ഷഫലങ്ങളെയും വെണ്ണീറാക്കിക്കൊണ്ടു് ഭൂമണ്ഡലത്തിൽ അഗ്നിപ്രളയം സൃഷ്ടിക്കുന്ന ഈ മാരകായുധം ഏതുരാജ്യം ആർക്കെതിരായി പ്രയോഗിച്ചാലും അതു കുററകരമായിക്കണ്ടതാണു്. താഴെക്കൊടുക്കുന്ന സമാധാനാഭ്യർത്ഥനയിൽ ഒപ്പുവച്ചു്, കഴിവുള്ളത്ര ഒപ്പുകൾ ശേഖരിച്ചു്, അയച്ചുകൊടുക്കുക. ലോകത്തിന്റെ ശബ്ദം വിലമതിക്കപ്പെടാതിരിക്കയില്ല.

## PEACE APPEAL

We Demand the absolute banning of the atomic weapon, an arm of terror and mass extermination of populations.

We Demand the establishment of strict internationa' control to ensure the implimentation of this ban.

We Consider that the first government henceforth to use the atomic weapon against any country whosoever will be committing a crime against bumanity and should be treated us a war criminal.

We Call on all people of goodwill throughout the world to sign this appeal.

Name ....................................................................

Address ...............................................................

ഇതു് ഒപ്പിട്ടു Secretary, All India Peace Committee 48, Benham Hall Lane, Girgaum Bombay 4 എന്ന മേൽവിലാസത്തിലാണു് അയയ്ക്കേണ്ടതു്.

---


## നിങ്ങളുടെ ഇരുണ്ട തൊലിയെ വെളുപ്പിക്കുക

അമേരിക്കയിലേയും മററു യൂറോപ്യൻ രാജ്യങ്ങളിലേയും ശാസ്ത്രീയമായി കണ്ടുപിടുത്തങ്ങൾക്കു നന്ദനം പറയത്തക്ക രീതിയിലെ ശാസ്ത്രജ്ഞന്മാർ, ... ഏററവും അത്ഭുതാവഹമായ കണ്ടുപിടുത്തമാകുന്നു 'ഹൂർക്രീം'. ഇതു് ഇരുണ്ട തൊലിയെ വെളുപ്പിക്കുകയും ... ലാർദ്ദവം നൽകുകയും, മുഖക്കുരു, കറുപ്പുകൾ, പാടുകൾ, ഇവയെ നീക്കംചെയ്യുകയും ചെയ്യുന്നു. ഇതു് 24 മണിക്കൂറിനുള്ളിൽ ഫലം നൽകുന്ന പരിമള സുഗന്ധിയാണു്.

വല വലിയസൈസ് ക: 5

ചെറിയ സൈസ് ക: 3.

പോസ്റ്റേജ് 12 ണ. വേറെ.

എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽ മാത്രം.

American Trading Corporation (M. O.)

Pull Bangash, Delhi.






## ബംഗാൾ ബൾബുകൾ

ഉപയോഗിപ്പിൻ

*Area Distributors for:*

Travancore-Cochin & Malabar.

SOUTH INDIA CORPORATION LTD.,

( സൌത്ത് ഇൻഡ്യാ കാർപ്പറേഷൻ ലിമിറ്റഡ് )

Broadway, ERNAKULAM.



# സദാനന്ദവൈദ്യശാല

H. O. സദാനന്ദപുരം. കൊട്ടാരക്കര P. O.

ശാഖകൾ:—അടൂർ, അഞ്ചൽ, ആലപ്പുഴ, എടത്വാ, എറണാകുളം, കല്ലട, കുണ്ടറ, കുന്നിക്കോടു്, കഴിത്തുറ, കരുനാഗപ്പള്ളി, കൊട്ടമൺ, കൊട്ടാരക്കര, കൊല്ലം, ചടയമംഗലം, ചെങ്ങന്നൂർ, ചേർത്തല, തക്കല, തട്ട, തിരുവനന്തപുരം, തിരുവല്ല, നാഗർകോവിൽ, നാട്ടുകുളങ്ങര, നെടുമ്പ്രം, പത്തനംതിട്ട, പന്തളം, പുനലൂർ, പെരുമ്പാവൂർ, മന്നാർ, മാവേലിക്കര, മൂവാററുപുഴ, വയല etc.

ഏററവും പ്രചാരമുള്ള വാജീകരണസുധ, അഗസ്ത്യകല്പം, മേഹാന്തകരസം, മേഹഘ്നിവടി, അർശോങ്കുരഹരം, അർശോനിവാരണലേഹ്യം, സിദ്ധതൈലം തുടങ്ങിയ ഔഷധങ്ങൾ ഞങ്ങളുടെ ഹെഡാഫീസിലും ബ്രാഞ്ചുകളിലുമല്ലാതെ വേറെങ്ങും കിട്ടുന്നതല്ല.

ഏജൻറന്മാരെ ആവശ്യമുണ്ടു്. ഏജൻസിവ്യവസ്ഥകൾക്കും ക്യാററ്ലാഗിനും എഴുതുക:

THE SADANANDA AYURVEDIC MEDICINES & SOAPS LTD.,

A. O. Sadanandapuram. P. O. Kottarakara

# ഗ്രന്ഥവിചാരം

## ഗോപീവിലാസം

ഗ്രന്ഥകർത്താ
എം. എൻ. ഗോവിന്ദൻനായർ ബി. ഏ. ബി. എൽ.
നാഷനൽ ബുക്കസ്റ്റാൾ,
കളരിക്കൽബസാർ—കോട്ടയം.
വില രൂ: 1. അ: 4.

ഗോപി, എന്ന തൂലികനാമത്താൽ സുവിദിതനായ ശ്രീ: എം. എൻ. ഗോവിന്ദൻനായർ അതാതവസരങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങളാണ ഈ ഗ്രന്ഥത്തിലെ ഉള്ളടക്കം. ഈ ഗോപീവിലാസാന്തരീക്ഷത്തിൽ 27 നക്ഷത്രങ്ങളും ഒത്തുനിൽക്കുന്നുവെന്നുള്ളതാണ ഇതിൻെറ ഒരു മെച്ചം. അഥവാ ഇതിൽ ഒപ്പിച്ചിരിക്കുന്നുവെന്നുള്ളതാണ ഇതിൻെറ ഒരു വിശേഷം. നക്ഷത്രങ്ങളെ പൊതുവെ സ്ത്രീവകുപ്പിലാണ പെടുത്തിയിട്ടുള്ളതെങ്കിലും ജ്യോതിശ്ശാസ്ത്രകാരൻ അവയിൽ പലതിനും പുംസ്ഥാനംകൊടുക്കുകയാണല്ലോ ചെയ്തിട്ടുള്ളതു്. ശ്രീ: എം. എന്നും ഗോപിവിലാസലേഖനങ്ങളിലെ ഇരുപത്തേഴിൽ രണ്ടു കവിതകളെ ഇണക്കി വൈവിധ്യംവരുത്താതിരുന്നിട്ടില്ല.

മലയാളത്തിൽ ഏതാണ്ടു അവസിതപ്രായമായിരിക്കുന്ന നമ്മബോധത്തിനു ഒരു ദീപനംനൽകയാണ ഈ ഗ്രന്ഥം. സററയർ, എന്നു ഇംഗ്ലീഷിൽ പറയുന്ന ആക്ഷേപഹാസ്യവും മലയാളികളുടെ ഫലിതവുംതമ്മിൽ മൌലികമായ ചില പ്രഭേദങ്ങളുണ്ടു്. ഉരശിയടിയെന്നും കളിയാക്കൽ എന്നും സാഹിത്യപ്രസിദ്ധി ലഭിച്ചിട്ടുള്ള നാമങ്ങളിലല്ലെങ്കിലും ജനകീയസമ്മതി വേണ്ടുവോളമാജ്ജിച്ചനിലയിൽ പെരുമാറിവന്ന നമ്മുടെ ഫലിതം ചിരിക്കാനുള്ള വകനൽകുന്ന നേരംപോക്കിൽ കവിഞ്ഞൊന്നും കടന്നുപോയിരുന്നില്ല. എന്നാൽ നമ്മുടെ ഇന്നത്തെ വിനോദശീലം അത്തരത്തിലല്ല, അതിൻെറ ശുദ്ധസ്വഭാവം തീരെ മാറിപ്പോയിരിക്കുന്നു. ശ്രീ: എം. എന്നെപ്പോലെ അപൂർവ്വം ചില വ്യക്തികൾ ഫലിതത്തെ അതിൻെറ രസപ്രകർഷത്തോടുകൂടി കൈമാറാൻ തുടങ്ങിയിട്ടുണ്ടെന്നുള്ളതു നമുക്കാശ്വാസമരുളുന്ന ഒരു വസ്തുതയാണു്.

പാരൊഡി, എന്നുപറയുന്ന ഹാസ്യാനുകരണത്തിലാണ ഗോപി തികച്ചും വിജയിച്ചിട്ടുള്ളതു്. പ്രസിദ്ധനായ സീതാരാമൻ സാഹിത്യപഞ്ചാനനൻെറ ശ്ലോകങ്ങളെ അനുകരിച്ചിരിക്കുന്നതിൽ എങ്ങനെ സവിശേഷത നേടിയിരിക്കുന്നുവോ അതുപോലെയുള്ള ഒരു അനുഭൂതി ശ്രീ: ഏ. ബാലകൃഷ്ണപിള്ളയെക്കൊണ്ടു ഗോപിയും നേടിത്തരുന്നുണ്ടു്. സി. എൻ. രാമയ്യാശാസ്ത്രി, ടി. കെ. ജോസഫ് തുടങ്ങിയ പലരെയും തനിനിറം വരുത്താൻ ഗ്രന്ഥകർത്താവിനു നിഷ്പ്രയാസംകഴിഞ്ഞിട്ടുണ്ടെങ്കിലും നമ്മെ കൂടുതലും വിസ്മേരമാക്കിച്ചെയ്യുന്നതു് നിക്കോളാവു സോഡോമിസ്കിയുടെ കാസ്സൻസ്കം എന്ന കഥാപാത്രം എന്ന രീതിയിലായിപ്പോയിരിക്കുന്ന ശ്രീ ഏ. ബാലകൃഷ്ണപിള്ളയുടെ ഇന്നത്തെ രചനാവൃത്തിതന്നെയായിരിക്കും.

പൊൻകുന്നംനാട്ടിലെകുഞ്ഞുവക്കി
ചെറുകഥക്കാരനാംകുഞ്ഞുവക്കി
വരയൊക്കംമീശവാൻ കുഞ്ഞുവക്കി.

എന്നിങ്ങനെ വടക്കൻപാട്ടിൻെറ പഴമയിൽനിന്നു പുതുമയെപ്പുൽകിത്തിരളുന്ന ഗോപിയുടെ കവിത വാസ്തവഭാസുരമാകുന്നുണ്ടെന്നുതന്നെ പറയണം. ഒരുൽകൃഷ്ടവിദ്യാസമ്പന്നനുചിതമായ വിദഗ്ദ്ധതയോടും വിശുദ്ധതയോടുംകൂടി ചെയ്തിരിക്കുന്ന ഫലിതപ്രയോഗത്തിൽ പിഴച്ചീലേതുമൊരടവെന്നു പറയുന്നതിനും സന്തോഷമുണ്ടു്. എന്നാൽ പ്രൗഢോചിതമായ പന്ഥാവിൽനിന്നു് ജനകീയപിൻതുണ ലഭിക്കുന്നതിനുവേണ്ടി ചില നിരങ്ങലുകളും ഇതിൽ ഇല്ലാതില്ല. പരവൂർ ശങ്കരപ്പിള്ള വിദൂഷകൻവേഷം കെട്ടിയകാലത്തു് കേട്ടിട്ടുള്ളതുപോലെ ഇരിക്കുന്ന ഒരു മംഗളപത്രം ഈ ഗോപീവിലാസപംക്തിയിൽ സ്ഥലം പിടിച്ചുകാണുന്നുണ്ടു്. സുപ്രസിദ്ധനായ ഇ. വി. മീററിംഗ്രൂപ്പുകാരെ തൊലിപൊളിച്ച പുണ്യാഹക്രിയ നടത്തിയ കൈമിടുക്കു് ശ്രീ: എം. എൻ് കൈവന്നുകാണുന്നില്ല എന്നു പറയുന്നതിൽ അദ്ദേഹം പരിഭവിക്കണമെന്നില്ല. തിരുവനന്തപുരം ജാഥാ, ജാഥയ്ക്കുശേഷം എന്ന രണ്ടു ലേഖനങ്ങളിലും ആധുനികപ്രമേയമാണു് കൈകാര്യംചെയ്യുന്നതെങ്കിലും രസപുഷ്ടമായി ഭവിച്ചിട്ടില്ല. പുരോഗമനസംഗീതം അഭിനവമായ ഭാവനയെ അഭിനന്ദനീയമായവിധം പ്രസരിക്കുന്ന ഒരു പ്രതിപാദനമാണു്. അതുപോലെതന്നെ ഗ്രന്ഥകർത്താവിൻെറ കോടതിജീവിതത്തിൽനിന്നു ഉടലെടുത്തിട്ടുള്ള സാക്ഷിയും ഇന്നു് ഒരുപത്രവക്കീലിയായിത്തീന്നിട്ടുള്ള, ഞാൻ പറഞ്ഞില്ലേ, പറഞ്ഞതു മനസ്സിലായോ എന്നീ ക്രമത്തിൽ പോകുന്ന വിചിത്രസൃഷ്ടികളെ വെളിച്ചത്തുകൊണ്ടുവരുന്നതിൽ പ്രദർശിപ്പിക്കുന്ന അനുഭവവിജ്ഞാനതയും. അവ അദ്ദേഹത്തിൻെറ നമ്മബോധത്തിനു മതിയായ സാക്ഷ്യംനൽകുന്നവയായിട്ടുണ്ടു്. ഇന്നത്തെ സിനിമാലേഖകന്മാരുടെ കെട്ടും മട്ടുമൊപ്പിച്ചുള്ള വിചിത്രസൃഷ്ടിയും വിശേഷമാകുന്നുണ്ടു്. അയത്നലളിതമായ രചനാവൃത്തിയും അനുഭവങ്ങളെ പ്രത്യക്ഷമാക്കുന്നതിലുള്ള പ്രതിപാദനകുശലതയും സർവ്വോപരി അശ്ലീലപ്രചുരിമകൂടാതെയുള്ള രസികാവിഷ്കരണപ്രവണതയും ഈ ഗ്രന്ഥത്തിൻെറ വൈശിഷ്ട്യങ്ങളായി പരിഗണിക്കാം.

സി. എം. പി.

—o—

## തിരമാല

ശ്രീ: ശങ്കരഗണകൻ, പുത്തൻകാവു മാത്തൻതരകൻ തുടങ്ങിയവരുടെ പത്രാധിപത്യത്തിൽ ചെങ്ങന്നൂർനിന്നു് പുറപ്പെട്ടുതുടങ്ങിയിരിക്കുന്ന ഈ ആഴ്ചപ്പതിപ്പിൽ വിജ്ഞാനത്തിനും വിനോദത്തിനും വകനൽകുന്ന ഗദ്യപദ്യലേഖനങ്ങളുണ്ടു്. ഇരുപതുപേജ്. രണ്ടണ വില.

—o—

## ടോക്കിസിനിമാ

"ചലച്ചിത്രകലയുടെ ഉദ്ധാരണത്തിനുവേണ്ടി പരിശ്രമിക്കുവാനും കലാകാരന്മാക്കൊക്കെ താങ്ങും തണലുമായി നിൽക്കുവാനും" നിശ്ചയിച്ചുകൊണ്ടു് മി: പി. ഏ. തോമസ്സിൻെറ പത്രാധിപത്യത്തിൽ കൊച്ചിയിൽനിന്നു് ആരംഭിച്ചിട്ടുള്ള ഒരു സിനിമാമാസികയാണു് ടോക്കിസിനിമ. സിനിമാമാസിക, സാധാരണങ്ങളായ എല്ലാ പംക്തികളും പുതിയ ഗാനങ്ങളും ചെറുകഥകളും ഇതിൻെറ ഉള്ളടക്കത്തിൽ പെടുന്നു. ആർട്ടുപ്ലേററുകളും ആകർഷകമായ മുഖചിത്രവും ഉൾപ്പെടെ നാല്പത്തിരണ്ടുപേജുള്ള ഈ പ്രസിദ്ധീകരണത്തിനു് നാലണയാണു് വില.

—o—

(മൂന്നാംപേജിൽനിന്നു തുടർച്ച)

ക്ക സാഹചര്യമദ്ദേഹം സൃഷ്ടിച്ചു. എല്ലാ സ്റ്റേററുകളിലും ഈ തീരുമാനം നടപ്പിലാക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിരിക്കെ, 1948 ജനുവരിയിൽ അദ്ദേഹം മന്ത്രിപദം രാജിവച്ചു. അദ്ദേഹത്തിൻെറ പിൻഗാമിയുടെ നയം കൺട്രോളിനനുകൂലമായിരുന്നതുകൊണ്ടു് ഏതാനും മാസത്തിനുള്ളിൽ വീണ്ടും കൺട്രോൾ സമ്പ്രദായം ബലപ്പെട്ടു. ഏതായാലും രാജേന്ദ്രപ്രസാദ് ഭക്ഷ്യമന്ത്രിസ്ഥാനം തുടന്നിരുന്നെങ്കിൽ ഈ പലായനനയം കൈക്കൊള്ളുമായിരുന്നില്ല.

മന്ത്രിയായിരുന്നപ്പോൾ കൃഷിക്കാര്യങ്ങളിൽ വലുതായൊന്നും പ്രവത്തിക്കുവാനദ്ദേഹത്തിനവസരം ലഭിച്ചിരുന്നില്ല. അതു് കുറ്റതലും അദ്ദേഹത്തിൻെറ ദൗർബ്ബല്യംമൂലമാണു്. ക്ഷിപ്രഫലമുണ്ടാകത്തക്കവിധം യാതൊന്നും ചെയ്യുവാനനുകൂലമായതായിരുന്നില്ല ഔദ്യോഗികനടപടിക്രമങ്ങളെ അദ്ദേഹമറിഞ്ഞിരുന്നുവെങ്കിലും അവയെ മാററുവാനോ അതിലംഘിക്കുവാനോ അദ്ദേഹത്തിനു ശക്തിയുണ്ടായിരുന്നില്ല. കൃഷികാര്യവകുപ്പിലെ ഉദ്യോഗസ്ഥന്മാർ കടലാസ്സില്ലാതെ പ്രവൃത്തിയിൽ യാതൊന്നും ചെയ്തിരുന്നില്ല. ഭക്ഷ്യവികസനത്തിനുപകരം അവർ നടത്തിയിരുന്ന ഫയൽവികസനം ഡാ: രാജേന്ദ്രപ്രസാദ് നിസ്സഹായനെപ്പോലെ നോക്കിക്കൊണ്ടിരുന്നതേയുള്ളു. മന്ത്രിസഭയ്ക്കുതന്നെ ഒരു സമൂലപരിവത്തനം ആവശ്യമായിരുന്നു. മേശയ്ക്കു മുന്നിലിരുന്നു കടലാസ്സുമായി ഇടപഴകുന്ന ഉദ്യോഗസ്ഥന്മാക്കുപകരം രംഗത്തിറങ്ങി പ്രവത്തിക്കുന്ന പ്രയത്നശാലികളെയായിരുന്നു ആവശ്യം. ഇതിനു സെക്രട്ടേറിയററുതന്നെ ഉടച്ചു വാത്തേ മതിയാകുമായിരുന്നുള്ളു. അതിനു് ഒരു മന്ത്രിമാത്രം വിചാരിച്ചാൽ മതിയാകുമായിരുന്നുമില്ല. സ്വയം പ്രവത്തനൌൽസുക്യമുണ്ടായിരുന്നതല്ലാതെ മററുള്ളവരെക്കൊണ്ടു് പ്രവത്തിപ്പിക്കുവാനദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. കാൺഗ്രസ്സുവഴിയായി ദുരിതാശ്വാസപ്രയത്നങ്ങൾ ഏററവും വിജയകരമായി നടത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതു് അദ്ദേഹത്തിൻെറ വ്യക്തിപരമായ കഴിവും പ്രവത്തനശേഷിയുംകൊണ്ടാണു്. എന്നാൽ ഇന്ത്യാഗവമ്മെൻറിൻെറ കാര്യത്തിൽ അങ്ങനെയല്ല. മന്ത്രിയുടെ എല്ലാപ്രവത്തനശേഷിയും ഊർജ്ജസ്വലതയും സെക്രട്ടറിയുടെ ഫയലിനുള്ളിലാക്കിക്കളയത്തക്ക നിയമങ്ങളും ചട്ടങ്ങളുമാണു് അവിടെ സൃഷ്ടിച്ചുവച്ചിട്ടുള്ളതു്.

അദ്ദേഹം കാൺസ്റ്റിറ്റ്യുവൻറസംബ്ലി അധ്യക്ഷനായതു് ഇന്ത്യയ്ക്കൊരു വലിയ അനുഗ്രഹമായി. വാദപ്രതിവാദങ്ങളിൽ പങ്കെടുക്കാതെതന്നെ പിൻതലത്തിലിരുന്നുകൊണ്ടുള്ള അദ്ദേഹത്തിൻെറ ഉപദേശങ്ങൾ ഭരണഘടനാരൂപീകരണത്തിനു് അത്യധികം സഹായകമായിട്ടുണ്ടു്. തനിക്കു് സംശയമുള്ളപ്പോഴെല്ലാം തന്നെ ഇന്ത്യയിലെ ഭരണഘടനാപണ്ഡിതനായ മി ബി. എൻ റാവു അദ്ദേഹത്തോടു സംശയം ചോദിക്കുക പതിവായിരുന്നു. അസംബ്ളിയുടെ നടത്തിപ്പിനായി തൻെറ സമയത്തിലധികംഭാഗവും അദ്ദേഹം വിനിയോഗിച്ചു. ഇന്ത്യൻഭരണഘടന അദ്ദേഹത്തിൻെറ പാണ്ഡിത്യത്തിൻെറയും ക്ഷമാശക്തിയുടെയും നിത്യസ്മാരകമാണു്.

ബാബുരാജേന്ദ്രപ്രസാദ് ഒരു നിയമപണ്ഡിതനാണു്. വിഭജനകൗൺസിലിൽ മുസ്‌ലിംലീഗിനെ മി: ജിന്നാ പ്രതിനിധീകരിച്ചപ്പോൾ കാൺഗ്രസ്സിൻെറ പ്രതിനിധിയായി ഡാ: രാജേന്ദ്രപ്രസാദിനെയാണു് തെരഞ്ഞെടുത്തതു്. വിഭജനകൗൺസിലിൻെറ നടപടികളെല്ലാം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും ഡാ: രാജേന്ദ്രപ്രസാദ് നിയമപാണ്ഡിത്യത്തിൽ മി. ജിന്നായെക്കാൾ തലയുയത്തി നിന്നിരുന്നുവെന്നവസ്ഥയും അദ്ദേഹത്തിൻെറ ഭേദഗതികൾ മാത്രമാണു് കൗൺസിലിൽ എപ്പോഴും അംഗീകരിച്ചിരുന്നതെന്ന സംഗതിയും വ്യക്തമാകുന്നതാണു്.

റിപ്പബ്ളിക്കിൻെറ ആദ്യത്തെ പ്രസിഡൻറായി അദ്ദേഹത്തെ തിരഞ്ഞെടുത്തതിൽനിന്നുതന്നെ അദ്ദേഹത്തോടു് ഈ രാജ്യം എത്രമാത്രം സ്നേഹവും ബഹുമാനവും പ്രകടിപ്പിക്കുന്നുണ്ടെന്ന പരമാത്ഥം വ്യക്തമാകുന്നു. പ്രധാനമന്ത്രി രാജാജിയെ തെരഞ്ഞെടുക്കുവാൻ താല്പര്യംകാണിച്ചതും ഡെപ്യൂട്ടിപ്രധാനമന്ത്രിതന്നെ രാജേന്ദ്രപ്രസാദിനു് അനുകൂലമല്ലാതിരുന്നതും ഇനി രഹസ്യങ്ങളല്ല, എങ്കിലും അസംബ്ളിയിൽ അദ്ദേഹത്തിനനുകൂലമായ അഭിപ്രായം ഏകകണ്ഠമായിരുന്നതുകൊണ്ടു് അതിനെതിരായി നിൽക്കുന്നതു നിഷ്ഫലമാണെന്നു് ഡെപ്യൂട്ടിപ്രധാനമന്ത്രി മനസ്സിലാക്കി. അദ്ദേഹം മാതൃകാപുരുഷനായ ഒരു പ്രസിഡൻറാണു്. എന്തെന്നാൽ സ്വാതന്ത്ര്യവും നിഷ്പക്ഷവുമായ അഭിപ്രായം നിർഭയം പുറപ്പെടുവിക്കുവാനും ഏതു കാര്യത്തിലും മന്ത്രിമാരെ ഉപദേശിക്കുവാനും അദ്ദേഹത്തിനു കഴിവുണ്ടു്. എന്നാൽ അദ്ദേഹത്തിൻെറ നിർദ്ദേശത്തിനെതിരായി പ്രവത്തിക്കുന്നപക്ഷം അതിനെ എതിരിടാൻ അദ്ദേഹത്തിൻെറ ദൗർബല്യത്തിനു് കഴിവില്ലതാനും. പ്രസിഡൻറും മന്ത്രിസഭയുംതമ്മിൽ യാതൊരു അഭിപ്രായസംഘട്ടനവുമില്ല. മന്ത്രിമാർ അദ്ദേഹത്തിൻെറ ഉപദേശം ആരായുവാൻ നിർബന്ധിതരാകത്തക്കവിധം പ്രഗത്ഭമാണദ്ദേഹത്തിൻെറ വ്യക്തിപ്രഭാവം.

എൻ. പി. എസ്.





(രണ്ടാംപേജിൽനിന്നു തുടർച്ച)

ഴ്കൈ' എന്ന തമിഴ്ചിത്രം ഹിന്ദിയിൽ (ബഹാർ) നിർമ്മിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണല്ലോ. ഈ ചിത്രത്തിൽ അഭിനയിക്കുന്നതിന് ഓംപ്രകാശ്, ആഗാജാൻ, ബേബിതബസ്സ്, എന്നീതാരങ്ങൾ ബോംബെയിൽനിന്ന് താമസിയാതെ മദ്രാസ്സിൽ എത്തിച്ചേരുന്നതാണ്. ചിത്രത്തിലെ സംഭാഷണങ്ങളും ഗാനങ്ങളും രചിക്കുന്നതിന് രാജേന്ദ്രകൃഷ്ണായ്ക്കു 35000 രൂപാ പ്രതിഫലം നൽകാമെന്ന് മെയ്യപ്പൻ ചെട്ടിയാർ സമ്മതിച്ചിട്ടുമുണ്ട്.

* * *

മദ്രാസിലെ ഹിന്ദിപ്രചാരസഭയുടെ കെട്ടിടനിർമ്മാണത്തിനു ധനശേഖരാർത്ഥം മൈലാപ്പൂരിൽ ഹിന്ദി നാടകമണ്ഡലി "ഏക്താ" എന്ന ഹിന്ദിയും "ഡാക്ടർ ശിവറാം" എന്ന തമിഴ്നാടകവും ആർ. ആർ. സഭാഹാളിൽവച്ചു ഭംഗിയായി അഭിനയിച്ചിരിക്കുന്നു.

* * * *

"നാല്പത്തിരണ്ട്" എന്ന ചലച്ചിത്രത്തിന്റെ ഡയറക്ടറായ ഹെമൻഗുപ്തായും ന്യൂതീയേറ്റേഴ്സിലെ ഡയറക്ടറായ ബിമൽറായിയും കൽക്കട്ടായിൽനിന്നു ബോംബെയിൽ എത്തി സ്ഥിരതാമസംതുടങ്ങിയിരിക്കുകയാണല്ലോ. ഇതിനെത്തുടർന്നു ചില ബങ്കാളിതാരങ്ങളും ബോംബെയിലേക്കു കുടിയേറിപ്പാർക്കുന്നതിനു ആലോചിച്ചുകൊണ്ടിരിക്കുന്നു.

* * * *

അമേരിക്കയുടേയും ഇംഗ്ലണ്ടിന്റേയും ചലച്ചിത്രങ്ങൾ ഇന്ത്യയിൽ [illegible]ിട്ടു, അവിടെനിന്നും പാകിസ്ഥാനിലേക്കു അ[illegible]ച്ചുകൊടുക്കുന്ന വിതരണസമ്പ്രദായമായിരുന്നു [illegible] വിദേശചിത്രങ്ങളെ സംബന്ധിച്ചു ഇതേവരെ നിലവിലിരുന്ന രീതി. പാകിസ്ഥാനു വിദേശചിത്രങ്ങളെ ഇറക്കുമതിചെയ്യേണ്ട ആവശ്യമുണ്ടെങ്കിൽ അതു നേരിട്ടു ആയിക്കൊള്ളണമെന്നു ഇപ്പോൾ ഇന്ത്യാഗവമ്മെന്റു അറിയിച്ചിരിക്കുന്നു.

* * * *

മെഹ്ബൂബ് നിർമ്മിച്ചുകൊണ്ടിരിക്കുന്ന "ആൻ" എന്ന ചിത്രം പൂർത്തിയായാലുടൻ "കളർപ്രോസസ്സ്" ശരിപ്പെടുത്തുന്നതിനു അമേരിക്കയിലേക്കു അയയ്ക്കുന്നതാണ്. ചിത്രം "കളർപ്രോസസ്സ്" ചെയ്തിട്ടു ഇന്ത്യയിലേക്കു മടക്കിഅയയ്ക്കുമ്പോൾ ഇറക്കുമതിച്ചുങ്കം ചുമത്താതിരിക്കുന്നതിനും മെഹ്ബൂബ് "റവന്യൂബോർഡിനോട്" അപേക്ഷിക്കുന്നതാണ്.

* * * *

അഞ്ചുചിത്രങ്ങൾ നിർമ്മിക്കുവാനുള്ള ഒരുക്കങ്ങളാണ് ഫിലിമിസ്ഥാൻ ചെയ്തുകൊണ്ടിരിക്കുന്നതു്. സംഗീതമയമെന്നുപറയപ്പെടാവുന്ന "സർഗ്ഗം" പ്രദർശനത്തിനു തയാറായിക്കഴിഞ്ഞു. അടുത്തു റിലീസ്ചെയ്യുന്ന ചിത്രം "ഷാബിസ്ഥനാണ്" സമരവീരരസപ്രധാനമായ ഒരു ചിത്രം ബങ്കിംചന്ദ്രചാറ്റർജിയുടെ "ആനന്ദമഠം" എന്നതാണ് അവർ നിർമ്മിക്കുന്ന മറ്റൊരു ചിത്രം. ജാൻസിറാണിയാണ് മറ്റൊരുചിത്രം. ജാൻസിറാണി സോറാബ് മോഡിനിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നതാണ്. ആരൊക്കെ പ്രസ്തുത ചിത്രം നിർമ്മിച്ചാലുംകൊള്ളാം താൻ ആ ചിത്രം നിർമ്മിക്കുവാൻ തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നുവെന്നാണ് മിനർവാമൂവിട്ടോൺ മേധാവിയായ സോറാബ്മോഡി പ്രസ്താവിച്ചിരിക്കുന്നതു്. അതിനുള്ള ഒരുക്കങ്ങളെല്ലാം തയ്യാറാക്കപ്പെട്ടുകഴിഞ്ഞതായും അദ്ദേഹം അവകാശപ്പെടുന്നു. "പുക്കാർ" "സിക്കന്ദർ" മുതലായ ചരിത്രപരമായ അനശ്വരചിത്രങ്ങൾ നിർമ്മിച്ചിട്ടുള്ള ദേഹമാണ് സോറാബ് മോഡി.

* * * *

ഇരുപത്തിഒന്നുവയസ്സ് പ്രായമുള്ള "യോലഞ്ജിബെററിബെസി" എന്ന ഗായകയുവതിയെ "മിസ്സ് അമേരിക്ക"യായി തിരഞ്ഞെടുത്തിരിക്കുന്നു. "യോലഞ്ജിബെററിബെസിയെപ്പോലെ സൗന്ദര്യമുള്ള ഒരു യുവതി ലോകത്തിൽ കാണുകയില്ലെന്നാണ് അമേരിക്കാക്കാരുടെ അഭിപ്രായം.

Printed and Published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.